# LAITY VOICE

Syro Malabar Major Archiepiscopal Church
Commission for Laity

AUGUST 2013
Volume: 4 No: 2







സീറോ മലബാർ സഭ അല്മായ കമ്മീഷൻ എന്റർപ്രണേഴ്സ് ഫോറം സഭ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യുന്നു. പി.എച്ച് കുര്യൻ ഐ.എ.എസ്, ബിഷപ് മാർ മാത്യു അറയ്ക്കൽ, ടി.കെ ജോസ് ഐ.എ.എസ്, എന്റർപ്രണേഴ്സ് ഫോറം കൺവീനർ ഡേവിസ് എടക്കളത്തൂർ, അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി സെബാസ്റ്റ്യൻ, സിബി വാണിയപ്പുരയ്ക്കൽ എന്നിവർ സമീപം.

# സഭാശുശ്രൂഷകളിൽ കൂടുതൽ അല്മായ പങ്കാളിത്തം വേണം:

## കർദിനാൾ മാർ ജോർജ് ആലഞ്ചേരി

കൊച്ചി: സഭയുടെ പ്രവർത്തനങ്ങളിൽ അല്മായ പങ്കാളിത്തം കൂടുതൽ ഉണ്ടാവേണ്ട കാലഘട്ടമാണിതെന്നു സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. സീറോ മലബാർ സഭ അല്മായ കമ്മീഷൻ എന്റർപ്രണേഴ്സ് ഫോറം സഭ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

വൈദികർക്കും സമർപ്പിതർക്കും ഒപ്പം ചേർന്നു ശുശ്രൂഷ ചെയ്യേണ്ടവരാണു അല്മായർ. ശുശ്രൂഷകളിൽ വ്യത്യാസങ്ങളുണ്ടെങ്കിലും ഓരോ സഭാംഗവും വിളിക്കപ്പെട്ടിരിക്കുന്നതു ഒരേ വിശുദ്ധിയിലേക്കാണ്. സഭയിൽ എല്ലാ വിശ്വാസികളും സമാനതയുള്ളവരാണ്. സാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക രംഗങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന സഭാംഗങ്ങൾ, സഭാനേതൃത്വത്തോടും സഭാസംവിധാനങ്ങളോടും കൂടുതൽ ചേർന്നു പ്രവർത്തിക്കേണ്ടതു കാലഘട്ടത്തിന്റെയും ആവശ്യമാണ്. ഓരോരുത്തരും ആയിരിക്കുന്ന മേഖലകളിൽ സഭാദൗത്യത്തിനു സാക്ഷ്യം വഹിക്കണം. സഭയുടെ വളർച്ചയ്ക്കായി വ്യവസായ, സംരംഭക മേഖലകളിലുള്ള വിശ്വാസികൾ പലരും വലിയ പിന്തുണ നൽകുന്നുണ്ട്. എല്ലാ ശുശ്രൂഷകളെയും സമന്വയിപ്പിച്ചു സഭയുടെയും സമൂഹത്തിന്റെയും വളർച്ചയ്ക്കായി മുഴുവൻ വിശ്വാസികളും ഒരുമിച്ചു മുന്നേറണമെന്നും കർദിനാൾ ഓർമിപ്പിച്ചു.

അല്മായ കമ്മീഷൻ ചെയർമാൻ ബിഷപ് മാർ മാത്യു അറയ്ക്കൽ അധ്യക്ഷത വഹിച്ചു. വാണിജ്യ, വ്യവസായ രംഗങ്ങളിലുള്ള സഭാംഗങ്ങൾ സഭയ്ക്കു നൽകുന്ന പിന്തുണ വിലപ്പെട്ടതാണെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു.

തുടർന്നു നടന്ന എന്റർപ്രണേഴ്സ് കോൺഫറൻസിൽ സംസ്ഥാന ഐടി പ്രിൻസിപ്പൽ സെക്രട്ടറി പി.എച്ച് കുര്യൻ ഐ.എ.എസ്., നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ ജോസ് ഐ.എ.എസ്, അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി. സെബാസ്റ്റ്യൻ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. പൊതുചർച്ചയിൽ എന്റർപ്രണേഴ്സ് ഫോറം കൺവീനർ ഡേവിസ് എടക്കുളത്തൂർ മോഡറേറ്ററായി.

ആഗോളതലത്തിലുള്ള വ്യവസായ, സംരംഭക സാധ്യതകൾ, അന്തർദേശീയ കാർഷിക കുടിയേറ്റങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം, ടൂറിസം, മാധ്യമം, ഐടി രംഗങ്ങളിലുള്ള അവസരങ്ങൾ എന്നീ വിഷയങ്ങളിൽ കെ.വി തോമസ്, സേവ്യർ തോമസ് കൊണ്ടോടി, നോബിൾ കെ. ജോൺ, കെ.എ ഏബ്രഹാം, ജെയിംസ് ജോസഫ്, ഷെവലിയർ സിബി വാണിയപ്പുരയ്ക്കൽ എന്നിവർ പ്രസംഗിച്ചു.

കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലും വിദേശത്തുമുള്ള സഭാംഗങ്ങളായ വ്യവസായികൾ, ബിസിനസ് മേഖലയിൽ പ്രവർത്തിക്കുന്നവർ, സംരംഭകർ, ധനകാര്യവിദഗ്ധർ തുടങ്ങിയവർ കോൺഫറൻസിൽ പങ്കെടുത്തു.



എന്റർപ്രണേഴ്സ് ഫോറം ഉദ്ഘാടനം
**ഇവിടെ** ക്ലിക് ചെയ്യുക


30 ലക്ഷം വിശ്വാസികൾ.... 6

അല്മായ മുന്നേറ്റം..... 12

വെന്തെരിഞ്ഞിട്ടും..... 18

## എഡിറ്റോറിയൽ

# “മാനിഷാദ” മണ്ണിലെ മനഃസാക്ഷി മരവിച്ചവരേ

# ഈ വെള്ളരിപ്രാവുകൾ പറന്നുയരട്ടെ



**ഷെ**ഫീക്ക് എന്ന അഞ്ചു വയസ്സുകാരനെ മൃതപ്രായനാക്കിയ കൊടുംക്രൂരത നമ്മുടെ മനസ്സിൽ നൊമ്പരങ്ങളുണർത്തുന്നു. ജന്മം നൽകിയ അമ്മ ഉപേക്ഷിച്ചു. പിതാവിന്റെയും രണ്ടാനമ്മയുടെയും നിരന്തര പീഢനങ്ങളേറ്റ് ജീവൻ അറ്റുപോകുന്ന ദയനീയ സ്ഥിതിയിൽ മഴയിൽ കുളിച്ചുകിടന്ന ഷെഫീക്കിന്റെ വേദനയിൽ പുളയുന്ന ചിത്രം മനസാക്ഷി മരവിക്കാത്ത ആരുടെയും ഹൃദയത്തിൽ നൊമ്പരമുണർത്തും. അന്തിക്കപ്പം കൊണ്ടുവരുന്ന അപ്പനെ നോക്കി ഉമ്മറപ്പടിയിൽ ഉറക്കമിളച്ചിരുന്ന പിഞ്ചുബാലനാണ് ഇരുമ്പുവടിയുടെ അടിയേറ്റ്, ചിതറിപ്പോയ അപ്പക്കഷണങ്ങൾ പോലെയായത്. കട്ടപ്പന സെന്റ് ജോൺസ് ആശുപത്രിയിലെ വെന്റിലേറ്ററിൽ ജീവനും മരണത്തിനുമിടയിൽ മല്ലടിച്ച ഷെഫീക്കിനായി ഹൃദയം നൊന്തു പ്രാർത്ഥിക്കാത്തവർ ആരുമുണ്ടാവില്ല. ഇടുക്കി ജില്ലയിലെ കുമളിയിൽ നടന്നത് ഒറ്റപ്പെട്ട സംഭവമല്ല. കേരളത്തിലുടനീളം കുട്ടികളോടുള്ള ക്രൂരതയുടെ ഒരാവർത്തനം മാത്രം.

കണ്ണൂരിൽ എട്ടുവയസ്സുകാരിയെ കാട്ടിലേയ്ക്ക് കൊണ്ടുപോയി പീഢിപ്പിച്ചതും, മുളങ്കുന്നത്തുകാവിൽ പ്രസവശേഷം കുട്ടിയെ ഉപേക്ഷിച്ച് അമ്മ കടന്നുകളഞ്ഞതും നാം മറന്നുവോ? 2013 ഏപ്രിൽ 23ന് ആറാം വയസിൽ അച്ഛന്റെയും രണ്ടാനമ്മയുടെയും പീഢനത്താൽ ദാരുണമായി കൊലചെയ്യപ്പെട്ട അതിദി എസ് നമ്പൂതിരി എന്ന കൊച്ചു ബാലികയുടെ തേങ്ങലുകൾ അന്തരീക്ഷ ത്തിലലിഞ്ഞു ചേർന്നുവോ? ശരീരത്താകമാനം 22 മുറിവുകളുമായി വയറ്റിൽ പതിനഞ്ചു ദിവസം മുമ്പുകഴിച്ച മാമ്പഴത്തിന്റെ അംശവുമായി അതിദിയുടെ ശ്വാസം നിലച്ചപ്പോൾ മലയാള മണ്ണിന്റെ നെഞ്ചുരുകിപ്പോയി.

ഇന്നിന്റെ പ്രഭാതങ്ങളിൽ സൂര്യനുദിച്ചുയരുമ്പോൾ കാതുകളിൽ വന്നലയ്ക്കന്നത് വാക്കുകൾ കൂട്ടിച്ചൊല്ലാൻ കഴിയാത്ത കുഞ്ഞുങ്ങളുടെ മരണവെപ്രാളത്തിന്റെ ദീനരോദനമായിരിക്കുന്നു. ഇടുക്കിയിൽ അന്ധവിശ്വാസത്തിന്റെ പേരിൽ കുട്ടിയെ നിലത്തടിച്ച് കൊലപ്പെടുത്താൻ ശ്രമിച്ചത് കംസന്റെ അവതാരങ്ങളെങ്കിൽ മൂന്നു വയസുകാരനെ നായയ്ക്കൊപ്പം തുടലിൽ പൂട്ടിയിട്ടതും, കൈപൊള്ളിച്ചതും, മദ്യലഹരിയിൽ 13 കാരിയെ മുത്തശ്ശി മണ്ണെണ്ണയൊഴിച്ചു തീകൊളുത്തി കൊലപ്പെടുത്തിയതും, ഒരു വയസുള്ള കുട്ടിയുടെ സ്വകാര്യഭാഗത്ത് ചൂടുവെള്ളം ഒഴിച്ചുപൊള്ളിച്ചതും സാക്ഷരതയുടെ നാട്ടിലാണെന്നോർക്കണം. ആലുവ പട്ടേരിപ്പുറത്ത് കുടിക്കുവാൻ വെള്ളം ചോദിച്ചെത്തിയ ഒൻപതുകാരന്റെ ചെവിക്കല്ല് അടിച്ചുപൊട്ടിച്ച സംഭവത്തെ നമുക്കെങ്ങനെ വിളിക്കാം? മലപ്പുറത്ത് ഭാര്യയേയും മക്കളേയും വെള്ളക്കെട്ടിൽ സ്കൂട്ടർ ഇറക്കി കൊലപ്പെടുത്തിയ ഷെരീഫും, അട്ടപ്പാടി ഷോളയൂരിൽ നവജാതശിശുവിനെ കൊന്നു കുഴിച്ചുമൂടിയ ഈശ്വരിയും, 2012 ഏപ്രിൽ നാലിന് നിലമ്പൂർ ചുള്ളിയോട് പൊന്നാങ്കല്ലിൽ എള്ളുപറമ്പ് മുരിക്കിൻകാടൻ സുഹ്റയുടെ മകൾ സൽവ എന്ന എട്ടുവയസ്സുകാരിയെ മദ്രസയിലേയ്ക്കു പോകുംവഴി പീഢിപ്പിച്ചു കൊന്ന് കുളിമുറിയിൽ തള്ളിയ നെല്ലിക്കുന്ന് പാലാമ്പറത്ത് അബ്ദുൾ നാസറും കൊടുംക്രൂരതയുടെ ആൾരൂപങ്ങളായി ഈ സമൂഹത്തിൽ നിവർന്നു നിൽക്കുന്നു.

തിരുവനന്തപുരത്തിനടുത്ത് കാട്ടാക്കടയിൽ ഭാര്യയെ മർദ്ദിച്ച് വീടിനുപുറത്താക്കി സ്വന്തം രക്തത്തിൽ പിറന്ന 17വയസുകാരി അജീനയേയും 14 വയസുകാരി ഹസീനയേയും നഗ്നരാക്കിയശേഷം സ്വയം നഗ്നനായി ഒന്നിച്ചു പീഢിപ്പിക്കാൻ ശ്രമിച്ച നരാധമനായ പിതാവ് അബ്ദുൾ റഫ്മാന്റെ ക്രൂരത എങ്ങനെ



**സർക്കാരും സംവിധാനങ്ങളും പരാജയപ്പെടുമ്പോൾ സഭ ഉണരും. ദൈവദികരും സന്യസ്തരും അല്മായരും കൈകോർക്കുമ്പോൾ ആശ്വാസത്തിന്റെ കിരണങ്ങൾ ചൊരിയും.**

നാം ഉൾക്കൊള്ളണം? പീഢനം എതിർത്ത മക്കളെ മണ്ണെണ്ണയൊഴിച്ച് തീകൊളുത്തി കൊലപ്പെടുത്തുവാൻ ശ്രമിച്ച ഇയാളെക്കാൾ എത്രയോ ഭേദമാണ് കാട്ടുചെന്നായ്ക്കൾ.

ഏഷ്യൻ സെന്റർ ഫോർ ഹ്യൂമൻ റിക്കാർഡ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം 2001 മുതൽ 2011 വരെ 48,338 പെൺകുഞ്ഞുങ്ങളാണ് ഭാരതത്തിൽ മാനഭംഗം ചെയ്യപ്പെട്ടത്. 23 കാരിയെ ബസിൽ മാനഭംഗപ്പെടുത്തി, വലിച്ചെറിഞ്ഞു കൊന്നിതിനു പിന്നാലെ 5 വയസുകാരിയെ അതിക്രൂരമായി പീഢിപ്പിച്ച് രാജ്യ തലസ്ഥാനം മൂകസാക്ഷിയാകുമ്പോൾ മറ്റു സംസ്ഥാനങ്ങളെ പഴിച്ച് നമുക്കും രക്ഷപെടാനാവില്ല. 2909 ശിശുമാനഭംഗങ്ങൾ രജിസ്റ്റർ ചെയ്ത ഡൽഹിക്കും 2776 കേസുകളുള്ള രാജസ്ഥാനും തൊട്ടുപിന്നിൽ 2101 കേസുകളുമായി സാക്ഷര കേരളവുമുണ്ടെന്ന് നാമോർക്കണം. ഔദ്യോഗിക കണക്കുകൾപ്പുറമുള്ളവ എത്രയോ മടങ്ങ്.

ഗിനിപ്പന്നികളുടെ നാടായി ഭാരതവും കേരളവും മാറിയിരിക്കുന്നു. രാജ്യത്തു മരുന്നുപരീക്ഷണത്തിന്റെ ഇരകളാക്കപ്പെട്ട് മരണമടഞ്ഞവരുടെ ഞെട്ടിപ്പിക്കുന്ന വിവരങ്ങൾ പുറത്തുവരുന്നു. 475-ൽപരം പുതിയ മരുന്നുകളാണ് ഇന്ത്യയിലെ കുട്ടികൾ ഉൾപ്പെടെയുള്ളവരിൽ പരീക്ഷിച്ചിരിക്കുന്നത്. കേന്ദ്രസർക്കാരിന്റെ സത്യവാങ്മൂലപ്രകാരം 11972 പേർക്ക് മരണവും പാർശ്വഫലങ്ങളുമുണ്ടായി. 2005 മുതൽ 2012 വരെ രാജ്യത്തുടനീളം 57303 പേർ പരീക്ഷണത്തിന് വിധേയരായിട്ടുണ്ടെന്ന് കോടതിയിൽ ചൂണ്ടിക്കാണിക്കപ്പെടുന്നു. വിദേശമരുന്നു കമ്പനിയുടെ റിവോറേകോറ്സാബൻ മനുഷ്യശരീരത്തിൽ പരീക്ഷിച്ച് 2008ൽ 21പേർ മരിച്ചു. ഇത്തവണ 125 മരണങ്ങൾ. നൊവാർടിസ് കമ്പനിയുടെ അലിസ്കിരൺ മനുഷ്യനിൽ പരീക്ഷിച്ച് 47 പേരുടെ മരണത്തിനിടയാക്കി.

കേരളത്തിൽ നടക്കുന്ന മരുന്നു പരീക്ഷണങ്ങളേക്കുറിച്ച് ജനം അജ്ഞരാണ്. നവജാതശിശുക്കൾക്ക് രോഗപ്രതിരോധത്തിനായി എന്നപേരിൽ നടത്തുന്ന കുത്തിവെയ്പിലൂടെ 14 കുട്ടികൾ മരിച്ചതായി പോസ്റ്റ്മോർട്ടം റിപ്പോർട്ടുണ്ട്. കുത്തിവെയ്പ്പെടുത്ത് മണിക്കൂറുകൾക്കകം മരിച്ച 42 ദിവസം പ്രായമായ കീർത്തന, 47 ദിവസം പ്രായമായ അഖിലേഷ് എന്നിവരുടെ മാതാപിതാക്കളുടെ ഹൃദയനൊമ്പരം ആരറിയുന്നു? വിദേശരാജ്യങ്ങളിൽ നിരോധിച്ച മരുന്നുകൾ ആദിവാസികളിലും കുട്ടികളിലും പരീക്ഷിച്ച് നിയമങ്ങൾ കാറ്റിൽ പറത്തി പൈലറ്റ് പ്രോജക്ടുകൾ നടപ്പിലാക്കുന്നവരുടെ മുമ്പിൽ മുട്ടുമടക്കി നില്ക്കുന്ന ഭരണസംവിധാനങ്ങളും ജനനേതൃത്വങ്ങളും മുതലക്കണ്ണീരൊഴുക്കുമ്പോൾ ലജ്ജതോന്നുന്നു.

പെൺ ഭ്രൂണഹത്യയിൽ സാക്ഷര സംസ്ഥാനമായ കേരളം ഇന്ത്യയിൽ മുന്നിട്ടു നിൽക്കുന്നു. കേരളത്തിലാകട്ടെ, അഭ്യസ്തവിദ്യരുടെ ജില്ലയായ എറണാകുളവും. ലിംഗനിർണ്ണയത്തിലൂടെ ഭ്രൂണഹത്യ നടത്തുന്ന പ്രവണത വർദ്ധിക്കുമ്പോൾ സ്കാനിംഗ് സെന്ററുകൾ വില്ലന്മാരായി മാറുന്നു. ഭ്രൂണഹത്യ പാപമായി കരുതുന്നവർ പോലും പെൺകുഞ്ഞുങ്ങളെ ഇല്ലാതാക്കുന്ന ക്രൂരവിനോദത്തിൽ പങ്കുചേരുന്നു.

ബാലപീഢനങ്ങളും ശിശുഹത്യകളും നിരന്തരം പെരുകുന്നു. ജീവിതപ്രഭാതത്തിലേയ്ക്ക് കടന്നുവന്ന് ജീവിതയാഥാർത്ഥ്യങ്ങളുടെ കിളിവാതിലിലൂടെ എത്തിനോക്കി, നീലാകാശത്തിനുകീഴിലെ പച്ചപ്പുകളിലേയ്ക്ക് മിഴികൾ തുറക്കും മുമ്പ് പീഢനങ്ങളേറ്റ് മരിച്ചുവീഴുന്ന കുഞ്ഞുങ്ങളുടെ വിലാപവും

(ശേഷം അടുത്ത പേജിൽ)



ശാപവുമാണ് ഇന്നീ മണ്ണിന്റെ അധഃപതനത്തിനു മൂലകാരണം. ചുറ്റുപാടും അനുദിനം നടക്കുന്ന അതിഭീകരതയിലേയ്ക്ക് എത്തിനോക്കാതെ അന്തർദ്ദേശീയതയിലേയ്ക്ക് വിരൽ ചൂണ്ടി സംസ്കാരം പ്രസംഗിക്കുന്നവരേയും, മനുഷ്യജീവന് പുല്ലുവില കല്പിച്ച് നിയമവും നീതിയും കൈയ്യിലെടുത്ത് അമ്മാനമാടി നടക്കുന്നവരേയും ചാട്ടവാറുകൊണ്ടടിക്കുവാൻ നിയമം അനുവദിച്ചിരുന്നെങ്കിലോ എന്ന് സാധാരണജനമിന്ന് ആശിക്കുന്നു.

അധികാരത്തിലേറാനും അധികാരത്തിൽ നിന്നിറക്കാനും അഴിമതി ന്യായീകരിക്കുവാനും ആക്ഷേപ അവഹേളനങ്ങൾക്ക് മൂർച്ചകൂട്ടുന്ന രാഷ്ട്രീയ കരുമാടിക്കുട്ടന്മാരെ എഴുന്നള്ളിക്കുന്ന വൃത്തികെട്ട സംസ്കാരത്തിന്റെ ഭാണ്ഡം ചുമക്കുന്ന ഒരു ജനതമാത്രമായി നാം അധഃപതിച്ചുവോ? എല്ലാത്തിനെയും നിസംഗതയോടെ നോക്കിക്കാണുന്ന, പ്രതികരിക്കാത്ത ഷണ്ഡൻമാരായി എന്തിനു നമ്മൾ ജീവിക്കുന്നു?

നിഷ്ക്കളങ്കതയുടെ പ്രതീകങ്ങളായ കുഞ്ഞുങ്ങൾ നമുക്ക് നഷ്ടപ്പെട്ടുകൂടാ. ബാല്യങ്ങൾ ഒരിക്കലും അനാഥങ്ങളാവരുത്. അമ്മയുടെ മടിയിൽ കിടന്ന് താരാട്ടുകേട്ട്, അപ്പന്റെ നെഞ്ചിലേറി വാത്സല്യത്തിന്റെ ചൂടും തുടിപ്പും ഏറ്റുവാങ്ങുന്നവരുടെ തുടുത്ത കവിളുകളിൽ ചുടുചുംബനങ്ങളും ആത്മാവിന്റെ ഉള്ളറകളിൽ അനിർവചനീയമായ സ്നേഹവും പങ്കുവയ്ക്കുവാൻ നമുക്കാകണം. ലോകത്തിന്റെ കാപട്യങ്ങളും വിചിത്രമായ നിയമങ്ങളും കുടിലതകളുമറിയാതെ റോസ

**ജീവിതപ്രഭാതത്തിലേയ്ക്ക് കടന്നുവന്ന് ജീവിതയാഥാർത്ഥ്യങ്ങളുടെ കിളിവാതിലിലൂടെ എത്തിനോക്കി, നീലാകാശത്തിനുകീഴിലെ പച്ചപ്പുകളിലേയ്ക്ക് മിഴികൾ തുറക്കും മുമ്പ് പീഢനങ്ങളേറ്റ് മരിച്ചുവീഴുന്ന കുഞ്ഞുങ്ങളുടെ വിലാപവും ശാപവുമാണ് ഇന്നീ മണ്ണിന്റെ അധഃപതനത്തിനു മൂലകാരണം. ചുറ്റുപാടും അനുദിനം നടക്കുന്ന അതിഭീകരതയിലേയ്ക്ക് എത്തിനോക്കാതെ അന്തർദ്ദേശീയതയിലേയ്ക്ക് വിരൽ ചൂണ്ടി സംസ്കാരം പ്രസംഗിക്കുന്നവരേയും, മനുഷ്യജീവന് പുല്ലുവില കല്പിച്ച് നിയമവും നീതിയും കൈയ്യിലെടുത്ത് അമ്മാനമാടി നടക്കുന്നവരേയും ചാട്ടവാറുകൊണ്ടടിക്കുവാൻ നിയമം അനുവദിച്ചിരുന്നെങ്കിലോ എന്ന് സാധാരണജനമിന്ന് ആശിക്കുന്നു.**



പൂവിന്റെ ശോഭയോടെ ജീവിതപ്പുലരിയിലേയ്ക്ക് പിച്ചവെയ്ക്കുന്നവരോട് കുറഞ്ഞ പക്ഷം ഇത്തിരി കരുണ നമുക്കായിക്കൂടേ?

ക്രൈസ്തവ സ്നേഹത്തിന്റെ വാതായനങ്ങൾ ഇവിടെ തുറക്കപ്പെട്ടിരിക്കുന്നു. കണ്ണീരൊപ്പി, നെഞ്ചോടൊട്ടിച്ചേർത്ത് സ്നേഹത്തിന്റെയും സ്വാന്തനത്തിന്റെയും പ്രതീക്ഷയുടെയും ലോകത്തിലേയ്ക്ക് കൈപിടിച്ചുയർത്തുന്ന സഭാശുശ്രൂഷയുടെ തലങ്ങൾ ഇന്ന് ലോകമെമ്പാടുമുണ്ട്. അനാഥർക്കും ആലംബഹീനർക്കും മനോരോഗികൾക്കും ആശാകേന്ദ്രങ്ങളാണവ. സമൂഹം നടുറോഡിലേയ്ക്ക് തള്ളിവിടുന്ന മനുഷ്യജന്മങ്ങളെ സ്നേഹവാത്സല്യത്തിൽ ചേർത്തുനിർത്തുന്ന ശുശ്രൂഷയാണിത്. ഇത് ക്രൈസ്തവ ദൗത്യമാണ്. സർവ്വോപരി ജാതിയും മതവും നോക്കാതെ ഏവരെയും ദൈവസ്നേഹത്തിൽ കോർത്തിണക്കുന്ന കൂടാരങ്ങളാണിവ. സർക്കാരും സംവിധാനങ്ങളും പരാജയപ്പെടുമ്പോൾ സഭ ഉണരും. ദൈവദികരും സന്യസ്തരും അല്മായരും കൈകോർക്കുമ്പോൾ ആശ്വാസത്തിന്റെ കിരണങ്ങൾ ചൊരിയും. നിഷ്കളങ്കതയുടെ ഈ വെള്ളരിപ്രാവുകൾ ആകാശംമുട്ടെ പറന്നുയരട്ടെ.....

**അഡ്വ.വി.സി.സെബാസ്റ്റ്യൻ**
**ചീഫ് എഡിറ്റർ**

# സീറോ മലബാർ സഭ വനിതാഫോറം

## ദേശീയ പ്രതിനിധി സമ്മേളനം ആഗസ്റ്റ് 24ന്

കൊച്ചി: സീറോ മലബാർ സഭ വനിതാഫോറം ദേശീയ പ്രതിനിധി സമ്മേളനം ആഗസ്റ്റ് 24ന് സഭാ ആസ്ഥാനമായ കൊച്ചി, കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ചേരുന്നു.

ഉച്ചകഴിഞ്ഞ് 2 മണിക്ക് വനിതാ ഫോറം പ്രസിഡന്റ് ഡൽസി ലൂക്കാച്ചന്റെ അധ്യക്ഷതയിൽ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി സമ്മേളനം ഉദ്ഘാടനം ചെയ്യും. അല്മായ കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കൽ, വനിതാഫോറം രക്ഷാധികാരി മാർ മാത്യു ആനിക്കുഴിക്കാട്ടിൽ എന്നിവർ അനുഗ്രഹപ്രഭാഷണങ്ങൾ നടത്തും. പ്രവർത്തനമാർഗ്ഗരേഖ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് വനിതാഫോറം ആനിമേറ്റർ സിസ്റ്റർ ജോൺസി സിഎംസിയ്ക്ക് നൽകി പ്രകാശനം ചെയ്യും. അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി.സെബാസ്റ്റ്യൻ അലമായ കമ്മീഷൻ ആഗോളതല പ്രവർത്തനങ്ങൾ, വിവിധ ഫോറങ്ങൾ എന്നിവയെക്കുറിച്ച് പ്രതിപാദിക്കും. സീറോ മലബാർ സഭാ ചാൻസിലർ



മാർ മാത്യു ആനിക്കുഴിക്കാട്ടിൽ



ഫാ.ജേക്കബ് പാലയ്ക്കപ്പിള്ളി



ഡൽസി ലൂക്കാച്ചൻ പ്രസിഡന്റ്



ലിസി വർഗീസ് ജനറൽ സെക്രട്ടറി



ജിജി ജേക്കബ് ട്രഷറർ

റവ.ഡോ.ആന്റണി കൊള്ളന്നൂർ, കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറി ഫാ.ജേക്കബ് പാലയ്ക്കപ്പിള്ളി, നിയുക്ത ഡയറക്ടർ ഫാ.ജോസഫ് കൊച്ചുപറമ്പിൽ ജനറൽ സെക്രട്ടറി ലിസി വർഗീസ്, ട്രഷറർ ജിജി ജേക്കബ് എന്നിവർ സംസാരിക്കും.

തുടർന്നു നടക്കുന്ന ചർച്ചകൾക്ക് കൂരിയ ബിഷപ് മാർ ബോസ്കോ പുത്തൂർ മോഡറേറ്ററായിരിക്കും. വിവിധ രൂപതകളിൽ നിന്നും മിഷൻ കേന്ദ്രങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ ചർച്ചകൾക്ക് നേതൃത്വം നൽകും. മാഗി ജോസ് മേനാംപറമ്പിൽ (പാല), ഏലിയാമ്മ സെബാസ്റ്റ്യൻ (കല്യാൺ), ബെറ്റ്സി ഷാജി പാലാത്തറ (ചങ്ങനാശ്ശേരി), ഡോളി മാത്യു (ഉജ്ജൈൻ), ഷൈനി ഷാജി (ബൽത്തങ്ങാടി), റാണി മത്തായി (എറണാകുളം), ലൗലി ജോളി (ബാംഗ്ലൂർ), റോസ് ഷോംബി (പാലക്കാട്), മോളി ജോസഫ് (മാനന്തവാടി), മേരി സെബാസ്റ്റ്യൻ (ഇടുക്കി) എന്നിവർ സമ്മേളനത്തിന് നേതൃത്വം നൽകും.




*സീറോ മലബാർ സഭ അല്മായ കമ്മീഷൻ മീഡിയ ഫോറവും മാധ്യമപ്രവർത്തക സംഗമവും കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യുന്നു. സാബു ജോസ്, സിജോ പൈനാടത്ത്, അഡ്വ. ജോസ് വിതയത്തിൽ, ബിഷപ് മാർ മാത്യു അറയ്ക്കൽ, അഡ്വ.വി.സി സെബാസ്റ്റ്യൻ, പീറ്റർ കെ.ജോസഫ്, റവ.ഡോ. പോൾ തേലക്കാട്ട് എന്നിവർ സമീപം.*

**സീറോ മലബാർ മീഡിയ ഫോറത്തിനു തുടക്കം**

# സമൂഹത്തിനു ദിശാബോധം നൽകാൻ മാധ്യമപ്രവർത്തകർക്കു കടമ:

## കർദിനാൾ മാർ ജോർജ് ആലഞ്ചേരി

കൊച്ചി: സമൂഹത്തിനു നേരായ ദിശാബോധം നൽകാൻ മാധ്യമങ്ങൾക്കും മാധ്യമപ്രവർത്തകർക്കും ഉത്തരവാദിത്വമുണ്ടെന്നു സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി അഭിപ്രായപ്പെട്ടു. സീറോ മലബാർ സഭ അല്മായ കമ്മീഷൻ മീഡിയ ഫോറവും മാധ്യമപ്രവർത്തക സംഗമവും സഭ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ക്രൈസ്തവമൂല്യങ്ങളിൽ അടിയുറച്ചു പ്രവർത്തിക്കുന്ന മാധ്യമപ്രവർത്തകർ സഭയ്ക്കു എക്കാലത്തും വലിയ മുതൽക്കൂട്ടാണ്. സഭയുടെ ചിന്തകളോടും പ്രവർത്തനങ്ങളോടും ചേർന്നുനിൽക്കുന്ന മാധ്യമപ്രവർത്തകർക്കൊപ്പം സഭാനേതൃത്വവും സഭാമക്കളും എപ്പോഴുമുണ്ടാകും. സമൂഹത്തിന്റെ വളർച്ചയിൽ മാധ്യമങ്ങൾക്കു വലിയ പങ്കു വഹിക്കാനുണ്ടെന്നാണ് സഭയുടെ നിലപാട്. വ്യത്യസ്ത മാധ്യമങ്ങൾ വ്യത്യസ്ത തലങ്ങളിൽ തങ്ങളുടെ ശുശ്രൂഷ ശരിയായി നിർവഹിക്കുമ്പോഴാണ് വ്യക്തികളും സമൂഹവും വളരുക. മാധ്യമരംഗത്തു വിപ്ലവാത്മകമായ മാറ്റങ്ങൾ സംഭവിക്കുമ്പോൾ അതിന്റെ നല്ല സാധ്യതകളെ ക്രിയാത്മകമായി പ്രയോജനപ്പെടുത്താൻ നമുക്കു സാധിക്കണം. സഭയിലും സമൂഹത്തിലും ഇന്നു മാധ്യമങ്ങൾ സ്വാധീനം ചെലുത്തുന്നുണ്ട്. പരമ്പരാഗതവും നവീനവുമായ മാധ്യമരീതികളിൽ സഭ സജീവമാകേണ്ടതുണ്ടെന്നും കർദിനാൾ മാർ ആലഞ്ചേരി പറഞ്ഞു.

അല്മായ കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കൽ അധ്യക്ഷത വഹിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മാധ്യമരംഗത്തു പ്രവർത്തിക്കുന്നവരുടെ കൂട്ടായ്മ രൂപപ്പെടേണ്ടതു കാലഘട്ടത്തിന്റെ ആവശ്യമാണെന്നു അദ്ദേഹം പറഞ്ഞു.

അലമായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി സെബാസ്റ്റ്യൻ വിഷയാവതരണം നടത്തി. സീറോ മലബാർ സഭ വക്താവ് റവ.ഡോ. പോൾ തേലക്കാട്ട് സഭയുടെ മാധ്യമശുശ്രൂഷകളെക്കുറിച്ചു പ്രഭാഷണം നടത്തി. കെസിബിസി അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.ജോസ് വിതയത്തിൽ, മീഡിയ ഫോറം കൺവീനർ പീറ്റർ കെ. ജോസഫ്, സെക്രട്ടറി സിജോ പൈനാടത്ത് എന്നിവർ പ്രസംഗിച്ചു.



**മീഡിയ ഫോറം ഉദ്ഘാടനം**

**ഇവിടെ ക്ലിക് ചെയ്യുക**

കോട്ടയം പ്രസ് ക്ലബ് സ്കൂൾ ഓഫ് ജേർണലിസം ഡയറക്ടർ തേക്കിൻകാട് ജോസഫ്, മലയാള മനോരമ ഡപ്യൂട്ടി ജനറൽ മാനേജർ സിറിയക് പാറ്റാനി, കേരള സർവകലാശാല സിൻഡിക്കേറ്റംഗം ഡോ.ജോളി സക്കറിയ, ദീപിക തൃശൂർ ന്യൂസ് എഡിറ്റർ ഡേവിസ് പൈനാടത്ത്, മാതൃഭൂമി ചീഫ് റിപ്പോർട്ടർ ജിജോ സിറിയക്, സൺഡേ ശാലോം സ്പെഷൽ കറസ്പോണ്ടന്റ് സാബു ജോസ്, തൃശൂർ പ്രസ് ക്ലബ് പ്രസിഡന്റ് ജോയ് എം. മണ്ണൂർ, ആബേ ജേക്കബ്, റവ.ഡോ. തോമസ് ജോസഫ് തേരകം, ആന്റോ അക്കര, ഡോ. ലിജി മോൾ ജോസഫ്, ഡോ. കൊച്ചുറാണി ജോസഫ്, ഫാ. ഡെയ്സൺ വെട്ടിയാടൻ, ഫാ. ജോസ് കരുവേലിക്കൽ, ഫാ. ജോസഫ് പാറയ്ക്കൽ, പ്രഫ. ജേസി മാടപ്പാട്ട്, മാത്യു പ്ലാത്തോട്ടം, മരിയൻ ജോർജ്, സിസ്റ്റർ ഡോ. ജോൺസി, ജോ ചാലിശേരി തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ പ്രസംഗിച്ചു.

പത്ര, ടെലിവിഷൻ മാധ്യമരംഗത്തെ പ്രമുഖർ, മാധ്യമ പരിശീലന സ്ഥാപനങ്ങളുടെ ഡയറക്ടർമാർ, വാർത്താ ഏജൻസികളുടെ പ്രതിനിധികൾ, മീഡിയ ഡയറക്ടർമാർ, പിആർഒമാർ തുടങ്ങി സഭയിലെ വിവിധ രൂപകളിൽ നിന്നുള്ള പ്രതിനിധികൾ മാധ്യമപ്രവർത്തക സംഗമത്തിൽ പങ്കെടുത്തു. കണ്ണൂർ, കോഴിക്കോട്, തൃശൂർ, കൊച്ചി, കോട്ടയം, തിരുവനന്തപുരം എന്നീ മേഖലകൾ കേന്ദ്രീകരിച്ചു സീറോ മലബാർ മീഡിയ ഫോറം പ്രവർത്തനങ്ങൾക്കു കോ ഓർഡിനേറ്റർമാരെ തെരഞ്ഞെടുത്തു. അന്തർദേശീയ തലത്തിൽ മാധ്യമപ്രവർത്തകരുടെ ഫെലോഷിപ്പിനു മീഡിയ ഫോറം രൂപം നൽകുമെന്നു കൺവീനർ പീറ്റർ കെ. ജോസഫ് അറിയിച്ചു.

**നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. (മത്താ.6:33)**

# ന്യൂസിലാന്റിൽ വിശ്വാസപരിശീലന ക്യാമ്പ്



ഓക്‌ലന്റ് സീറോ മലബാർ സൺഡേ സ്കൂളിന്റെ ആഭിമുഖ്യത്തിൽ 1മുതൽ 11 വരെ ക്ലാസുകളിലെ കുട്ടികൾക്കുവേണ്ടി ജൂലൈ 16, 16 തീയതികളിൽ എപ്സം കാത്തലിക് പള്ളിയിൽ വെച്ച് നടത്തപ്പെട്ട ശിശിരകാല വിശ്വാസപരിശീലന ക്യാമ്പിൽ നൂറ്റിയിരുപതോലം കുട്ടികൾ പങ്കെടുത്തു. "വിശ്വാസം ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനം" എന്നതായിരുന്നു ക്യാമ്പിന്റെ മുഖ്യവിഷയം. സീറോ മലബാർ മിഷൻ ചാപ്ലിൻ ഫാ.ജോയി തോട്ടങ്കര, അസ്റ്റന്റ് ചാപ്ലിൻ ഫാ.ജോബിൻ വന്യംപറമ്പിൽ, ജോസ് ജോസഫ്, ടോമി ജോസഫ്, ലിസാ ജോൺസൺ, ലോട്ടസ് റജി, മേരി സ്മിത എന്നിവർ ക്ലാസുകൾ നയിച്ചു. കുട്ടികളുടെ വിവിധ കലാപരിപാടികൾ കൊണ്ട് സമ്പന്നമായ ക്യാമ്പ് മുൻ വർഷങ്ങളേ ക്കാൾ ഏറെ മികച്ചതായിരുന്നു. റജി ചാക്കോ, ടീനാ തോമസ്, ഷാലി ക്ലമന്റ്, ലിജി ടോമി, റിയ കോശി, ജോമിനി ജോസ്, ലിയാൻ ജോൺസൺ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

## LOGOS QUIZ GLOBAL
## for Non- Resident Malayalees
## ലോഗോസ് ക്വിസ് വിദേശമലയാളികൾക്ക്

KCBC ബൈബിൾ കമ്മീഷന്റെയും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെയും സംയുക്ത ആഭിമുഖ്യത്തിലുള്ള ലോഗോസ് ക്വിസ് ഭാരതത്തിന്റെ അതിരുകൾക്കും അപ്പുറത്തേക്ക് . . . 'നവസുവിശേഷവത്കരണത്തിന്റെ കേരളാമോഡൽ' ഇനി വിദേശത്തും . . . വിശുദ്ധഗ്രന്ഥം സൂക്ഷ്മമായി വായിക്കുവാനും പഠിക്കുവാനും ജീവിക്കുവാനും കേരളമക്കൾക്ക് വിദേശത്തും സഭയുടെ സഹായം.

രജിസ്ട്രേഷനും പരീക്ഷയെഴുത്തും ഫലപ്രഖ്യാപനവും എല്ലാം ഈ വർഷം മുതൽ ഓൺലൈനായി വിദേശമലയാളികൾക്ക് സാധ്യമാണ്.

**എങ്ങനെ രജിസ്റ്റർ ചെയ്യാം?**

ജാതിമതഭേദമന്യേ ഏതു പ്രായക്കാരായ വിദേശ മലയാളികൾക്കും ലോഗോസ് ക്വിസിനായി www.logosquizglobal.comൽ ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓൺലൈൻ ലോഗോസ് ക്വിസിൽ പങ്കെടുക്കുന്നവരിൽ നിന്നും യാതൊരുവിധ ഫീസും ഈടാക്കുന്നതല്ല. കേരളത്തിൽ ലോഗോസ് പരീക്ഷ എഴുതുന്ന 6 ലക്ഷം പേരോടൊപ്പം അതേ സമയത്ത്, അതേ ചോദ്യങ്ങൾക്ക് ഉത്തരം രേഖപ്പെടുത്തുവാനുള്ള അവസരമാണ് ഒരുക്കിയിരിക്കുന്നത്. പരീക്ഷാഫലം ഉടൻ തന്നെ അറിയാൻ കഴിയും. ഓരോരുത്തർക്കും പ്രത്യേകം മെമ്പർ അക്കൗണ്ടും യൂസർനെയ്മും പാസ്‌വേർഡും ഉണ്ടായിരിക്കും. 90%ത്തിന് മുകളിൽ മാർക്ക് നേടുന്നവരെ 'ലോഗോസ് സ്റ്റാർ' ആയി പ്രഖ്യാപിക്കുന്നതും പ്രത്യേക സർട്ടിഫിക്കറ്റ് നല്കി ആദരിക്കുന്നതുമാണ്.


ഈ വർഷത്തെ വിഷയം :ലേവ്യർ 1-14; ലൂക്കാ 1-12; യോഹന്നാന്റെ ഒന്നാം ലേഖനം

പരീക്ഷാതീയതി :സെപ്തംബർ 29

പരീക്ഷാസമയം :ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞ് 2.00 മണിമുതൽ 3.30 വരെ

വിശദവിവരങ്ങൾക്ക് : **www.logosquizglobal.com**
**www.keralabiblesociety.com**
**email: office@logosquizglobal.com**
**Tel: 00914842805897**

# ജോൺപോൾ രണ്ടാമനും ജോൺ ഇരുപത്തിമൂന്നാമനും വിശുദ്ധപദവിയിലേയ്ക്ക്



വത്തിക്കാൻസിറ്റി: മുൻഗാമികളായ ജോൺ പോൾ രണ്ടാമനെയും ജോൺ ഇരുപത്തിമൂന്നാമനെയും വിശുദ്ധപദവിയിലേക്കുയർത്തുന്നതിന് ഫ്രാൻസിസ് മാർപാപ്പ അനുമതി നല്കി. നാമകരണച്ചടങ്ങുകളുടെ തീയതി വത്തിക്കാൻ പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ പരിശുദ്ധ കന്യാമറിയത്തിന്റെ അമലോത്ഭവ തിരുനാൾ ദിനമായ ഡിസംബർ എട്ടിനായിരിക്കും ഇരു മാർപാപ്പമാരെയും വിശുദ്ധരായി പ്രഖ്യാപിക്കുകയെന്നു സൂചനയുണ്ട്.

ജോൺപോൾ രണ്ടാമനെ മാർപാപ്പയായി തെരഞ്ഞെടുത്ത ഒക്ടോബർ മാസത്തിലായിരിക്കും ചടങ്ങെന്ന് അദ്ദേഹത്തിന്റെ ജൻമദേശമായ പോളണ്ടിലെ മാധ്യമങ്ങൾ അഭിപ്രായപ്പെട്ടെങ്കിലും ഇത്രയും വമ്പിച്ച ചടങ്ങിനുള്ള ഒരുക്കങ്ങൾ ചുരുങ്ങിയ സമയത്തിനുള്ളിൽ പൂർത്തിയാക്കാനാകില്ലെന്ന് വത്തിക്കാൻ വൃത്തങ്ങൾ ചൂണ്ടിക്കാട്ടി.

വിശുദ്ധപദവിക്കു മുന്നോടിയായി ജോൺ പോൾ രണ്ടാമന്റെ മധ്യസ്ഥതയിൽ നടന്ന രണ്ടാമത്തെ അദ്ഭുതം നാമകരണ കമ്മീഷൻ അംഗീകരിച്ചിരുന്നു. അതേസമയം, ജോൺ ഇരുപത്തിമൂന്നാമന്റെ കാര്യത്തിൽ രണ്ടാമത്തെ അദ്ഭുതം വേണമെന്ന നിബന്ധന ഫ്രാൻസിസ് മാർപാപ്പ ഒഴിവാക്കിയതായി വത്തിക്കാൻ വക്താവ് ഫാ. ഫെഡറിക്കോ ലൊംബാർദി അറിയിച്ചു.

മധ്യഅമേരിക്കൻ രാജ്യമായ കോസ്റ്ററിക്കയിൽ തലച്ചോറിനു ഗുരുതരരോഗം ബാധിച്ച ഫ്ളോറിബത് മോറ എന്ന യുവതിയുടെ സുഖപ്രാപ്തിയാണ് ജോൺ പോൾ രണ്ടാമന്റെ മധ്യസ്ഥതയിൽ നടന്ന രണ്ടാമത്തെ അദ്ഭുതം. ഫ്രഞ്ച് കന്യാസ്ത്രി സമിൻ പിയറെ നോർമൻഡിന്റെ പാർക്കിൻസൺസ് രോഗം സുഖപ്പെട്ടതായിരുന്നു ആദ്യത്തെ അദ്ഭുതം. ഇതെത്തുടർന്നാണ് 2011ൽ അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചത്. രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചുചേർത്ത ജോൺ ഇരുപത്തിമൂന്നാമ(1958-63)നെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചത് 2000ൽ ജോൺപോൾ രണ്ടാമനാണ്.



# ക്രൈസ്തവ യുവജനങ്ങളിലേയ്ക്ക് ലോകം ഉറ്റുനോക്കി; ബ്രസീൽ ഇളകിമറിഞ്ഞു;

# തരംഗമായി ഫ്രാൻസീസ് പാപ്പ

# 30 ലക്ഷം വിശ്വാസികൾ ദിവ്യബലിയിൽ പങ്കെടുത്തു



റിയോ ഡി ഷനേറോ: ലോക യുവജനസമ്മേളനത്തിനു സമാപനം കുറിച്ച് ഫ്രാൻസിസ് മാർപാപ്പ അർപ്പിച്ച ദിവ്യബലിയിൽ മുപ്പതു ലക്ഷം വിശ്വാസികൾ പങ്കെടുത്തു. ബ്രസീലിലെ റിയോ ഡ ഷനേറോ നഗരത്തിലെ കോപ്പ കബാന കടൽത്തീരത്തെ നാലു കിലോമീറ്റർ ദൂരം കാലുകുത്താനിടയില്ലാത്ത വിധം യുവജനങ്ങളെക്കൊണ്ടു നിറഞ്ഞിരുന്നു. ബ്രസീലിന്റെ ചരിത്രത്തിൽ ഏറ്റവും വലിയ ആൾക്കൂട്ടമായാണ് ഇത് വിലയിരുത്തപ്പെടുന്നത്.

മാർപാപ്പയുടെ നേതൃത്വത്തിൽ നടന്ന ജാഗരണപ്രാർഥനയിൽ പങ്കുകെണ്ടശേഷം കൂടാരങ്ങളിലും തുറന്ന സ്ഥലത്തും കിടന്നുറങ്ങിയ വിശ്വാസികൾ ഏറെ ഉന്മേഷത്തോടെ സമാപനബലിയിൽ പങ്കുചേർന്നു.

പരമ്പരാഗതമായി മാർപാപ്പമാരുടെ സന്ദർശനം ലോകം എമ്പാടുമുള്ള കത്തോലിക്ക സഭയിൽ ഊർജം നിറയ്ക്കാറുണ്ട്. ലോകം മുഴുവൻ സഞ്ചരിച്ച് സഭയെ ആവേശം കൊള്ളിക്കുന്നതിൽ ജോൺ പോൾ രണ്ടാമനായിരുന്നു റെക്കോഡ് ഇട്ടത്. പാവങ്ങളുടെ പടത്തലവൻ എന്നുപേരെടുത്ത ഫ്രാൻസിസ്സ് പാപ്പ തന്റെ ആദ്യ സന്ദർശനം കൊണ്ടുതന്നെ ബ്രസീലിനെ ഇളക്കിമറിച്ചു.

തങ്ങൾക്കു കിട്ടിയ വിശ്വാസാനുഭവം മറ്റുള്ളവർക്കുകൂടി പകർന്നു നൽകാൻ എല്ലാവർക്കും കടമയുണ്ടെന്ന് ദിവ്യബലി മധ്യേ നടത്തിയ പ്രസംഗത്തിൽ മാർപാപ്പ പറഞ്ഞു. സുവിശേഷ പ്രചാരണം ഐച്ഛികമോ സോപാധികമോ അല്ല. സമയമുണ്ടങ്കിലോ താത്പര്യമുണ്ടെങ്കിലോ സുവിശേഷം പ്രചരിപ്പിക്കുക എന്നല്ല ക്രിസ്തു പറഞ്ഞത്. സേവനത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ കൽപ്പനയാണത്. സുവിശേഷം എല്ലാവർക്കും വേണ്ടിയുള്ളതാണ്. ചിലർക്കു മാത്രമുള്ളതല്ല- മാർപാപ്പ പറഞ്ഞു.

അടുത്ത യുവജനസമ്മേളനം 2016ൽ പോളണ്ടിലെ ക്രാക്കോവിൽ നടത്തും. യുവജനസമ്മേളനത്തിലുണ്ടായ വമ്പിച്ച



ജനസാന്നിധ്യം സഭയ്ക്ക് ഏറെ സന്തോഷം പകരുന്നതായിരുന്നു. കടന്നു ചെന്നിടത്തെല്ലാം ഫ്രാൻസിസ് മാർപാപ്പയ്ക്ക് ഉജ്വല സ്വീകരണവും ലഭിച്ചു.

പാർട്ട് ടൈം ക്രിസ്ത്യാനികളാകാതെ അർഥപൂർണ ജിവീതം നയിക്കാൻ ജാഗരണ പ്രാർഥനയിൽ മാർപാപ്പ ആഹ്വാനം ചെയ്തു. ബ്രസീലിലെ ചേരികളിലേക്ക് ബിഷപ്പുമാരും പുരോഹിതരും ഇറങ്ങിച്ചെല്ലേണ്ടതിന്റെ ആവശ്യകത റിയോ കത്തീഡ്രലിൽ നടത്തിയ പ്രസംഗത്തിൽ മാർപാപ്പ ചൂണ്ടിക്കാട്ടി. നിരവധിപ്പേർ സുവിശേഷത്തിനു കാത്തിരിക്കുമ്പോൾ ഇടവകകളിൽ അടച്ചുപൂട്ടിയിരിക്കരുതെന്നു മാർപാപ്പഓർമിപ്പിച്ചു. കൊടുംതണുപ്പിലും രാത്രി മുഴുവൻ ചെലവഴിച്ചതിന് ഫലമുണ്ടായെന്നാണ് അർജന്റീനയിലെ കൊർഡോബയിൽ നിന്നെത്തിയ 18-കാരിയായ ലൂക്രേഷ്യ ഗ്രിഗേറ പറഞ്ഞത്. ബ്രസീലിൽ നിന്നുമാത്രമല്ല, പാപ്പയുടെ ജന്മനാടായ അർജന്റീനയിൽ നിന്നും സമീപ രാജ്യങ്ങളായ ബൊളീവിയ, സുറിനാം തുടങ്ങിയവിടങ്ങളിൽ നിന്നും വിശ്വാസികൾ എത്തിയിരുന്നു. നിറയെ വി.ഐ.പികൾ നിറഞ്ഞ വിശ്വാസി സമൂഹത്തിന് ബ്രസീൽ പ്രസിഡന്റ് ദിൽമ വാന റൂസെഫ്, അർജന്റീന പ്രസിഡന്റ് ക്രിസ്റ്റിന ഫെർണാണ്ടസ്, ബൊളീവിയയുടെ പ്രസിഡന്റ് ഇവോ മൊറാലസ് എന്നിവർ കൂടുതൽ പകിട്ടേകി.

## രാഷ്ട്രീയരംഗത്ത് ശുദ്ധീകരണം അനിവാര്യം; സുപ്രീം കോടതി വിധി സ്വാഗതാർഹം: സീറോ മലബാർ സഭ അല്മായ കമ്മീഷൻ

തിരുവനന്തപുരം: രാഷ്ട്രീയ പൊതുസേവനരംഗത്ത് അടിമുടി ശുദ്ധീകരണം അനിവാര്യമാണെന്നും ക്രിമിനൽവൽക്കരണം അവസാനിപ്പിച്ച് പാർലമെന്റിന്റെയും നിയമസഭയുടെയും വിശുദ്ധി സംരക്ഷിക്കുവാൻ സഹായകമാകുന്ന സുപ്രധാനമായ സുപ്രീം കോടതി വിധി സ്വാഗതാർഹമാണെന്നും സീറോ മലബാർ സഭ അല്മായ കമ്മീഷൻ. അഴിമതിയും, തട്ടിപ്പും, അക്രമവും, സദാചാര സാമൂഹ്യ വിരുദ്ധപ്രവർത്തനങ്ങളും നടത്തുന്നവരും ഇതിന്റെ പേരിൽ ജയിൽശിക്ഷ അനുഭവിക്കുന്നവരും അധികാര സ്വാധീനശക്തികൾ ഉപയോഗിച്ച് ജനപ്രതിനിധികളായി പ്രവർത്തിക്കാമെന്നത് ജനാധിപത്യത്തിന്റെ പവിത്രതയെ വെല്ലുവിളിക്കുന്നതാണ്. മൂല്യാധിഷ്ഠിത രാഷ്ട്രീയത്തിനായി നിലകൊള്ളുന്ന പൊതുസമൂഹത്തിന് സുപ്രീം കോടതിയുടെ ഉന്നതമായ തീരുമാനം ആഹ്ലാദം പകരുന്നുവെന്നും സീറോ മലബാർ സഭ അല്മായ കമ്മീഷൻ പ്രസ്താവനയിൽ പറഞ്ഞു.

## ജഗദൽപുർ രൂപതയുടെ നിയുക്ത ബിഷപ് റവ. ഡോ. ജോസഫ് കൊല്ലംപറമ്പിലിന് അല്മായ കമ്മീഷന്റെ ആശംസകൾ



കൊച്ചി: ഛത്തീസ്ഗഡിലെ സീറോ മലബാർ രൂപതയായ ജഗദൽപുരിലെ പുതിയ മെത്രാനായി സിഎംഐ സഭാംഗം റവ. ഡോ. ജോസഫ് കൊല്ലംപറമ്പിൽ നിയമിതനായി. പാലാ രൂപതയിലെ ചേർപ്പുങ്കൽ ഇടവകാംഗവും മുത്തോലി സ്വദേശിയുമായ ഫാ. ജോസഫ് കൊല്ലംപറമ്പിൽ ഭോപ്പാലിലെ സമന്വയ ദൈവശാസ്ത്ര പഠനകേന്ദ്രം റെക്ടറാണ്. ബിഷപ് മാർ സൈമൺ സ്റ്റോക്ക് പാലാത്രയുടെ പിൻഗാമിയായാണു നിയമനം.

മുത്തോലി കൊല്ലംപറമ്പിൽ തൊമ്മൻ ജോസഫിന്റെയും ഏലിക്കുട്ടിയുടെയും നാലു മക്കളിൽ മൂന്നാമനായി 1958 ഏപ്രിൽ 18നു നിയുക്ത മെത്രാൻ ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം സിഎംഐ സഭയുടെ മുത്തോലിയിലുള്ള മേരി ക്യൂൻസ് മൈനർ സെമിനാരിയിൽ ചേർന്നു. സേക്രഡ് ഹാർട്ട് നൊവിഷ്യേറ്റ് ഹൗസ്, ബാംഗളൂർ ധർമാരാം വിദ്യാക്ഷേത്രം, പൂന ജ്ഞാനദീപ വിദ്യാപീഠം എന്നിവിടങ്ങളിൽ തത്ത്വശാസ്ത്ര, ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 1979 ജൂൺ മൂന്നിനു പ്രഥമ വ്രതസ്വീകരണവും 1984 മാർച്ച് 19നു നിത്യവ്രത സ്വീകരണവും നടത്തി. 1985 മേയ് ആറിനു പൗരോഹിത്യം സ്വീകരിച്ചു. തുടർന്നു ധർമാരാമിൽനിന്നു മാസ്റ്റർ ഓഫ് തിയോളജി പഠനം പൂർത്തിയാക്കി. റോമിലെ സെന്റ് തോമസ് അക്വിനാസ് സർവകലാശാലയിൽ(ആഞ്ചലിക്കം)നിന്നു ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടി. 1996 മുതൽ ബസ്തർ മേഖലയിലെ ജഗദൽപുരിലാണു ശുശ്രൂഷകൾ. സിഎംഐ സഭയുടെ നേതൃത്വത്തിലുള്ള സ്കൂളിന്റെ മാനേജർ, ദുഗോളിയിലെ മൈനർ സെമിനാരി റെക്ടർ, സുമൻ ആശ്രമത്തിൽ പ്രഫസർ, റെക്ടർ, സിഎംഐ നിർമൽ പ്രോവിൻസിന്റെ ഫിനാൻസ് സെക്രട്ടറി, സമന്വയ ദൈവശാസ്ത്ര പഠനകേന്ദ്രത്തിൽ പ്രഫസർ എന്നീ നിലകളിൽ സേവനം ചെയ്തിട്ടുണ്ട്. ജഗദൽപുർ രൂപതയുടെ ചാൻസലറും മതബോധനകേന്ദ്രം കൺവീനറുമായിരുന്നു.



സീറോ മലബാർ സഭ ലിറ്റർജിക്കൽ റിസർച്ച് സെന്റർ സംഘടിപ്പിച്ച 47-ാമതു ഗവേഷണസെമിനാർ കൂരിയ ബിഷപ് മാർ ബോസ്കോ പുത്തൂർ ഉദ്ഘാടനം ചെയ്യുന്നു. മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോർജ് രാജേന്ദ്രൻ, റവ.ഡോ. ആന്റണി നരികുളം, റവ. ഡോ. പീറ്റർ കണ്ണമ്പുഴ, സിസ്റ്റർ മെറീന എന്നിവർ സമീപം.

# ആരാധനാക്രമവത്സരം: എൽആർസി സെമിനാർ സമാപിച്ചു

കൊച്ചി: സീറോ മലബാർ സഭ ലിറ്റർജിക്കൽ റിസർച്ച് സെന്റർ(എൽആർസി) സംഘടിപ്പിച്ച 47-ാമതു ഗവേഷണസെമിനാർ സഭ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സമാപിച്ചു. സീറോ മലബാർ സഭയുടെ ആരാധനാക്രമവത്സരം എന്ന വിഷയത്തിൽ മൂന്നു ദിവസങ്ങളിലായി നടന്ന സെമിനാർ കൂരിയ ബിഷപ് മാർ ബോസ്കോ പുത്തൂർ ഉദ്ഘാടനം ചെയ്തു.

തക്കല രൂപത ബിഷപ് മാർ ജോർജ് രാജേന്ദ്രൻ സമാപനസന്ദേശം നൽകി. ആരാധനക്രമം സീറോ മലബാർ വിശ്വാസികളുടെ ഐക്യത്തിന്റെയും കൂട്ടായ്മയുടെയും സാക്ഷ്യമാകണമെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. എൽആർസി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഡോ. പീറ്റർ കണ്ണമ്പുഴ സിനഡിലേക്കുള്ള പ്രമേയം അവതരിപ്പിച്ചു. റവ.ഡോ.പോളി മണിയാട്ട്, സെക്രട്ടറി സിസ്റ്റർ മെറീന എന്നിവർ പ്രസംഗിച്ചു. ദിവ്യബലിക്കു കൂരിയ ബിഷപ് മാർ ബോസ്കോ പുത്തൂർ കാർമികത്വം വഹിച്ചു. തുടർന്നു കൂരിയ ചാൻസലർ റവ.ഡോ. ആന്റണി കൊള്ളന്നൂർ പാനൽ ചർച്ചയിൽ മോഡറേറ്ററായി. റവ.ഡോ. ജോസ് പുതിയേടത്ത്, റവ.ഡോ. ജോർജ് ദാനവേലിൽ, ജോസഫ് ഫിലിപ്പ് മേടയിൽ, സിസ്റ്റർ കൊച്ചുത്രേസ്യ എന്നിവർ പ്രസംഗിച്ചു. ഫാ. തോമസ് കൊട്ടുപ്പള്ളിൽ, അഡ്വ. ജോസഫ് അയനിപ്പുറത്ത്, സിസ്റ്റർ ഡോ. മേഴ്സിറ്റ, സിസ്റ്റർ ഡോ. ജീൻ മാത്യു എന്നിവർ ഗ്രൂപ്പ് ചർച്ചകളുടെ റിപ്പോർട്ട് അവതരിപ്പിച്ചു.

മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, എൽആർസി ചെയർമാൻ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, എപ്പിസ്കോപ്പൽ മെമ്പർ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, ഇരിങ്ങാലക്കുട ബിഷപ് മാർ പോളി കണ്ണൂക്കാടൻ എന്നിവർ സെമിനാറിൽ സന്ദേശങ്ങൾ നൽകി.

റവ.ഡോ. ജോൺ മൂലൻ, റവ.ഡോ. ആന്റണി നരികുളം, റവ.ഡോ.ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ, റവ.ഡോ.ദേവമിത്ര നീലങ്കാവിൽ, റവ.ഡോ. ജോൺസൺ പാഴുകുന്നേൽ, റവ.ഡോ. ജോസഫ് ആലഞ്ചേരി, റവ.ഡോ. ജോൺ തേയ്ക്കാനത്ത്, റവ.ഡോ. ജോസ് കൊച്ചുപറമ്പിൽ, റവ.ഡോ. പോൾ കൊച്ചുവീട്ടിൽ, റവ.ഡോ.ജിയോ പള്ളിക്കുന്നേൽ, സിസ്റ്റർ ഡോ. ജീൻ മാത്യു, സിസ്റ്റർ ഡോ. ഗ്രേസ് കൊച്ചുപാലിയത്തിൽ, സിസ്റ്റർ ഡോ. ജിൻസി ഓട്ടോത്തിൽ തുടങ്ങിയവർ വിവിധ സെഷനുകൾ നയിച്ചു.

## ടോം ആദിത്യയ്ക്ക് പൊതുസേവന പുരസ്കാരം

ബ്രിസ്റ്റോൾ: യുകെയിലെ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ഏർപ്പെടുത്തിയ പൊതുസേവന പുരസ് കാരത്തിന് മലയാളിയായ ടോം ആദിത്യ അർഹനായി. യുകെയിലെ സൗത്ത് ഗ്ലോസ്റ്റർ ഷെയർ കൗണ്ടിയിലെ ആദ്യത്തെ ഏഷ്യൻ കൗൺസിലറാണ് റാന്നി സ്വദേശിയായ ടോം. ബ്രാഡ്‌ലി സ്റ്റോക്ക് ടൗൺ കൗൺസിലിന്റെ പ്ലാനിംഗ്, ഇൻഫ്രാസ്ട്രക്ച്ചർ, ട്രാൻസ്പോർട്ട് ആന്റ് എൻവയൻമെന്റ് കമ്മറ്റി ചെയർമാൻ, സൗത്ത് ഗ്ലോസ്റ്റർഷെയർ കൗൺസിൽ ഇക്വാളിറ്റീസ് ബോർഡ് ചെയർമാൻ, സതേൺ ബ്രൂക്സ് കമ്യൂണിറ്റി പാർട്ണർഷിപ്പ് ട്രസ്റ്റി, ബ്രിസ്റ്റോൾ ആന്റ് സൗത്ത് ഗ്ലോസ്റ്റർ ഷെയർ ഏഷ്യൻ പ്രോജക്ടിന്റെ ട്രസ്റ്റി എന്നീ നിലകളിൽ അദ്ദേഹം സേവനം ചെയ്യുന്നു.





# അടിസ്ഥാനങ്ങൾ മറക്കുന്ന സർക്കാർ സർക്കുലർ



**ആർച്ച് ബിഷപ്**
**മാർ ജോസഫ് പവ്വത്തിൽ**

ഹയർ സെക്കൻഡറി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നു ജൂലൈ 18-ാം തീയതി വച്ച് ഇറക്കിയ സർക്കുലർ (ഇപ്പോൾ കാര്യങ്ങളെല്ലാം നടപ്പിലാക്കുന്നത് സർക്കുലർ വഴിയാണല്ലോ) ഏറ്റവും മാന്യമായ രീതിയിൽ പറഞ്ഞാൽ നിർഭാഗ്യകരവും വാഗ്ദാനലംഘനവുമാണ്. ഒരു പത്രം പറഞ്ഞുവച്ചത് ഇതു വിദ്യാഭ്യാസ മന്ത്രാലയം പോലും അറിയാതെ ഇറക്കിയതാണ് എന്നായിരുന്നു. (മന്ത്രി തന്നെ പിന്നീട് അതു സ്ഥിരീകരിച്ചു കഴിഞ്ഞു).

## അടിസ്ഥാനപരമായ ഉടമ്പടി

ഹയർസെക്കൻഡറി നിയമനത്തിൽ സർക്കാർ നോമിനിയും മറ്റും വന്നതു കോളജ് തലത്തിൽ ഒരു ഘട്ടത്തിലുണ്ടാക്കിയ ഡയറക്ട് പേ എഗ്രിമെന്റിന്റെ (Direct payment agreement) ഫലമായിട്ടാണ്. അധ്യാപകർക്കു ശമ്പളം കൊടുക്കാൻ സർക്കാർ ബാധ്യസ്ഥമാകുന്നതുകൊണ്ട് ഗവൺമെന്റിന്റെ സമ്മർദത്തിനു വഴങ്ങി, രൂപപ്പെടുത്തിയ ഒരു ഉടമ്പടിയായിരുന്നു ആ എഗ്രിമെന്റ്. അധ്യാപക നിയമനത്തിൽ, പ്രത്യേകിച്ചും മതന്യൂനപക്ഷങ്ങളുടെ വിദ്യാലയത്തിലെ നിയമനത്തിൽ, സർക്കാർ കൈകടത്തില്ല എന്ന ഉറപ്പായിരുന്നു അന്നത്തെ ധാരണയുടെ അടിസ്ഥാനം. അങ്ങനെയൊരു പരസ്പര ഉടമ്പടിയുടെ കാര്യത്തിൽ ഏകപക്ഷീയമായി, ഇഷ്ടംപോലെ, ഭേദഗതികൾ വരുത്തുന്നതു മര്യാദകേടാണ്. കഴിഞ്ഞവർഷംപോലും നടത്തിയിരുന്ന രീതിയിൽനിന്ന് ഒരു ചർച്ചയും കൂടാതെ മാറ്റംവരുത്തുന്നത് എങ്ങനെ ന്യായീകരിക്കാൻ കഴിയും? ന്യായീകരണമായി സർക്കുലറിൽ പറഞ്ഞിരിക്കുന്നത് അധ്യാപക നിയമനവും അംഗീകാരവുമായി ബന്ധപ്പെട്ട് ആരോപണങ്ങളും ആക്ഷേപങ്ങളും തുടർന്നു കോടതി നടപടികളും ഉണ്ടായതുകൊണ്ട് ആണെന്നാണ്. പരാതികൾ അന്വേഷിച്ചു കുറ്റക്കാരെ ശിക്ഷിക്കുന്നതു മനസിലാക്കാം. പക്ഷേ അതിന്റെ പേരിൽ എല്ലാ മാനേജുമെന്റുകളുടെയും സ്വാതന്ത്ര്യം അപഹരിക്കുന്നതു ശരിയാണോ?

## ഭരണഘടനയ്ക്കു നിരക്കുന്നതല്ല

വാസ്തവത്തിൽ ഇതു ഭരണഘടനാ വിരുദ്ധമായ ഒരു നീക്കമാണ് (ഇന്നിപ്പോൾ ഉത്തരവാദപ്പെട്ടവർക്കുപോലും ഭരണഘടന എന്താണു പറഞ്ഞിരിക്കുന്നതെന്ന് അറിഞ്ഞുകൂടാത്ത അവസ്ഥയായിട്ടുണ്ട്). ഭാഷാ- മത ന്യൂനപക്ഷങ്ങൾക്കു ഭരണഘടന നൽകിയ സംരക്ഷണം ആ വിഭാഗങ്ങളുടെ സംസ്കാരങ്ങളും പ്രത്യേകതകളും സംരക്ഷിക്കണമെന്ന് ഉദ്ദേശിച്ചാണ്. ഭരണഘടന പ്രഖ്യാപിച്ചതു തങ്ങൾക്കു വേണ്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾ (educational institutions of their choice) ആ വിഭാഗങ്ങൾക്കു സ്ഥാപിക്കാനും നടത്താനും അവകാശമുണ്ടെന്നാണ്. ഇത്തരം വിദ്യാലയങ്ങളിലെ അധ്യാപക നിയമനവും വിദ്യാർഥി പ്രവേശനവും മാനേജ്മെന്റുകളുടെ മൗലികാവകാശത്തിന്റ അടിസ്ഥാന ഘടകങ്ങളാണെന്നു സുപ്രീം കോടതിയുടെ പല വിധികളും വ്യക്തമാക്കിയിട്ടുള്ളതാണ്. ഇക്കഴിഞ്ഞ ആഴ്ച സുപ്രീം കോടതി ഒരു അഖിലേന്ത്യാ പരീക്ഷ റദ്ദാക്കി പുറപ്പെടുവിച്ച വിധിന്യായത്തിലും വിദ്യാർഥി പ്രവേശനരംഗത്തു മാനേജ്മെന്റിനുമേൽ നിയന്ത്രണം പാടില്ലെന്നാണു അടിസ്ഥാനപരമായ ബോധ്യങ്ങൾ മാനിച്ചു കൊണ്ടാണു ഭരണഘടന മതന്യൂനപക്ഷങ്ങൾക്കു പരിരക്ഷ നൽകിയിരിക്കുന്നത്. 1973-ലെ ഗുജറാത്ത് യൂണിവേഴ്സിറ്റി കേസിലെ സുപ്രീം കോടതിയുടെ വിധിതീർപ്പിൽ ഇങ്ങനെയാണു കാണുന്നത്.□"In other words, a religious body establishes and maintains educational institutions in order to create a total enviornment which will be favourable to the promotion of its particular religious values (fr. vallamattam ed. judgements on minority rights"1996 p. 314). സർക്കുലർ നിശ്ചയിച്ചിരിക്കുന്ന യോഗ്യതാലിസ്റ്റിൽ ഇങ്ങനെയൊരു കാര്യത്തിന് എന്തെങ്കിലും പ്രാധാന്യം നൽകിയിട്ടുണ്ടോ? ഇന്റർവ്യൂവിന്റെ മാർക്കു കുറച്ചതിനുശേഷം ഇന്റർവ്യൂവിലെ പ്രകടനം (Perfomance at interview)□എന്നു കൂടി വിശേഷിപ്പിച്ചപ്പോൾ മതന്യൂനപക്ഷ സ്ഥാപനങ്ങളിലെ അധ്യാപക

**വിദ്യാലയം സ്ഥാപിച്ചു നടത്തുന്ന എല്ലാ ഏജൻസികൾക്കും (ന്യൂനപക്ഷത്തിനായാലും ഭൂരിപക്ഷത്തിനായാലും) അധ്യാപക നിയമനത്തിലും വിദ്യാർഥി പ്രവേശനത്തിലും സ്വാതന്ത്ര്യമുണ്ടാകണം. അല്ലെങ്കിൽ മാനേജ്മെന്റ് എന്ന വാക്കിനുതന്നെ അർഥമില്ലാതെവരുന്നു. അതുകൊണ്ട് എൻഎസ്എസിന്റെയും മറ്റും നിലപാട് ഇക്കാര്യത്തിൽ തികച്ചും ന്യായമാണ്.**

പറഞ്ഞതെന്ന് ഓർക്കുന്നതു നന്ന്.അധ്യാപക നിയമനവും അതുപോലെ തന്നെ സുപ്രധാനമായ ഒരു കാര്യമാണ്. മതന്യൂനപക്ഷ വിദ്യാലയങ്ങളിൽ സംരക്ഷിക്കേണ്ട അന്തരീക്ഷവും മൂല്യബോധനവുമെല്ലാം യാഥാർഥ്യമാക്കാനും നിലനിർത്താനും സഹകരിക്കാൻ സന്നദ്ധരായ അധ്യാപകരെ തെരഞ്ഞെടുക്കേണ്ട ചുമതല നിർവഹിക്കാൻ മാനേജ്മെന്റിനെ അനുവദിക്കുന്നില്ലെങ്കിൽ ഭരണഘടനാവാഗ്ദാനം ലംഘിക്കപ്പെടുകയാണ്. ആവശ്യമായ പരീക്ഷായോഗ്യതയും മറ്റും നിശ്ചയിക്കുന്നതിന് ആരും എതിരല്ല. എന്നാൽ, അതെല്ലാം വച്ചുകൊണ്ടുതന്നെ മതവിഭാഗങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ പര്യാപ്തരായവരെ കണ്ടെത്താൻ കഴിയുമല്ലോ?കേവലം ഭൗതിക വിദ്യാഭ്യാസം കൊണ്ടു മാത്രം യുവതലമുറയുടെ പരിശീലനം പൂർണമാകില്ല എന്ന മതന്യൂനപക്ഷങ്ങളുടെ നിയമന വ്യവസ്ഥ പാടേ നിഷേധാത്മകവും ഭരണഘടനാ വിരുദ്ധവുമാകുകയാണ്. ഇത് ഒട്ടും നീതികരിക്കാനാവില്ല. അധ്യാപക നിയമനത്തിൽ ഇങ്ങനെ മതന്യൂനപക്ഷ മാനേജ്മെന്റുകളെ സർക്കാർ വെറും നോക്കുകുത്തികളാക്കുകയാണ്. സർക്കുലറിൽ പറഞ്ഞ റാങ്ക് ലിസ്റ്റുണ്ടാക്കാൻ ഒരു ക്ലാർക്കിന്റെ ജോലി മതിയാകും. മാനേജരോ സർക്കാർ വിദഗ്ധരോ വേണമെന്നില്ല. ക്ലാർക്ക് മിടുക്കനാണെങ്കിൽ ഇന്റർവ്യൂ നടത്തി പെർഫോമൻസിനും മാർക്കിടാം!

## മാനേജ്മെന്റിന്റെ അർത്ഥം മറക്കുന്ന സർക്കുലർ

വിദ്യാലയം സ്ഥാപിച്ചു നടത്തുന്ന എല്ലാ ഏജൻസികൾക്കും (ന്യൂനപക്ഷത്തിനായാലും

(ശേഷം അടുത്ത പേജിൽ)

നിങ്ങളുടെ മനസിനെ നിർമ്മലമായി സൂക്ഷിക്കുവിൻ (1 പത്രോ.3:16).

ഭൂരിപക്ഷത്തിനായാലും) അധ്യാപക നിയമനത്തിലും വിദ്യാർഥി പ്രവേശനത്തിലും സ്വാതന്ത്ര്യമുണ്ടാകണം. അല്ലെങ്കിൽ മാനേജ്മെന്റ് എന്ന വാക്കിനുതന്നെ അർഥമില്ലാതെവരുന്നു. അതുകൊണ്ട് എൻഎസ്എസിന്റെയും മറ്റും നിലപാട് ഇക്കാര്യത്തിൽ തികച്ചും ന്യായമാണ്. സർക്കുലർ വന്ന ഉടൻ പ്രത്യയശാസ്ത്രക്കാരായ മാധ്യമപ്രവർത്തകർ മാനേജർക്കു മൂക്കുകയറിടുന്നു, അഴിമതി ഇനി നടക്കാൻ പോകുന്നില്ല എന്നെല്ലാം വിളിച്ചുകൂവുകയും ചെയ്തിരുന്നല്ലോ. അഴിമതി ആരോപണങ്ങൾ ഉണ്ടെങ്കിൽ അന്വേഷിച്ചു പരിഹരിക്കാൻ ഇവിടെ സംവിധാനങ്ങളുണ്ട്. സ്വകാര്യ വിദ്യാഭ്യാസ രംഗത്തെല്ലാം അഴിമതിയാണെന്നുപറഞ്ഞു കാടടച്ചു വെടിവയ്ക്കുന്നത് ഒട്ടും നീതീകരിക്കാനാവില്ല. എത്ര മാനേജ്മെന്റുകൾ അങ്ങനെ ഇതുവരെ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നറിയില്ല! സർക്കാർ മേഖലയിൽ എല്ലാം ഭദ്രമാണെന്നും ആർക്കെങ്കിലും പറയാൻ സാധിക്കുമോ? സർക്കാർ മേഖലയിലാണോ സ്വകാര്യമേഖലയിലാണോ കൂടുതൽ അഴിമതിയെന്ന് ആരെങ്കിലും പഠിച്ചിട്ടുണ്ടോ? മാധ്യമങ്ങളിൽ എല്ലാ ദിവസവും തന്നെ പൊതുമേഖലയിലെ അഴിമതിയെക്കുറിച്ചുള്ള കഥകളാണു പുറത്തുവരുന്നത്. അഴിമതിയുണ്ടെങ്കിൽ കുറ്റക്കാരെ കണ്ടുപിടിച്ചു ശിക്ഷിക്കണം. അതിനു നിയമപാലകരും അഴിമതിരഹിതരാകണം. ന്യായമായ സ്വാതന്ത്ര്യം മാനിച്ചുകൊണ്ടുള്ള കൃത്യമായ നിയമങ്ങൾ ഉണ്ടാകണം. സർവോപരി സമൂഹത്തിൽ ശരിയായ ധാർമികബോധമുണ്ടാകണം. അതിനു ഡിപ്പാർട്ട്മെന്റുകളോ സർക്കാരോ എന്താണു ചെയ്യുന്നത്?

### മറ്റു സങ്കീർണതകൾ

മറ്റു കാര്യങ്ങളിലേക്കു കടന്നാൽ വളരെയേറെ പിശകുകൾ സർക്കുലറിൽ ചൂണ്ടിക്കാണിക്കാൻ കഴിയും. അതിലേക്കിപ്പോൾ കടക്കുന്നില്ല. എങ്കിലും ഒന്നുരണ്ടു കാര്യങ്ങൾ മാത്രം എടുത്തുപറയട്ടെ. സർക്കുലറിൽ പറഞ്ഞിരിക്കുന്നതു പോലെ ഒരു അധ്യാപക നിയമനം നടക്കണമെങ്കിൽ എത്രകാലം വേണ്ടിവരും? നിയമന തസ്തിക ഡിപ്പാർട്ട്മെന്റിൽ അംഗീകരിക്കണം, പരസ്യപ്പെടുത്തിയശേഷം രണ്ടാഴ്ചയെങ്കിലും കാത്തിരിക്കണം, ലിസ്റ്റ് പ്രസിദ്ധീകരിക്കണം, വിദഗ്ധനായ ഗവൺമെന്റ് ഉദ്യോഗസ്ഥനെ കണ്ടുപിടിക്കണം, അദ്ദേഹത്തിന്റെ സൗകര്യമനുസരിച്ചായിരിക്കണം തീയതി നിശ്ചയിക്കൽ, ഇന്റർവ്യൂവിനു മൂന്നുപേരെങ്കിലും ഇല്ലെങ്കിൽ അവർ വരാൻ പിന്നെയും നോക്കിയിരിക്കണം- ഇതെല്ലാം കഴിഞ്ഞേ ഒരു പുതിയ വിദ്യാലയത്തിൽ പോലും നിയമനം നടത്താൻ പറ്റുകയുള്ളൂ എങ്കിൽ അതിന് എത്രകാലം വേണ്ടിവരും? ഇതിനെല്ലാം വേണ്ടിവരുന്ന ചെലവ് ആരു വഹിക്കും? വിദ്യാർഥിപ്രവേശനവും അധ്യാപക നിയമനവും സങ്കീർണമാക്കുംതോറും ചെലവു വർധിക്കുകയാണ്. ഡയറക്ടർ

**അഴിമതിയുണ്ടെങ്കിൽ കുറ്റക്കാരെ കണ്ടുപിടിച്ചു ശിക്ഷിക്കണം. അതിനു നിയമപാലകരും അഴിമതിരഹിതരാകണം. ന്യായമായ സ്വാതന്ത്ര്യം മാനിച്ചുകൊണ്ടുള്ള കൃത്യമായ നിയമങ്ങൾ ഉണ്ടാകണം. സർവോപരി സമൂഹത്തിൽ ശരിയായ ധാർമികബോധമുണ്ടാകണം.**

ചെലവു കണക്കാക്കിയിട്ടുണ്ടോ? ഒരു എയ്ഡഡ് വിദ്യാലയത്തിന് ഇതെല്ലാം താങ്ങാൻ എങ്ങനെ കഴിയും? ദശവർഷങ്ങളായി പരിഷ്കരിച്ചിട്ടില്ലാത്ത മെയ്ന്റനൻസ് ഗ്രാന്റ് ഇതിനെല്ലാം തികയുമെന്നു ആർക്കെങ്കിലും പറയാൻ കഴിയുമോ?

### അഴിമതി മാറ്റാനോ വളർത്താനോ?

വാസ്തവത്തിൽ ഈ സർക്കുലർ കൂടുതൽ അഴിമതിക്കു വഴിതുറക്കുകയാണ്. അഴിമതി വീരന്മാർക്ക് ഇതെല്ലാം മറികടന്ന് അഴിമതി നടത്താൻ കഴിയും. അഴിമതിക്കാരെ കണ്ടെത്തുകയും ശിക്ഷിക്കുകയും ചെയ്യുന്നതിനു പകരം മതന്യൂനപക്ഷങ്ങളുടെ മൗലികാവകാശം നിഷേധിക്കുകയാണോ വേണ്ടത്?

# ബാംഗ്ലൂർ മിഷൻ സഭയ്ക്കഭിമാനം

## മാർ ബോസ്കോ പുത്തൂർ

പഠനത്തിനും ജോലിക്കുമായി സഭയിലെ നല്ലൊരു ശതമാനം യുവജനങ്ങളും ബാംഗ്ലൂരിലേയ്ക്ക് കടന്നുവന്നിരിക്കുമ്പോൾ സഭയിവിടെ ശക്തിപ്പെട്ടിരിക്കുന്നുവെന്നും പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കണമെന്നും സീറോ മലബാർ സഭ കൂരിയ ബിഷപ് മാർ ബോസ്കോ പുത്തൂർ.

ബാംഗ്ലൂരിലെ സീറോ മലബാർ ലെയ്റ്റി സെന്ററിന്റെ മൂന്നാം വാർഷികം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മാർ പുത്തൂർ. ബാംഗ്ലൂർ സീറോ മലബാർ മിഷന്റെ പ്രവർത്തനങ്ങളെ മാർ പുത്തൂർ അഭിനന്ദിച്ചു. രൂപതയില്ലെങ്കിലും അതിലുപരിയായുള്ള സജീവത്വം ആഹ്ലാദം പകരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

വിവിധ സീറോ മലബാർ ഇടവകകളിലെയും, മിഷൻ സെന്ററുകളിലെയും വികാരിമാരും ട്രസ്റ്റിമാരും അല്മായ പ്രതിനിധികളും വാർഷികസമ്മേളനത്തിൽ പങ്കെടുത്തു. ബാംഗ്ലൂർ സീറോ മലബാർ മിഷൻ കോർഡിനേറ്റർ റവ.ഡോ. മാത്യു കോയിക്കര, അദ്ധ്യക്ഷത വഹിച്ച് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. സോണൽ കോർഡിനേറ്റർ ഫാ.തോമസ് കല്ലുകളം മുഖ്യപ്രഭാഷണവും വിശ്വാസപരിശീലന ഡയറക്ടർ ഫാ.ഡേവിസ് പാണാടൻ ആശംസയും നേർന്നു. ലെയ്റ്റി കോർഡിനേറ്റർ കെ.പി.ചാക്കപ്പൻ നന്ദി പ്രാകാശിപ്പിച്ചു.




എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് നൽകുന്നു (യോഹ.14:27).

# ഏകജാലകം സമ്പൂർണ്ണ പരാജയം

## അല്മായ കമ്മീഷൻ

തിരുവനന്തപുരം: വിദ്യാർത്ഥികളുടെ പഠിക്കുവാനുള്ള അവകാശത്തിന് വെല്ലുവിളി ഉയർത്തി മെറിറ്റ് അട്ടിമറിക്കുന്ന അവസ്ഥയിലെത്തിയിരിക്കുന്ന ഏകജാലക സംവിധാനം സമ്പൂർണ്ണ പരാജയമായിരിക്കുന്നുവെന്ന് സീറോ മലബാർ സഭ അല്മായ കമ്മീഷൻ.

എസ്എസ്എൽസി പരീക്ഷാഫലം പ്രഖ്യാപിച്ചു മാസങ്ങൾ കഴിഞ്ഞിട്ടും ഹയർസെക്കണ്ടറി അഡ്മിഷൻ പൂർണ്ണമായിട്ടില്ല. സിബിഎസ്ഇയിലും ഇതര സംസ്ഥാനങ്ങളിലും ഒരു ടേം ഓഗസ്റ്റിൽ പൂർത്തിയാകുമ്പോൾ ഏകജാലകത്തിൽ കേരളത്തിലെ വിദ്യാർത്ഥികൾ അഡ്മിഷനുവേണ്ടി ഇപ്പോഴും നെട്ടോട്ടമോടുന്നത് ഈ സംവിധാനത്തിന്റെ പരാജയമാണെന്ന് അല്മായ കമ്മീഷൻ പറഞ്ഞു.

മികച്ച വിദ്യാലയങ്ങളിൽ ഉയർന്ന മാർക്ക് ലഭിച്ച വിദ്യാർത്ഥികൾക്കുപോലും പ്രവേശനം ലഭിക്കാതിരിക്കെ സ്കൂൾ ട്രാൻസ്ഫർ, കോംബിനേഷൻ ട്രാൻസ്ഫർ എന്നീ നടപടികളിലൂടെ കുറഞ്ഞമാർക്ക് ലഭിച്ചവർക്ക് പ്രവേശനം ലഭിക്കുന്നത് അനീതിയാണ്. മെറിറ്റിനനുസരിച്ച് സ്കൂളുകൾ തെരഞ്ഞെടുക്കുന്നത് വിദ്യാർത്ഥിയുടെയും രക്ഷകർത്താവിന്റെയും അവകാശമാണ്; സർക്കാരിന്റെ ഔദാര്യമല്ല. എംഎൽഎ ഫണ്ട് എയ്ഡഡ് സ്കൂളുകൾക്ക് നൽകാൻ പാടില്ല എന്ന സംസ്ഥാന സർക്കാർ ഉത്തരവ് അടിയന്തിരമായി പിൻവലിക്കണമെന്നും അല്മായ കമ്മീഷൻഅഭ്യർത്ഥിച്ചു.

**പൊതുസമൂഹത്തെ പമ്പരവിഢികളാക്കി മൗലികവാദമുയർത്തി വിദേശപരിസ്ഥിതി ഏജൻസികളിൽ നിന്ന് പരിസ്ഥിതി സംരക്ഷണത്തിന്റെ മറവിൽ കോടാനുകോടികൾ സമ്പാദിക്കുന്ന ഇന്ത്യയിലെ ഒട്ടനവധി പരിസ്ഥിതി പ്രസ്ഥാനങ്ങൾ. കാടുകളും മേടുകളും എന്തെന്നറിയാതെ നഗരങ്ങളിലിരുന്ന് വാർത്താ ചാനലുകളിലും പഞ്ചനക്ഷത്ര ഹോട്ടലുകളിലും ചർച്ചാസമ്മേളനങ്ങളിലൂടെ പരിസ്ഥിതി സ്നേഹം പ്രസംഗിക്കുന്ന കപട പരിസ്ഥിതിവാദികൾ. മലയോരങ്ങളിൽ മണ്ണിനോടും മലമ്പനിയോടും മല്ലിട്ടുജീവിച്ച് മരങ്ങൾ വെച്ചുപിടിപ്പിച്ച് ഈ പുണ്യഭൂമിയെ പച്ചപ്പിൽ ചാലിച്ചെടുത്ത് മണ്ണിനെ നെഞ്ചോടുചേർത്തുപിടിക്കുന്ന കർഷകമക്കളെ വിദേശശക്തികൾക്ക് തീറെഴുതി കൊടുത്ത് കാലാവസ്ഥയെപ്പോലും കച്ചവടമാക്കുന്നവരുടെയും കേരളം മരുഭൂമിയെന്ന് അക്ഷരം നിരത്തിയവരുടെയും പൊയ്മുഖങ്ങൾ വലിച്ചുകീറുകയാണ് ദീപിക ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച ഈ മുഖപ്രസംഗം.**

**ഞങ്ങൾ വീണ്ടും ആവർത്തിക്കുന്നു:**

**പരിസ്ഥിതി സംരക്ഷിക്കപ്പെടണം; മനുഷ്യജീവനും സംരക്ഷണമുണ്ടാകണം.**

# പരിസ്ഥിതി മൗലികവാദികളുടെ ‘മരുഭൂമി’യിൽ തോരാത്ത മഴ

എന്തിനെയും കച്ചവടമാക്കുന്ന ചിലർ വരൾച്ചയെയും വെള്ളപ്പൊക്കത്തെയുംപോലും വാണിജ്യവത്കരിക്കുന്നതിൽ അദ്ഭുതമില്ല. ആരുടെയും വരുതിക്കു നിൽക്കുന്നതല്ല കാലാവസ്ഥയെന്നത് അവർ സമ്മതിച്ചുതരില്ല. കാലാവസ്ഥയെ നിയന്ത്രിക്കാനുള്ള ചില തന്ത്രങ്ങൾ തങ്ങളുടെ കൈയിലുണ്ട് എന്ന മട്ടിലാണ് അവരുടെ പ്രചാരണം. ജപ്പാനിൽ സുനാമിയും അമേരിക്കയിൽ കൊടുങ്കാറ്റും വെള്ളപ്പൊക്കവുമൊക്കെ വൻനാശം വിതയ്ക്കുന്നതു പലപ്പോഴും ആ രാജ്യങ്ങളിലെ അത്യാധുനിക കാലാവസ്ഥാ പ്രവചന സംവിധാനങ്ങളുടെ കണക്കുകൂട്ടലുകൾ കാറ്റിൽപ്പറത്തിയാണ്. മനുഷ്യനു നിയന്ത്രിക്കാനാവാത്ത പല പ്രതിഭാസങ്ങളും പ്രകൃതിയിലുണ്ട്. കാലാവസ്ഥയുമായി ബന്ധപ്പെട്ട പല കാര്യങ്ങളും അങ്ങനെതന്നെ. കാലാവസ്ഥയെ പൂർണമായും വരുതിക്കു നിർത്താൻ മരം വച്ചതുകൊണ്ടോ കാടു പിടിപ്പിച്ചതുകൊണ്ടോ കണ്ടൽ പടർത്തിയതുകൊണ്ടോ സാധിക്കണമെന്നില്ല. ഇതൊന്നും വേണ്ടെന്നല്ല പറയുന്നത്. തീർച്ചയായും വേണം, മനുഷ്യന്റെയും ജീവജാലങ്ങളുടെയും പ്രകൃതിയുടെയും അതിജീവനത്തിന് ആവശ്യമായ തോതിൽ.

രണ്ടു ദിവസം സൂര്യൻ തെളിഞ്ഞാൽ എന്തൊരു ചൂടെന്നായി നമ്മുടെ പരാതി. മഴ പെയ്താലോ? എന്തൊരു മഴ എന്നാവും. ചൂടും മഴയുമെല്ലാം നേരിട്ടല്ലേ മനുഷ്യന് ഈ ഭൂമിയിൽ ജീവിക്കാനാവൂ? കേരളത്തിലെ കാലാവസ്ഥയെക്കുറിച്ചു കുറച്ചുകാലം മുമ്പുവരെ ഉറച്ച ചില ധാരണകളുണ്ടായിരുന്നു. കാലവർഷം എന്നു തുടങ്ങും, തുലാവർഷം എന്നുവരെ എന്നൊക്കെ ഒട്ടൊക്കെ കൃത്യമായി മുൻകൂട്ടി പറയാൻ കഴിയുമായിരുന്നു. അതനുസരിച്ച് കർഷകരും മറ്റും തങ്ങളുടെ ജോലികൾ മുൻകൂട്ടി ക്രമീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ, അപ്പോഴും അപ്രതീക്ഷിതമായ പല കാലാവസ്ഥാ വ്യതിയാനങ്ങളും ഉണ്ടായിട്ടുണ്ട്. കൊടിയ വേനലും വലിയ വെള്ളപ്പൊക്കവും പണ്ടും നമ്മുടെ നാട്ടിലുണ്ടായിട്ടുണ്ട്. പക്ഷേ, ഇപ്പോൾ നമുക്ക് അവയൊന്നും സഹിക്കാൻ പറ്റുന്നില്ല. എന്നു മാത്രമല്ല, കാലാവസ്ഥയിലെ മാറ്റങ്ങൾക്കു ചില കാരണങ്ങളും നമ്മൾ കണ്ടുപിടിച്ചിരിക്കുന്നു.

മരവും കാടും നശിപ്പിച്ചതാണു മഴ കുറയാൻ കാരണം എന്നായിരുന്നു രണ്ടുമാസം മുമ്പുവരെ പരിസ്ഥിതി മൗലികവാദികളുടെ രോദനം. കേരളമാകെ മരുഭൂമിയാകുന്നുവെന്നു വിലപിച്ച് വലിയ അക്ഷരം നിരത്തിയവരുണ്ട്. ഇപ്പോൾ ഇടതടവില്ലാതെ രണ്ടുമാസമായി മഴ ചൊരിയുകയാണ്. ‘മരുഭൂമി’ വെള്ളപ്പൊക്കത്തിൽ വലയുകയാണ്. നട്ടുപിടിപ്പിച്ച മരം മുഴുവൻ വെട്ടണമെന്ന് ആരും എഴുതാത്തതു ഭാഗ്യം! ജലസംഭരണികളിൽ ജലനിരപ്പിന്റെ ഉയർച്ച റിക്കാർഡാണ്. പല ജലവൈദ്യുത പദ്ധതികളും ദിവസം മുഴുവൻ പ്രവർത്തിപ്പിച്ചു



വൈദ്യുതോത്പാദനം നടത്തുന്നു. മിച്ചമുള്ള വൈദ്യുതി കേന്ദ്ര പവർഗ്രിഡിലേക്കും കൊടുക്കുന്നുണ്ട്. മരമില്ലാത്തതുകൊണ്ടാണു മഴ പെയ്യാതിരുന്നതെന്നു പറഞ്ഞവർ ഇപ്പോൾ നിശബ്ദർ!

അർഥശൂന്യമായ ചില ആശയങ്ങൾ അവതരിപ്പിച്ച് സാധാരണക്കാരെ ആശയക്കുഴപ്പത്തിലാക്കി അതിലൂടെ നേട്ടം കൊയ്യുന്ന ചിലരുണ്ട്. ഇത്തരം തട്ടിപ്പുകാർ പരിസ്ഥിതി രംഗത്തും ഉണ്ട്. കുട്ടനാട്ടിലെ വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽ കൊടുംദുരിതത്തിൽ കഴിയുന്ന പതിനായിരങ്ങളുണ്ട്. പ്രാഥമികാവശ്യങ്ങൾപോലും നിർവഹിക്കാൻ അവർക്കു സൗകര്യമില്ല. സർക്കാരാണ് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതെന്നു പറഞ്ഞു പ്രകൃതിസ്നേഹികൾ മാറിനിൽക്കുന്നു. പ്രകൃതിസംരക്ഷണത്തിനായി സന്നദ്ധസംഘടനകളിലൂടെ കോടിക്കണക്കിനു രൂപ ചെലവഴിക്കുന്നവർക്കു പ്രകൃതിദുരന്തങ്ങളിൽപ്പെടുന്നവരുടെ ദുരിതം വിഷയമല്ല.

**മരവും കാടും നശിപ്പിച്ചതാണു മഴ കുറയാൻ കാരണം എന്നായിരുന്നു രണ്ടുമാസം മുമ്പുവരെ പരിസ്ഥിതി മൗലികവാദികളുടെ രോദനം. കേരളമാകെ മരുഭൂമിയാകുന്നുവെന്നു വിലപിച്ച് വലിയ അക്ഷരം നിരത്തിയവരുണ്ട്. ഇപ്പോൾ ഇടതടവില്ലാതെ രണ്ടുമാസമായി മഴ ചൊരിയുകയാണ്. ‘മരുഭൂമി’ വെള്ളപ്പൊക്ക ത്തിൽ വലയുകയാണ്. നട്ടുപിടിപ്പിച്ച മരം മുഴുവൻ വെട്ടണമെന്ന് ആരും എഴുതാത്തതു ഭാഗ്യം!**

കാലാവസ്ഥയുടെ കാര്യത്തിൽ നിശ്ചിത സമയപട്ടിക ആർക്കും നിശ്ചയിക്കാനാവില്ല. ജൂൺ ഒന്നിനു കാലവർഷം തുടങ്ങണമെന്നും ഇന്നദിവസം അതവസാനിക്കണമെന്നുമൊന്നും നമുക്കു നിഷ്കർഷിക്കാനാവില്ല. മൺസൂൺ അല്പം വൈകിയാലുടൻ അതു പ്രകൃതിയെ നശിപ്പിച്ചതുകൊണ്ടാണെന്നു പറയുന്നവരുണ്ട്. പ്രകൃതിയെ ചൂഷണം ചെയ്യാൻ ആർക്കും അവകാശമില്ല. മനുഷ്യർകൂടി ഉൾപ്പെട്ടതാണു പ്രകൃതി. മനുഷ്യരുടെ ഭക്ഷ്യോത്പാദനത്തിനും കാർഷികാവശ്യങ്ങൾക്കും മറ്റു ന്യായമായ കാര്യങ്ങൾക്കും ഭൂമി ഉപയോഗിക്കുമ്പോൾ അതു പ്രകൃതിയുമായി ചേർന്നുപോകുന്ന ഒരു പ്രക്രിയതന്നെയാണ്.

കാർഷികവൃത്തി പ്രകൃതിയുടെ സംരക്ഷണത്തിലൂന്നിയുള്ള പ്രവൃത്തിയാണ്. പ്രകൃതിക്കുണ്ടാകുന്ന ഏതു ക്ഷതത്തെക്കുറിച്ചും ഏറെ ഉത്കണ്ഠയുള്ളവർ കൃഷിക്കാർ തന്നെയാണ്. കാരണം പ്രകൃതിക്കുണ്ടാകുന്ന ഏതു ക്ഷതവും ഏറ്റവും കൂടുതൽ ബാധിക്കുന്നത് അവരെയാണ്. അതുകൊണ്ടുതന്നെ കർഷകരെയും കാർഷികവൃത്തിയെയും മാറ്റിനിർത്തി പ്രകൃതി സംരക്ഷണത്തെക്കുറിച്ചു സംസാരിക്കുന്നത് അർഥശൂന്യമാണ്.




**1. ശാരീരിക രോഗം**

കരൾ, നാഡീവ്യവസ്ഥ ഇവയെ സാരമായി ബാധിക്കും. എല്ലാത്തരത്തിലുള്ള രോഗങ്ങൾക്കും ശേഷിക്കുറവുകൾക്കും കാരണമാകുന്നു. പല പകർച്ചവ്യാധികൾക്കും അനാരോഗ്യം കാരണമാകും.

**2. മാനസിക രോഗം**

മദ്യപാനം മാനസിക നില തകർക്കുന്നു. ശരിയായ ആലോചനയില്ലായ്മയ്ക്കും മാനസിക രോഗങ്ങൾക്കും കാരണമാകുന്നു. മനോരോഗിയെപ്പോലെ മദ്യപാനി എപ്പോഴും പെരുമാറുന്നതുകൊണ്ട് മാനസികരോഗം തിരിച്ചറിയാൻ സാധിക്കാതെ വരുന്നു. സംശയരോഗികളാണ് മിക്ക മദ്യപരും.

**3. ആധ്യാത്മിക രോഗം**

ഏതു രോഗം വന്നാലും (ഉദാ.കാൻസർ, ഹൃദ്രോഗം) ദൈവത്തോട് രോഗി അടുക്കും. മദ്യപാനരോഗം വരുമ്പോൾ ദൈവത്തിൽ നിന്നകന്ന് പ്രാർത്ഥിക്കാതെയാകുന്നു. ദൈവാലയത്തിൽ പോക്കും നിലയ്ക്കുന്നു.

**4. കുടുംബരോഗം**

ഏതു രോഗം വന്നാലും അതു കുടുംബത്തിലെ എല്ലാവരേയും ബാധിക്കും. ഈ രോഗം വന്നാൽ കുടുംബത്തിന്റെ സാമ്പത്തിക തലം മാത്രമല്ല സമാധാനവും സന്തോഷവും ഇല്ലാതാകും. കുടുംബം നരകമാകും.

**5. സാമൂഹിക രോഗം**

സമൂഹത്തെയും ഈ രോഗി ഉപദ്രവിക്കുന്നു. ചീത്തവിളി, ബലാത്സംഗം, അപകടങ്ങൾ, കൊലപാതകം ഇങ്ങനെ നീളുന്നു സമൂഹത്തോടുള്ള വെല്ലുവിളി.

### നമുക്ക് എന്തുചെയ്യാം

1. മദ്യം ഉപയോഗിക്കാതിരിക്കുക. ആദ്യ പെഗ് എടുക്കാതിരിക്കുക.
2. മദ്യമുള്ള ആഘോഷങ്ങൾ നമ്മുടെ കുടുംബങ്ങളിൽ ഉണ്ടാവാതിരിക്കുക.
3. മദ്യപാനം രോഗമാണെന്നുള്ള കാര്യം കുടുംബാംഗങ്ങൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കുക. രോഗിയോടെന്നപോലെ ലഹരിക്കടിമപ്പെട്ടവരോട് പെരുമാറുക.
4. ഈ രോഗത്തിന് മോചനമില്ല. മരിക്കുംവരെ ആസക്തിയുണ്ട്. ഇതിൽ നിന്നും മാറിനിൽക്കുന്നവർ വീണ്ടും ഉപയോഗിക്കാതിരിക്കാനുള്ള സാഹചര്യം ഉണ്ടാക്കിക്കൊടുക്കുക.
5. ആൽക്കഹോളിക് അനോണിമസ് (എ.എ.) ഗ്രൂപ്പുകൾ, പ്രാർത്ഥനാഗ്രൂപ്പുകൾ ഇവയിലേയ്ക്ക് ലഹരിമോചിതരെ തിരിച്ചുവിടുക.
6. അലസവിനോദങ്ങൾ ഒഴിവാക്കുകയും ക്രിയാത്മക പ്രവർത്തനങ്ങളിലേയ്ക്ക് നയിക്കുകയും ചെയ്യുക.
7. പ്രാർത്ഥനയ്ക്ക് ജീവിതത്തിൽ പ്രാധാന്യം കൊടുക്കുക.
8. കഞ്ചാവു പോലുള്ള ലഹരിവസ്തുക്കൾ മാനസികരോഗത്തിലേയ്ക്ക് വേഗം കൊണ്ടു ചെല്ലുമെന്ന് തിരിച്ചറിയുക.
9. മദ്യവ്യവസായികളുടെ പണം സ്വീകരിക്കാതിരിക്കുക.

## രാഷ്ട്രീയ നേതൃത്വങ്ങൾ സാമൂഹികജീവിതം മലിനമാക്കുന്നു: സീറോ മലബാർ സഭ അല്മായ കമ്മീഷൻ

കോട്ടയം: രാഷ്ട്രീയനേതൃത്വങ്ങളും ഉപജാപകസംഘങ്ങളുമുയർത്തുന്ന അരോപണ പ്രത്യാരോപണങ്ങളും ആക്ഷേപ അവഹേളനങ്ങളും കേരളത്തിന്റെ സാമൂഹികജീവിതത്തെ മലിനമാക്കുന്നതും സാംസ്കാരിക പൈതൃകത്തെ മുറിവേൽപ്പിക്കുന്നതുമാണെന്ന് സീറോ മലബാർ സഭ അല്മായ കമ്മീഷൻ.

മാധ്യമങ്ങളിലൂടെ നിരന്തം പുറത്തുവരുന്ന വാർത്തകൾ കേരളസമൂഹത്തിന്റെ അന്തസ്സിനെയും ആത്മാഭിമാനത്തെയും സാക്ഷരസമൃദ്ധിയെയും ചോദ്യംചെയ്യുന്നതാണ്. ഈ മൂല്യശോഷണം വരുംനാളുകളിൽ സമൂഹത്തെ വൻതകർച്ചയിലേയ്ക്കു നയിക്കുമെന്ന് അല്മായ കമ്മീഷൻ പറഞ്ഞു.

നിസ്വാർത്ഥ സേവനത്തിന്റെ വേദിയായ പൊതുരംഗം അശ്ലീലതയുടെയും അധോലോകങ്ങളുടെയും ഇടത്താവളമായി മാറിയിരിക്കുന്നു. ഈ മേഖലയിൽ സത്യസന്ധതയും സാമൂഹികപ്രതിബദ്ധതയും കൈമോശം വന്നിരിക്കുകയാണ്. പൊതുപ്രവർത്തനമെന്നത് ഏതു നീചപ്രവൃത്തിയിലൂടെയും അധികാരം പിടിച്ചെടുക്കുവാനും നിലനിർത്തുവാനുമുള്ള മാർഗ്ഗവും അതുവഴി ജനങ്ങളെയും ജനകീയ പ്രശ്നങ്ങളേയും നാടിന്റെ വികസനപദ്ധതികളെയും അട്ടിമറിച്ച് സകലതും വെട്ടിപ്പിടിക്കുവാനുള്ള വ്യഗ്രതയായി അധഃപതിച്ചിരിക്കുന്നത് ലജ്ജാകരവും വേദനയുളവാക്കുന്നതുമാണെന്നും ഇതിനെതിരെ പൊതുസമൂഹം ശക്തമായി പ്രതികരിക്കണമെന്നും അല്മായ കമ്മീഷൻ അഭ്യർത്ഥിച്ചു.

## കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ മീഡിയ കോഴ്സുകൾ മുരിങ്ങൂർ DiMS ൽ ആരംഭിക്കുന്നു

വിവിധ ദൃശ്യമാധ്യമരംഗങ്ങളിൽ തൊഴിൽ ഉറപ്പാക്കുന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ മൂന്ന് ത്രിവത്സര റെഗുലർ ഡിഗ്രി കോഴ്സുകൾ ഈ അധ്യയന വർഷം മുതൽ ഡിവൈൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മീഡിയ സയൻസിൽ (DiMS)ആരംഭിക്കുകയാണ്. മൾട്ടിമീഡിയ രംഗത്ത് സമഗ്ര പരിശീലനം ലഭിക്കുന്ന Bachelor of Multimedia & Communication(BMMC), ഡിജിറ്റൽ ഫിലിം മേക്കിംഗ് പാഠ്യവിഷയമായ Bachelor of Visual Communication(BVC), ജേർണലിസത്തിനു പുറമെ റേഡിയോ ടെലിവിഷൻ മുഖ്യവിഷയമായ Bachelor of Mass Communication and Journalism(BMCJ) എന്നിവയാണ് DiMS-ൽ ഉടൻ ആരംഭിക്കുന്ന റെഗുലർ കോഴ്സുകൾ.

ഗുഡ്നെസ്, ഡിവൈൻ സാറ്റലൈറ്റ് ചാനലുകൾ പ്രവർത്തിക്കുന്ന ക്യാമ്പസിൽ തന്നെയാണ് DiMS-ഉം പ്രവർത്തിക്കുന്നത്. മാധ്യമ പഠനരംഗത്ത് മറ്റാർക്കും അവകാശപ്പെടാൻ കഴിയാത്ത ഈ സവിശേഷത DiMS-നെ വേറിട്ട ഒരു അൺഎയ്ഡഡ് കോളജാക്കുന്നു. ചാലക്കുടി മുരിങ്ങൂർ ഡിവൈൻ നഗറിലാണ് DiMS-ന്റെ ആസ്ഥാനം. വിൻസെൻഷ്യൻ വൈദികർ നേതൃത്വം നൽകുന്ന DiMS-ൽ മാധ്യമരംഗത്ത് നിരവധി വർഷങ്ങളുടെ അനുഭവസമ്പത്തും ഉന്നത ബിരുദങ്ങളുമുള്ള അധ്യാപകരാണ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്.

സിനിമ, ടെലിവിഷൻ രംഗത്തുനിന്നുള്ള പ്രഗത്ഭരും വിസിറ്റിംഗ് ഫാക്കൽറ്റിയായി പ്രവർത്തിക്കുന്നു. മൾട്ടിമീഡിയ, ഡിജിറ്റൽ ഫിലിം മേക്കിംഗ്, ബ്രോഡ്കാസ്റ്റ്, ജേർണലിസം എന്നീ വിഷയങ്ങളിൽ ഓരോ വിദ്യാർത്ഥികൾക്കും നേരിട്ടുള്ള പരിശീലനം നൽകാനുള്ള എല്ലാ അനുബന്ധ സജ്ജീകരണങ്ങളും DiMS-ൽ ഉണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവേശനവും ഹോസ്റ്റൽ സൗകര്യവും ഉണ്ട്.

“നന്മയാണ് വ്യത്യസ്തത” എന്ന മുദ്രാവാക്യവുമായി പ്രവർത്തനം ആരംഭിക്കുന്ന DiMS-ൽ അഡ്മിഷനും വിശദവിവരങ്ങൾക്കും ബന്ധപ്പെടുക:

**Divine Institute of Media Science, Muringoor**
**Tel:+91480 2700893, Mob:+918606430077**
**Website: www.dims.edu.in, Email: admission@dims.edu.in**

# അല്മായ മുന്നേറ്റത്തിന്റെ ഉണർത്തുപാട്ടുമായി

## അല്മായ കമ്മീഷന്റെ അഞ്ചുവർഷങ്ങൾ

**പമ്പാനദിക്കും ഭാരതപ്പുഴയ്ക്കുമിടയിൽ നിന്ന് ലോകത്തിന്റെ അതിർത്തികൾ വരെ ചെന്നെത്തിയിരിക്കുന്ന സഭാമക്കളിൽ വിശ്വാസചൈതന്യവും ആത്മീയ ഉണർവ്വും പകർന്നേകി സഭയുടെ മുഖ്യധാരയിൽ ശക്തിപ്പെടുത്തുന്ന സീറോ മലബാർ സഭ അല്മായ കമ്മീഷന്റെ ശുശ്രൂഷകൾ അഞ്ചുവർഷങ്ങൾ പിന്നിടുന്നു.**











ആഗോള തലത്തിൽ സജീവസാന്നിധ്യമായിരിക്കുന്ന സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയിലെ വിശ്വാസി സമൂഹത്തെ സഭയുടെ മുഖ്യധാരയിൽ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് 2008 ഓഗസ്റ്റ് 12 ന് ബിഷപ്പ്സ് സിനഡ് അല്മായ കമ്മീഷന് രൂപം നല്കിയത്. കമ്മീഷന്റെ ചെയർമാനായി മാർ മാത്യു അറയ്ക്കലിനെയും അംഗങ്ങളായി മാർ മാത്യു ആനിക്കുഴിക്കാട്ടിൽ, മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് എന്നിവരെയും 2009 ജനുവരി 15-ന് കമ്മീഷന്റെ പ്രഥമ സെക്രട്ടറിയായി അഡ്വ. വി.സി,. സെബാസ്റ്റ്യനെയും നിയമിച്ചു. 2008 ഒക്ടോബർ 2-ാം തീയതി സെന്റ് തോമസ് മൗണ്ടിൽ വിളിച്ചുകൂട്ടിയ അല്മായ നേതൃസമ്മേളനം (Consultation Council) സഭയുടെ പിതാവും തലവനുമായിരുന്ന മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ വർക്കി കാർഡിനൽ വിതയത്തിൽ ഉദ്ഘാടനം ചെയ്തു പങ്കുവെച്ച വാക്കുകൾ പ്രത്യേകം ശ്രദ്ധേയമാണ്. "അല്മായർക്കുവേണ്ടിയുള്ള ഈ കമ്മീഷൻ ഒരിക്കലും ഒരു സംഘടന അല്ല. അതേസമയം സീറോ മലബാർ സഭ വിവിധതലങ്ങളിലും വിവിധ രാജ്യങ്ങളിലുമുള്ള അത്മായസമൂഹം ഉൾക്കൊള്ളുന്ന അൽമായ സംഘടനകൾക്കിടയിൽ സഭയുടെ അംഗീകാരത്തോടുകൂടെ കൂട്ടായ പ്രവർത്തനങ്ങൾ കമ്മീഷൻ നടപ്പാക്കണം. സഭയുടെ ഉന്നത ആദർശങ്ങൾക്കുവേണ്ടി പൂർണ്ണമായി സമർപ്പിക്കാൻ വിശ്വാസിഗണത്തെയും സഭയുടെ സംഘടനകളെയും ഉത്തേജിപ്പിക്കുന്നതിനും കർമധീരതയോടെ മുന്നോട്ടു നയിക്കുന്നതിനും കമ്മീഷനു കഴിയണം. സഭ മുഴുവന്റെയും നന്മയ്ക്കുവേണ്ടി സഭാംഗങ്ങളുടെ കഴിവുകളും വിഭവശേഷിയും പ്രയോജനപ്പെടുത്താൻ കമ്മീഷൻ ശ്രദ്ധവയ്ക്കണം. സഭയുടെ പ്രേഷിത-ജീവകാരുണ്യ പ്രവർത്തനങ്ങൾ, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ തുടങ്ങി വിവിധ മേഖലകളിലുള്ള ഉദ്യമങ്ങൾക്ക് സജീവ അല്മായ പങ്കാളിത്തമുണ്ടാകണം."

പൗരസ്ത്യകത്തോലിക്കാ സഭകളിൽവച്ച് അംഗസംഖ്യകൊണ്ട് യുക്രേനിയൻ സഭ കഴിഞ്ഞാൽ രണ്ടാം സ്ഥാനത്തു നിൽക്കുന്ന സഭയാണ് സീറോ-മലബാർ സഭ. പാശ്ചാത്യപൗരസ്ത്യ സഭകളിൽ ഒന്നിലും ദർശിക്കാൻ സാധിക്കാത്ത വിധമുള്ള ഒരു അല്മായപങ്കാളിത്തം ആദ്യകാലം മുതൽ സീറോ-മലബാർ സഭാനേതൃത്വത്തിലുണ്ടായിരുന്നു. ആദിമകാലങ്ങളിൽ നമ്മുടെ സഭയിൽ നിലനിന്നിരുന്ന അൽമായപങ്കാളിത്തം എന്തായിരുന്നുവെന്നു മനസ്സിലാക്കുകയും അതിൽനിന്ന് ചൈതന്യമുൾക്കൊണ്ടുകൊണ്ട് സഭയെ കരുപ്പിടിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്യുകയാണ് അൽമായ കമ്മീഷൻ.

സഭയുടെ പ്രേഷിതദൗത്യത്തിൽ സഭാംഗങ്ങൾക്കെല്ലാം അവരവരുടേതായ പങ്കു നിർവഹിക്കാനുണ്ട്. പൗരസ്ത്യസഭകളുടെ കാനൻ നിയമത്തിൽ വിശ്വാസികളുടെ അവകാശങ്ങളെക്കുറിച്ച് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്: ദൈവശാസ്ത്രപഠനത്തിനുള്ള അവകാശം അല്മായർക്കുണ്ട്; സഭയുടെ പ്രേഷിതരംഗങ്ങളിൽ പങ്കാളികളാകാനും സഭാമക്കളുടെ ആവശ്യങ്ങൾ ഇടയന്മാരെ അറിയിക്കാനുമുള്ള കടമ അവർക്കുണ്ട്; ഒപ്പം തങ്ങളുടെ ക്രൈസ്തവധർമ്മങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി അല്മായരുടെ സംഘടനകളും സമിതികളും രൂപീകരിക്കുന്നതിനുള്ള അവകാശവുമുണ്ട്. കർത്താവ് നമ്മെ ഭരമേല്പിച്ച ദൗത്യം നാമൊരുമിച്ച് യഥാവിധി നിർവ്വഹിക്കുന്നതിനുവേണ്ടി അല്മായരുടെ ഇത്തരം അവകാശങ്ങളെക്കുറിച്ച് പഠിക്കാനും അവ വേണ്ടവിധം സമയാസമയങ്ങളിൽ ഉന്നയിക്കാനുമാണ് അല്മായ കമ്മീഷൻ ശ്രമിക്കുന്നത്.

അൽമായർ വിവിധ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നവരാണ്. അവർ പ്രവർത്തിക്കുന്ന മേഖലകളിലും അവർ നേരിടുന്ന പ്രശ്നങ്ങളിലും അവരെ സഹായിക്കുവാൻ കമ്മീഷനു കടമയുണ്ട്. പൊതുജീവിതത്തിൽ ധാർമ്മികമൂല്യസമുച്ചയം ഉയർത്തിപ്പിടിക്കുവാനും രാജ്യസ്നേഹം പുലർത്തുവാനും സേവനനിരതമായ ജീവിതം നയിക്കുവാനും വീക്ഷണഗതിയിൽ മാനവികതയുടെയും സാമൂഹ്യനീതിയുടെയും ചൈതന്യം പ്രസരിപ്പിക്കുവാനും അൽമായർക്ക് വേണ്ട പരിശീലനം നൽകുന്ന വേദിയാണ് അല്മായ കമ്മീഷൻ.

സീറോ-മലബാർ സഭാംഗങ്ങൾ കേരളത്തിന് പുറത്തും ഇന്ത്യയ്ക്ക് അപ്പുറവും കുടിയേറിയിരിക്കുകയാണല്ലോ. അവരെയെല്ലാം നമ്മുടെ ആരാധനാക്രമവും നമ്മുടെ ഭരണസംവിധാനവും അറിയിക്കണം. നമ്മുടെ പൈതൃകം അവരുടെ പുത്തൻതലമുറയുടെ ഇടയിലേക്ക് വ്യാപിപ്പിക്കാനും നാം ശ്രമിക്കണം. അവരുടെ സഭാതലത്തിലുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുവാൻ ഇതുവരെ ഒരു സംവിധാനമില്ലായിരുന്നു. കേരളത്തിന് പുറത്ത് സ്ഥാപിച്ച സീറോ-മലബാർ രൂപതകളും, അമേരിക്കയിൽ രൂപീകരിച്ച സീറോമലബാർ രൂപതയും, വിവിധ മിഷൻകേന്ദ്രങ്ങളും, ഗൾഫ് രാജ്യങ്ങളിലെ അല്മായ സമൂഹ കൂട്ടായ്മകളും ബാഹ്യകേരളത്തിലെ സീറോ മലബാർ സഭാംഗങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ നടത്തുന്ന ശ്രമങ്ങൾ പ്രശംസനീയമാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സീറോ-മലബാർ സഭാംഗങ്ങളായ അൽമായരുടെ ശക്തമായ ഒരു

(ശേഷം അടുത്ത പേജിൽ)

















കൂട്ടായ്മ വളർത്തിയെടുക്കുക എന്നത് അല്മായ കമ്മീഷന്റെ ലക്ഷ്യമാണ്. അതിന്റെ പ്രാരംഭമായാണ് 2009 ഓഗസ്റ്റ് 13 മുതൽ 15 വരെ സഭാ ആസ്ഥാനമായ കൊച്ചി കാക്കനാട് മൗണ്ട് സെന്റ് തോമസ്സിൽ അന്തർദ്ദേശീയ അല്മായ അസംബ്ലി സംഘടിപ്പിച്ചത്. ഇന്ത്യയിലും വിദേശത്തുമുള്ള വിവിധ സീറോ മലബാർ രൂപതകളിലെയും മിഷൻ കേന്ദ്രങ്ങളിലെയും അല്മായ പ്രസ്ഥാനങ്ങൾ, ഭക്തസംഘടനകൾ എന്നിവയുടെയും പ്രതിനിധികൾ അല്മായ അസംബ്ലിയിൽ പങ്കെടുക്കുകയുണ്ടായി. സഭാംഗങ്ങളായ വിദ്യാഭ്യാസ-ഉദ്യോഗസ്ഥ പ്രമുഖർ, കാർഷിക വിദഗ്ദ്ധർ, സാഹിത്യ, സാംസ്കാരിക, സാമൂഹ്യ, ജീവകാരുണ്യ പവർത്തകർ തുടങ്ങി വിവിധങ്ങളായ മേഖലകളിൽ സേവനം ചെയ്യുന്നവരുടെ പ്രതിനിധികളും പങ്കെടുത്തു.

ലോകമെമ്പാടുമുള്ള സീറോ മലബാർ സഭാ അല്മായ സമൂഹത്തെ വിശ്വാസത്തിലും, പൈതൃകത്തിലും പ്രവർത്തനമേഖലകളിലും ശക്തിപ്പെടുത്തുക, സഭയുടെ വിവിധ തലങ്ങളിൽ അല്മായ പങ്കാളിത്തം സജീവമാക്കുക, സഭ നേരിടുന്ന വെല്ലുവിളികളിൽ അല്മായ പ്രതികരണത്തിനായുള്ള പൊതുവേദി ഒരുക്കുക, അല്മായ സമൂഹത്തിന്റെ അറിവും, പ്രവർത്തിപരിചയവും വൈദഗ്ദ്ധ്യവും കാര്യക്ഷമമായി ഉപയോഗപ്പെടുത്തുവാനുള്ള അവസരങ്ങളൊരുക്കുക, കുടുംബങ്ങളിലും, പ്രവർത്തന മേഖലകളിലും മാനുഷിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുവാൻ പ്രോത്സാഹിപ്പിക്കുക, സഭയുടെ പഠനങ്ങൾ, മാർഗ്ഗരേഖകൾ, നിയമങ്ങൾ, എന്നിവയെക്കുറിച്ച് വിശ്വാസി സമൂഹത്തിന് കൂടുതൽ അറിയുവാനുള്ള അവസരമുണ്ടാക്കുക, വിശ്വസാഹോദര്യവും പരസ്പസഹകരണവും വളർത്തിയെടുക്കുക എന്നിവയുടെ സാക്ഷാത്കാരമാണ് അല്മായ കമ്മീഷന്റെ ആഗോളതല പ്രവർത്തനങ്ങൾ.

കഴിഞ്ഞ അഞ്ച് വർഷങ്ങൾക്കുള്ളിൽ സഭയുടെ അല്മായ പ്രവർത്തന മേഖലയിൽ ചലനാത്മകമായ മുന്നേറ്റങ്ങൾ നടത്തുവാൻ അല്മായ കമ്മീഷനായിട്ടുണ്ട്. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാരുടെയും അല്മായ സംഘടനാ പ്രതിനിധികളുടെയും അല്മായ നേതാക്കളുടെയും സമ്മേളനങ്ങളും ട്രെയ്നിംഗ് പ്രോഗ്രാമുകളും ആശയരൂപീകരണങ്ങളും പ്രവർത്തനങ്ങളിൽ പുത്തൻ ചിന്തകൾ പകർന്നേകി. സഭാമക്കളും പൊതുസമൂഹവും അഭിമുഖീകരിക്കുന്ന ഒട്ടനവധി പ്രശ്നങ്ങളിൽ അടിയന്തിരമായി ഇടപെടുന്നതിലും ശക്തമായി പ്രതികരിക്കുന്നതിലും നിസപാടുകൾ ഉന്നതസംവിധാനങ്ങളിലെത്തിക്കുന്നതിനും കമ്മീഷന് സാധിച്ചു. പ്രവാസികളായ സഭാമക്കളുടെ തൊഴിൽ വിസ പ്രശ്നങ്ങൾ, മടക്കയാത്രയിലും പുനരധിവാസ പ്രക്രിയയിലുമുണ്ടാകുന്ന തടസങ്ങൾ, മരണാനുബന്ധ നിയമപ്രശ്നങ്ങൾ തുടങ്ങിയ തലങ്ങളിൽ അല്മായ കമ്മീഷന്റെ ഇടപെടലുകൾ പ്രത്യേകം പരാമർശിക്കപ്പെടുന്നു. തൊഴിൽ കുടിയേറ്റങ്ങൾക്കതീതമായി കാർഷിക കുടിയേറ്റ ചിന്തകളും തുടർനടപടികളുമുണ്ടായി. ജീവന്റെ സംരക്ഷണം, കാൻസറിനെതിരെ പോരാട്ടം തുടങ്ങിയ പദ്ധതികൾ പൊതുസമൂഹം സ്വാഗതം ചെയ്തു.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ മിഷൻ രൂപതകളിലും മിഷൻ കേന്ദ്രങ്ങളിലും ബന്ധപ്പെട്ട് പ്രവർത്തിക്കുവാൻ അല്മായ കമ്മീഷന് സാധിച്ചു. ബാംഗ്ലൂർ ലെയ്റ്റി സെന്ററിന്റെ പ്രവർത്തനങ്ങൾ മാതൃകയാണ്. ബാംഗ്ലൂർ, ചെന്നൈ, ഡൽഹി, ഹൈദ്രാബാദ്, ബോംബെ എന്നിവിടങ്ങളിലെ അല്മായ സമ്മേളനങ്ങൾ, പാസ്റ്ററൽ കൗൺസിൽ സമ്മേളനങ്ങൾ എന്നിവ പ്രത്യേകം സ്മരിക്കുന്നു.

കഴിഞ്ഞ അഞ്ചു വർഷങ്ങൾക്കുള്ളിൽ വിവിധ രാജ്യങ്ങളിലേയ്ക്കും അല്മായ കമ്മീഷന്റെ പ്രവർത്തനങ്ങൾ മുന്നേറി. ഖത്തർ, ബഹ്റിൻ, മസ്ക്കറ്റ്, കുവൈറ്റ്, ദുബൈ, ഷാർജ, റോം, സ്വിറ്റ്സർലാന്റ്, ഇംഗ്ലണ്ട്, അയർലന്റ്, സ്കോട്ട്ലന്റ്, സിങ്കപ്പൂർ, ഓസ്ട്രിയ, ജർമ്മനി, നെതർലാന്റ്, ന്യൂസ്‌ലാന്റ്, ഓസ്ട്രേലിയ തുടങ്ങി വിവിധ രാജ്യങ്ങളിലെ ഒട്ടനവധി കേന്ദ്രങ്ങളിൽ അല്മായ കൂട്ടായ്മകളുടെ വേദികളൊരുക്കുവാനായി. വരുംനാളുകളിൽ കാനഡ, ആഫ്രിക്ക എന്നിവിടങ്ങളിൽ പ്രവർത്തനങ്ങൾ സജീവമാകും.

കേരളത്തിലെ കുടുംബങ്ങളിൽ നിന്നാരംഭിച്ച് കുടുംബകൂട്ടായ്മയിലൂടെ, ഇടവകകളിലൂടെ, രൂപതകളിലൂടെ കേരളത്തിലുടനീളവും ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളിലും വിവിധ രാജ്യങ്ങളിലുമായി സഭയ്ക്ക് സാക്ഷ്യം വഹിക്കുന്ന വിശ്വാസി സമൂഹത്തെ കോർത്തിണക്കുന്ന ലെയ്റ്റി നെറ്റ്വർക്ക് സംവിധാനം അല്മായ കമ്മീഷനുണ്ട്. "ലെയ്റ്റ് വോയ്സ്" ഇ-മാസിക 3 ലക്ഷത്തോളം വായനക്കാരിലേയ്ക്ക് എത്തിക്കാനാവുന്നു.

അല്മായ കമ്മീഷന്റെ നേതൃത്വത്തിൽ വിവിധ അല്മായ ഫോറങ്ങൾ സഭയിലിന്ന് സജീവമാണ്. യുവജനങ്ങൾക്കായി സീറോ മലബാർ യൂത്ത് മിനിസ്ട്രി, വനിതകൾക്കായി വുമൻസ് ഫോറം, ഹിസ്റ്ററി ആന്റ് റിസർച്ച് ഫോറം, പ്രൊഫഷണൽസ് ഫോറം, സയൻസ് ആന്റ് ടെക്നോളജി ഫോറം, അഗ്രിക്കൾച്ചറൽ ഫോറം, മീഡിയ ഫോറം, എന്റർപ്രണേഴ്സ് ഫോറം, ദളിത് ഫോറം, എന്നിവ ഇവയിൽ ചിലതു മാത്രം. കേരളത്തിൽ പ്രവർത്തിക്കുന്ന അല്മായ സംഘടനയായ കത്തോലിക്ക കോൺഗ്രസ് ഉൾപ്പെടെ വിവിധ രാജ്യങ്ങളിലുള്ള അല്മായ പ്രസ്ഥാനങ്ങളെ ശക്തിപ്പെടുത്തുക എന്നതും കമ്മീഷന്റെ ലക്ഷ്യമാണ്. ലോകത്തിന്റെ വിവിധ രാജ്യങ്ങളിലുള്ള വിശ്വാസിസമൂഹത്തെ സഭാകേന്ദ്രവുമായി കോർത്തിണക്കുവാൻ അല്മായ കമ്മീഷൻ പ്രതിജ്ഞാബദ്ധമാണ്. ഈ മുന്നേറ്റത്തിൽ ഭാഗഭാക്കായി, ചൈതന്യം പകർന്ന് സഭയിൽ അല്മായ പങ്കാളിത്തം സജീവമാക്കാം.

# വിശ്വാസപരിശീലനം സഭയുടെ കാഴ്ചപ്പാടിൽ

# മാതാപിതാക്കളും പരിശീലനവും

വിശ്വാസപരിശീലനം എന്തെന്നു വ്യക്തമാക്കുന്ന കൃത്യമായ നിർവ്വചനം സീറോ മലബാർ സഭയുടെ മതബോധന ഡയറക്ടറി അവതരിപ്പിക്കുന്നുണ്ട്. അത് ഇപ്രകാരമാണ്: "ക്രിസ്തീയ വിശ്വാസത്തിന്റെ പക്വതയിലേക്കും ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണതയിലേക്കും ക്രിസ്തുവിശ്വാസികളെ നയിക്കുകയെന്ന ലക്ഷ്യത്തോടെ ക്രിസ്തീയവിശ്വാസസംഹിതയെ അധികരിച്ച്, മാമ്മോദീസ സ്വീകരിച്ചവർക്കായി സഭ നല്കുന്ന ക്രമാനുഗതവും സമഗ്രവുമായ പ്രബോധന പ്രക്രിയയാണ് വിശ്വാസപരിശീലനം അഥവാ മതബോധനം."

ഒരുവനെ വിശ്വാസത്തിന്റെ പക്വതയിലേക്കും പൂർണ്ണതയിലേക്കും നയിക്കുക എന്നുവച്ചാൽ അത് കേവലം വിശ്വാസപരമായ അറിവിലുള്ള വളർച്ചയല്ല. മറിച്ച്, വിശ്വാസത്തിന്റെ അറിവിലും അനുഭവത്തിലും ജീവിതത്തിലുമുള്ള വളർച്ചയാണ്. നിരന്തരമായ വിശ്വാസപരിശീലനത്തിലൂടെയും വിശ്വാസപരിപോഷണത്തിലൂടെയുമാണ് ഇതു സാധ്യമാകുന്നത്. ഇതുവഴി ഓരോ വിശ്വാസിയും വിശ്വാസത്തിന്റെ എല്ലാതലങ്ങളിലും രൂപീകരിക്കപ്പെടുകയും അവനവന്റെ ജീവിത സാഹചര്യങ്ങളിൽ ക്രിസ്തുവിന്റെ സാക്ഷികളായി ജീവിക്കാനുള്ള പരിശീലനം നേടുകയും ചെയ്യുന്നു.

## 1. വിശ്വാസപരിശീലനം : കാര്യവും കാതലും

സഭയിലെ ശുശ്രൂഷകളിൽ സുപ്രധാനമായ ഒരു ശുശ്രൂഷയാണു വിശ്വാസപരിശീലനം. ദൈവാരാധന കഴിഞ്ഞാൽ ഏറ്റവും പ്രധാനപ്പെട്ട ശുശ്രൂഷയുമാണിത്. ഇക്കാര്യം ശരിയായി ഗ്രഹിക്കാൻ താഴെപ്പറയുന്ന മൂന്നുകാര്യങ്ങളെക്കുറിച്ചുള്ള അറിവു സഹായിക്കും.

### a. സഭയെന്നാൽ എന്ത്?

സഭയെന്നാൽ എന്താണെന്നു വ്യക്തമായാലേ വിശ്വാസപരിശീലനം എന്താണെന്നു ശരിയായി മനസ്സിലാക്കാൻ കഴിയൂ. ഒന്നാമതായി, സഭ ദൈവത്തിന്റെ ജനമാണ്. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ജനമാണത്. തന്റെ ഏകജാതനായ യേശുവിലൂടെ അവിടന്നു നമ്മെ വിളിച്ചു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഒന്നാക്കപ്പെട്ട ഒരു വിശുദ്ധജനമാണു സഭ.

രണ്ടാമതായി, സഭ മിശിഹായുടെ മൗതിക ശരീരമാണ്. സഭയാകുന്ന ശരീരത്തിന്റെ ശിരസ്സാണു ക്രിസ്തു. സഭ ക്രിസ്തുവിലും ക്രിസ്തുവിലൂടെയും ജീവിക്കുന്നു. ക്രിസ്തുവിന്റെ സാന്നിദ്ധ്യം ഇന്നു ലോകത്തിന് അനുഭവവേദ്യമാകുന്നതു ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയിലൂടെയാണ്.

മൂന്നാമതായി, രക്ഷയുടെ കൂദാശയാണ് സഭ. ദൈവം തന്റെ ഏകജാതനിൽ ആരംഭിച്ച രക്ഷാകരദൗത്യം ഇന്നും തുടർന്നുകൊണ്ടു പോകുന്നതു ക്രിസ്തുവിന്റെ മൗതികശരീരമായ സഭയിലൂടെയാണ്.

### b. സഭയിലെ ശുശ്രൂഷകൾ

സഭയ്ക്ക് തന്റെ ദൗത്യനിർവ്വഹണത്തിന് ഉപകരിക്കുന്ന വിവിധ ശുശ്രൂഷകളുണ്ട്. സഭയെ ഭരമേല്പിച്ചിരിക്കുന്ന രക്ഷാകരദൗത്യം തുടരുകയെന്ന കർമം ഈ ശുശ്രൂഷകളിലൂടെ സാധിക്കുന്നു. പ്രവാചകനും പുരോഹിതനും രാജാവുമായ ക്രിസ്തുവിന്റെ തുടർച്ചയായ സഭയ്ക്ക് അടിസ്ഥാനപരമായി മൂന്നു ശുശ്രൂഷകളാണ് ഉള്ളത്: പ്രവാചക ശുശ്രൂഷ, പുരോഹിത ശുശ്രൂഷ, രാജകീയ ശുശ്രൂഷ.

സഭയിലെ മറ്റെല്ലാ ശുശ്രൂഷകളെയും ഈ മൂന്നിൽ സംഗ്രഹിച്ചു കാണാവുന്നതാണ്.

### c. വിശ്വാസപരിശീലനം : പ്രവാചക ശുശ്രൂഷയുടെ ഭാഗം

സഭയിലെ പ്രവാചക ശുശ്രൂഷയുടെ ഒരു പ്രധാന ഭാഗമാണു വിശ്വാസപരിശീലനം അഥവാ കാറ്റക്കേസിസ്. പ്രവാചക ശുശ്രൂഷയ്ക്കു മൂന്നു രൂപങ്ങൾ അഥവാ തലങ്ങൾ ഉണ്ട്. അതിൽ ഒന്നാമത്തേതു വിശ്വാസപ്രഘോഷണമാണ്. ഇതിന്റെ ലക്ഷ്യം ശ്രോതാക്കളിൽ വിശ്വാസം ജനിപ്പിക്കുകയും ഉണർത്തുകയും ചെയ്യുകയെന്നതാണ്. സുവിശേഷവത്കരണം എന്നാണ് ഈ തലത്തെ സഭ വിശേഷിപ്പിക്കുന്നത്.

രണ്ടാമത്തെ തലം വിശ്വാസപരിശീലനമാണ്. ഇതിന്റെ ലക്ഷ്യമാകട്ടെ, ശ്രോതാക്കളിൽ വിശ്വാസം വളർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുകയെന്നതാണ്. കാറ്റക്കേസിസ് അഥവാ മതബോധനം എന്നു വിവക്ഷിക്കപ്പെടുന്ന ഈ തലത്തിലൂടെ വിശ്വാസത്തിന്റെ പക്വതയിലേക്കു ശ്രോതാക്കളെ നയിക്കാൻ കഴിയുന്നു.

വിശ്വാസവ്യാഖ്യാനമാണു മൂന്നാമത്തേത്. ശ്രോതാക്കളെ വിശ്വാസത്തിൽ ആഴപ്പെടുത്താനും ഉറപ്പിക്കാനും നിലനിറുത്താനും ഇത് ഉപകരിക്കുന്നു. 'ദൈവശാസ്ത്രപരമായ പ്രബോധനം' അഥവാ 'തിയളോജിയ' എന്നറിയപ്പെടുന്ന ഈ മാർഗത്തിൽ സുവിശേഷ പ്രസംഗവും വ്യാഖ്യാനവും ഉൾപ്പെടുന്നു.

മേൽപ്പറഞ്ഞ മൂന്നുരൂപങ്ങളിൽ രണ്ടാമത്തേതായ വിശ്വാസപരിശീലനമാണു മതബോധനം അഥവാ കാറ്റക്കേസിസ് എന്ന ശുശ്രൂഷ.

## 2 . വിശ്വാസപരിശീലനം:

### ഒരു പ്രബോധനപ്രക്രിയ

സഭയിലെ പ്രവാചകശുശ്രൂഷയുടെ ഭാഗമായ പ്രബോധനപ്രക്രിയയാണു വിശ്വാസപരിശീലനം. ഈ പ്രബോധന പ്രക്രിയയുടെ സവിശേഷതകളെ അടുത്തറിയാനാണ് ഇനി നാം ശ്രമിക്കുന്നത്.

### a. പ്രബോധനാത്മകം

വിശ്വാസപരിശീലനം പ്രബോധനാത്മകമായിരിക്കണം. ബോധപൂർവ്വകമായ ബോധനങ്ങളാണു യഥാർത്ഥത്തിൽ പ്രബോധനം. കൃത്യമായ ലക്ഷ്യങ്ങൾ അതിനു പിന്നിലുണ്ടാകണം. ഇവിടെ വിശ്വാസപരിശീലകൻ പ്രബോധകനായി മാറുന്നു.

### b. സമഗ്രം

വിശ്വാസപരിശീലനം സമഗ്രമായിരിക്കണം എന്നതിനർത്ഥം, വിശ്വാസത്തിന്റെ മൂന്നു തലങ്ങൾ അത് ഉൾക്കൊണ്ടിരിക്കണമെന്നതാണ്. അറിവിന്റെ തലം, അനുഭവത്തിന്റെ തലം, ജീവിതത്തിന്റെ തലം എന്നിവയാണവ. കേവലം പാഠങ്ങളല്ല, അനുഭവവും ജീവിതവും വിശ്വാസത്തിന്റെ കണ്ണാടിയിൽ പ്രതിഫലിച്ചുകാണുന്നതെന്തോ അതാണു വിശ്വാസപരിശീലനം. അതിന് ഉതകുന്നതെല്ലാം മേൽപ്പറഞ്ഞ സമഗ്രതയിൽ ഉൾച്ചേരുന്നു.

(തുടരും)

## സീറോ മലബാർ സഭ വിശ്വാസ പരിശീലന കമ്മീഷൻ



മാർ ജേക്കബ് മനത്തോടത്ത്
*ചെയർമാൻ*



മാർ പോളി കണ്ണൂക്കാടൻ
*മെമ്പർ*



മാർ ജോസഫ് പണ്ടാരശ്ശേരി
*മെമ്പർ*



ഫാ.ജോർജ് ദാനവേലിൽ
*സെക്രട്ടറി*

സീറോ മലബാർ സഭയുടെ വിശ്വാസപരിശീലന കമ്മീഷൻ പ്രസിദ്ധീകരിച്ചിരിക്കുന്ന "മാതാപിതാക്കളും വിശ്വാസപരിശീലനവും" എന്ന മാർഗ്ഗനിർദ്ദേശക ഗ്രന്ഥത്തിലെ ഏതാനും ഭാഗങ്ങൾ 'ലെയ്റ്റി വോയ്സ്' തുടർലക്കങ്ങളിൽ പുനരാവിഷ്കരിക്കുകയാണ്. ലോകമെമ്പാടുമുള്ള സഭാമക്കൾക്ക് വളർച്ചയുടെ പാതയിൽ പുത്തൻവെളിച്ചം പകരുന്ന ഈ ഗ്രന്ഥത്തിനായി വിശ്വാസപരിശീലന കമ്മീഷനുമായി സഭാകേന്ദ്രത്തിൽ ബന്ധപ്പെടുക.

# പ്രവാസിമക്കളുടെ സംഗമത്തിന് സ്വാഗതമേകി സഭാകേന്ദ്രം

**വി.സി.സെബാസ്റ്റ്യൻ, സെക്രട്ടറി അല്മായ കമ്മീഷൻ**

സീറോ മലബാർ സഭ പ്രവാസിസംഗമത്തിന് കൊച്ചി, കാക്കനാട്ടുള്ള സഭാ ആസ്ഥാനം ഒരുക്കത്തിലാണ്. ഓഗസ്റ്റ് 18ന് രാവിലെ 9ന് ആരംഭിച്ച് വൈകുന്നേരം വിശുദ്ധ കുർബാന യോടെ സംഗമം സമാപിക്കും. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ രൂപതകളിൽ നിന്നും, മിഷൻ കേന്ദ്രങ്ങളിൽ നിന്നും, വിവിധ രാജ്യങ്ങളിൽ നിന്നുമുള്ള പ്രതിനിധികളെക്കൂടാതെ കേരളത്തിലെ വിവിധ രൂപതകളിൽ നിന്നുള്ള പ്രാതിനിധ്യവും സമ്മേളനത്തിലുണ്ടാകും. പ്രവാസി അജപാലന കമ്മീഷന്റെ നേതൃത്വത്തിൽ നടക്കുന്ന ഈ ഏകദിനകൂട്ടായ്മ ആഗോളതല സഭാപ്രവർത്തനങ്ങൾക്ക് ഊടുംപാവും നൽകും. കേന്ദ്ര പ്രവാസികാര്യ വകുപ്പ് മന്ത്രി വയലാർ രവി സംഗമം ഉദ്ഘാടനം ചെയ്യും. സഭാതലവനായ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് സഭാമക്കളുമായി മുഴുവൻ സമയം ആശയ വിനിമയം നടത്തി ചെലവഴിക്കുന്നതാണ്. സഭയിലെ വിവിധ കമ്മീഷനുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് സെക്രട്ടറിമാർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. വിവിധ രാജ്യങ്ങളിൽ നന്നുള്ള പ്രതിനിധികൾ റിപ്പോർട്ട് അവതരിപ്പിക്കും. പ്രവാസി-ഇവഞ്ചലൈസേഷൻ കമ്മീഷൻ ചെയർമാൻ മാർ സെബാസ്റ്റ്യൻ വടക്കേൽ, അംഗങ്ങളായ മാർ സൈമൺ സ്റ്റോക്ക് പാലാത്ര, മാർ ആന്റണി ചിറയത്ത്, സെക്രട്ടറി ഫാ.ജോസ് ചെറിയമ്പനാട്ട് എന്നിവരുടെ നേതൃത്വത്തിൽ നടക്കുന്ന ഈ കൂട്ടായ്മയ്ക്ക് അല്മായ കമ്മീഷന്റെ ആശംസകളും പ്രാർത്ഥനകളും നേരുന്നതിനോടൊപ്പം ചില ചരിത്രപശ്ചാത്തലത്തിലേയ്ക്ക് വിരൽ ചൂണ്ടുകയുമാണ്.

പമ്പാനദിക്കും ഭാരതപ്പുഴയ്ക്കുമിടയിൽ നിന്ന് മാർത്തോമ്മാ പാരമ്പര്യവും, പൈതൃകവും നെഞ്ചിലേറ്റി ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളിലും വിവിധ രാജ്യങ്ങളിലുമായുള്ള സീറോ മലബാർ സഭയിലെ അല്മായ സമൂഹത്തിന്റെ അന്തർദേശീയ കുടിയേറ്റത്തിന് നീണ്ടനാളുകളുടെ പഴക്കമില്ല.

### സീറോ മലബാർ സഭാമക്കൾ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ

1940-കളിൽ ഇന്ത്യയുടെ പലയിടങ്ങളിലേയ്ക്ക് സീറോ മലബാർ സഭാംഗങ്ങളുടെ ഒറ്റപ്പെട്ട കുടിയേറ്റങ്ങൾ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്നു. 1950-60കൾ ജോലിതേടിയുള്ള ചെറുപ്പക്കാരുടെ ഇതരസംസ്ഥാനങ്ങളിലേയ്ക്കുള്ള യാത്രയിൽ സീറോ മലബാർ സഭ അല്മായ സമൂഹവും ഉൾക്കൊണ്ടിട്ടുണ്ട്. ബാംഗ്ലൂർ, ബോംബെ, മദ്രാസ്, ഡൽഹി, ഗുജറാത്ത് എന്നിവിടങ്ങളിലേയ്ക്ക് സഭയിലെ അല്മായർ ഓഫീസ് (Clerical), ഫാക്ടറി, നിർമ്മാണ ജോലികൾക്കായി കുടിയേറുവാൻ തുടങ്ങി. അഹമ്മദാബാദ്, ബെറോഡ, ഭോപ്പാൽ, ഔറംഗബാദ്, ഇൻഡോർ, നാഗപ്പൂർ എന്നിവിടങ്ങൾ ഇതിനുദാഹരണങ്ങളാണ്.

1960-75കളിൽ നേഴ്സിംഗ് വിദ്യാഭ്യാസത്തിൽ നമ്മുടെ പെൺകുട്ടികൾ ശ്രദ്ധകേന്ദ്രീകരിക്കുകയും പഠനത്തിനും ജോലിക്കുമായി പ്രധാന നഗരങ്ങളിലെത്തുകയും ചെയ്തു. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നമ്മുടെ മക്കൾക്ക് അവസരം ഒരുക്കിക്കൊടുത്തതിൽ വൈദികരും കന്യാസ്ത്രീകളും നല്ല പങ്കുവഹിച്ചിട്ടുണ്ട്. ബന്ധുക്കാരും സ്വന്തക്കാരുമായ പെൺകുട്ടികളെ നേഴ്സിംഗ് പഠിക്കുവാനും ജോലിക്കുമായി പ്രോത്സാഹനം നൽകി. അങ്ങനെ ഒരു കുടിയേറ്റ ഒഴുക്കിന് സംഘടിത തുടക്കമായി.

1975-90 കളിൽ നേഴ്സിംഗ് മേഖലയിലെ കുതിപ്പ് ശക്തമായി. ഗവൺമെന്റ് ജോലികളിൽ അവസരങ്ങൾ കണ്ടെത്തി, കൂടുതൽ പഠനങ്ങൾക്കായി ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾ ആകർഷിക്കപ്പെട്ടു. അങ്ങനെ പഠനത്തിനും ജോലിക്കുമായി പോയവരും വിവാഹിതരായി എത്തിയവരും ആയിരിക്കുന്ന സ്ഥലങ്ങളിൽ സ്ഥിരതാമസം തുടങ്ങി.

നഗരങ്ങളിലെയും ഇതര സംസ്ഥാനങ്ങളിലെയും ജീവിത സാഹചര്യങ്ങളിൽ ലയിച്ചുചേർന്നപ്പോൾ സീറോ മലബാർ സഭയുടെ പൈതൃകവും പാരമ്പര്യവും കൈമോശം വന്നു. ജീവിക്കുവാനുള്ള നെട്ടോട്ടത്തിൽ ചെന്ന സ്ഥലങ്ങളിലെ സാഹചര്യങ്ങൾ ഉൾക്കൊള്ളേണ്ടിവന്നു. .

1990 മുതൽ ഇന്നുവരെയും ഈ ഒഴുക്ക് ശക്തിപ്പെട്ട് നീങ്ങുന്നുണ്ടെങ്കിലും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലേയ്ക്ക് ഇപ്പോഴുള്ള migratiots പലതും floating migrations ആണ്. 1990നു ശേഷം കേരളം വിട്ട് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേയ്ക്ക് പഠിക്കുവാനും ജോലിക്കും ചെല്ലുന്ന സീറോ മലബാർ സഭാവിശ്വാസികൾ ഒരു ഇടത്താവളമായി മാത്രമേ ഇന്ത്യയുടെ പ്രധാന നഗരങ്ങളെ കാണുന്നുള്ളൂ. ആഗോളവൽക്കരണത്തിന്റെ കാലഘട്ടത്തിലൂടെ മറ്റു രാജ്യങ്ങളിലെ അനന്തസാധ്യതകൾ ലക്ഷ്യംവെച്ചാണ് ഇന്ന് നാം നീങ്ങുന്നത്.

സീറോ മലബാർ സഭാകേന്ദ്രത്തിന്റെ നേരിട്ടുള്ള ഭരണത്തിനപ്പുറത്ത് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലായി 11 മിഷൻ രൂപതകളും ഒട്ടനവധി മിഷൻ കേന്ദ്രങ്ങളുമായി ഇന്ത്യയിലുടനീളം നമ്മൾ നിറഞ്ഞുനിൽക്കുന്നു. ബാംഗ്ലൂർ, ചെന്നൈ, ഹൈദ്രാബാദ്, കൽക്കത്ത, അഹമ്മദാബാദ്, നാഗപ്പൂർ, ഭോപ്പാൽ, ഗോവ എന്നീ മിഷൻ കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ പ്രത്യേകം എടുത്തുപറയേണ്ടതാണ്.



മാർ സെബാസ്റ്റ്യൻ വടക്കേൽ
*ചെയർമാൻ*



മാർ സൈമൺ സ്റ്റോക്ക് പാലാത്ര
*മെമ്പർ*



മാർ ആന്റണി ചിറയത്ത്
*മെമ്പർ*



ഫാ.ജോസ് ചെറിയമ്പനാട്ട്
*സെക്രട്ടറി*

## സീറോ മലബാർ സഭ പ്രവാസിസംഗമത്തിന് ആശംസകൾ

**മാർ മാത്യു അറയ്ക്കൽ, ചെയർമാൻ, സീറോ മലബാർ സഭ അല്മായ കമ്മീഷൻ**



സീറോ മലബാർ സഭയിലെ പ്രവാസി മക്കളുടെ സംഗമത്തിന് സഭാകേന്ദ്രം വേദിയൊരുങ്ങുന്നു. നവസുവിശേഷവൽക്കരണത്തിന്റെ ഈ നാളുകളിൽ ലോകമെമ്പാടുമായി വ്യാപരിച്ച് ഈശോയ്ക്ക് സാക്ഷികളായി ആഗോളസഭയ്ക്ക് ശക്തിപകർന്ന് നസ്രാണി സമൂഹത്തിന്റെ പൈതൃകവും പാരമ്പര്യവും കാത്തുസൂക്ഷിച്ച് മുന്നേറുന്ന സഭാമക്കളുടെ അടിയുറച്ച പ്രവർത്തനങ്ങൾ ഏറ്റവും ശ്ലാഘനീയമാണ്. പ്രവാസി സംഗമം നമ്മുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ ഉണർവ്വേകട്ടെയെന്ന് സ്നേഹപൂർവ്വം പ്രാർത്ഥനയോടെ ആശംസിക്കുന്നു.

### വിദേശരാജ്യങ്ങളിലേയ്ക്കുള്ള സീറോ മലബാർ സഭ അല്മായരുടെ കുടിയേറ്റം

വിദേശരാജ്യങ്ങളിലേയ്ക്കുള്ള ഒറ്റപ്പെട്ട കുടിയേറ്റങ്ങളെക്കുറിച്ച് വ്യക്തമായ കണക്കുകളില്ല. 1940-50കളിൽ സിങ്കപ്പൂരിൽ നമ്മുടെ ആളുകൾ എത്തിയിരുന്നതായി പറയപ്പെടുന്നുണ്ട്. 1960-നു ശേഷമാണ്

(ശേഷം അടുത്ത പേജിൽ)

വിദേശകുടിയേറ്റത്തിന്റെ ചിത്രം വ്യക്തമാകുന്നത്. എങ്കിലും സംഘടിതമായ ഒരൊഴുക്ക് ഇക്കാലത്തും ഉണ്ടായിരുന്നില്ല. അമേരിക്കയിലേയ്ക്കും, ജർമ്മനി, ഓസ്ട്രിയ, സ്വിറ്റ്സർലാന്റ് എന്നീ രാജ്യങ്ങളിലേയ്ക്കും 1970-കളിൽ സീറോ മലബാർ സഭയിലെ ധാരാളം പെൺകുട്ടികൾ നേഴ്സിംഗ് ജോലിതേടി പോയി. അക്കാലത്ത് ഇതിന് സഹായമായിരുന്നത് ഇവിടങ്ങളിൽ ജോലിചെയ്തിരുന്ന വൈദികരും കന്യാസ്ത്രീകളുമാണ്. ഇറാക്കിലേയ്ക്കും യെമനിലേയ്ക്കും, ഇസ്രായേലിലേയ്ക്കും ഈ കാലഘട്ടങ്ങളിൽ നേഴ്സിംഗ് ജോലികൾക്കായി നമ്മുടെ സഹോദരിമാർ പോയിരുന്നു. തുടർന്ന് അമേരിക്കയിലേയ്ക്ക് ഒഴുക്ക് ശക്തമായി. 1975-ഓടുകൂടി ഗൾഫ് രാജ്യങ്ങൾ നമ്മുടെ കുടിയേറ്റ കേന്ദ്രമായി. തുടർന്ന് 2000-മാണ്ടു വരെ ഒഴുക്കായി. സൗദി അറേബ്യ, ഖത്തർ, കുവൈറ്റ്, ബഹ്റിൻ, മസ്ക്കറ്റ്, യു.എ.ഇ. എന്നിവിടങ്ങളിലായി ലക്ഷക്കണക്കിനായ നമ്മുടെ അല്മായർ ഇന്ന് ജോലിയിലും ബിസിനസിലും ഏർപ്പെട്ടിരിക്കുന്നു. ക്രൈസ്തവർക്ക് പ്രാർത്ഥനാസ്വാതന്ത്ര്യം നിഷേധിച്ചിരിക്കുന്ന സൗദി അറേബ്യയിൽ സീറോ മലബാർ സഭാ പ്രാർത്ഥനക്കൂട്ടായ്മകൾ പ്രവർത്തിക്കുന്നത് ആദിമസഭയെ അനുസ്മരിപ്പിക്കുന്നതാണ്. സൗദി അറേബ്യയിൽ വിവിധ സ്ഥലങ്ങളിലായി ആയിരക്കണക്കിന് കുടുംബങ്ങൾ നമുക്കുണ്ട്. വിശ്വാസത്തിൽ നിന്ന് ഒട്ടേറെ കൊഴിഞ്ഞുപോകലുകളും തമ്മിലടികളും വേറെ.

ബഹ്റിനിലെ മനാമയിൽ മലയാള കത്തോലിക്കർക്കായി മാറിമാറി വിവിധ റീത്തുകളിൽ മലയാളം കുർബാനയുള്ളപ്പോൾ നമുക്ക് പ്രതീക്ഷ നൽകുന്നത് SMCA യാണ്. മസ്ക്കറ്റിലെ വിവിധ സ്ഥലങ്ങളിൽ മലയാളം കുർബാന ലഭിക്കുന്നുണ്ട്. വിദേശത്ത് കുടിയേറിയ സീറോ മലബാർ സഭാ സമൂഹത്തിന് ഏറ്റവും അഭിമാനം പകരുന്നതാണ് ഖത്തറിലെ സെന്റ് തോമസ് ദൈവാലയം. അല്മായ സമൂഹത്തിന്റെ ഒറ്റക്കെട്ടായ മുന്നേറ്റത്തിന്റെ ഉദാഹരണമാണിത്. ആയിരക്കണക്കിന് വിശ്വാസികൾക്ക് കുർബാനയിൽ പങ്കുചേരുവാനുള്ള സംവിധാനം, വേദപാഠക്ലാസുകൾ. നമ്മുടെ നാട്ടിലെ ഇടവകകൾക്കും മാതൃകയാണ് ഖത്തറിലെ

**വിദേശത്ത് കുടിയേറിയ സീറോ മലബാർ സഭാ സമൂഹത്തിന് ഏറ്റവും അഭിമാനം പകരുന്നതാണ് ഖത്തറിലെ സെന്റ് തോമസ് ദൈവാലയം. അല്മായ സമൂഹത്തിന്റെ ഒറ്റക്കെട്ടായ മുന്നേറ്റത്തിന്റെ ഉദാഹരണമാണിത്.**

സഭാമക്കൾ. കുവൈറ്റിലെ വിവിധ കേന്ദ്രങ്ങളിൽ കുർബാനകൾ. SMCA യിലൂടെ വളരെ ശക്തമായ കൂട്ടായ്മ. UAE യിലെ വിവിധ രാജ്യങ്ങളിൽ സീറോ മലബാർ സഭാ കുർബാനകൾ ഉണ്ട്. കൂട്ടായ്മകൾ ശക്തിപ്പെടുത്തുവാനുള്ള നീക്കങ്ങൾ സജീവം. ജപ്പാനിലും, മലേഷ്യയിലും, ബ്രൂണയിലും നമ്മുടെ ആളുകൾ കുടിയേറിയിട്ടുണ്ട്; കൂട്ടായ്മകളുമുണ്ട്. പലരും convert ചെയ്ത് കത്തോലിക്കാ സഭയിൽ നിന്നുതന്നെ നഷ്ടപ്പെട്ടിരിക്കുന്നു.

ഇന്ത്യയ്ക്കു പുറത്തുള്ള ഏക സീറോ മലബാർ രൂപത അമേരിക്കയിലെ ചിക്കാഗോ രൂപതയാണ്. അമേരിക്കയിലെ സഭാസമൂഹത്തിന് ആത്മീയ ഉണർവ്വേകുവാൻ ഈ രൂപതയുടെ സ്ഥാപനത്തോടെ സാധിക്കുന്നു.

ആഫ്രിക്കൻ രാജ്യങ്ങളിലേയ്ക്ക് അദ്ധ്യാപനത്തിനായി ധാരാളം പേർ കുടിയേറിയതും 1975-85 കാലഘട്ടങ്ങളിലാണ്. ഉഗാണ്ട, നൈജീരിയ, മൊസാമ്പിക്, കെനിയ എന്നിവിടങ്ങളിൽ നമ്മുടെ സമൂഹം ധാരാളമായി ഇന്നുണ്ട്. അല്മായരെല്ലാം ഇവിടങ്ങളിലെ local church ന്റെ ഭാഗമായി. ധാരാളം സീറോ മലബാർ വൈദികർ ലാറ്റിൻ രൂപതകളില് പ്രവർത്തിക്കുന്നുണ്ട്. ഫിലിപ്പൈൻസിലേയ്ക്ക് പഠിക്കുവാനായി പോയി തുടർന്ന് ജർമ്മനി ഉൾപ്പെടെയുള്ള യൂറോപ്യൻ രാജ്യങ്ങളിലേയ്ക്ക് കുടിയേറിയവരുമുണ്ട്. 2000-ാമാണ്ടിലാണ് ഇംഗ്ലണ്ടിൽ നേഴ്സിംഗ് മേഖലയിൽ അവസരങ്ങൾ തുറന്നുകിട്ടിയത്. തുടർന്ന് ഇംഗ്ലണ്ട്, സ്കോട്ട്ലന്റ്, അയർലന്റ്, നോർത്തേൺ അയർലന്റ് എന്നിവിടങ്ങളിലായി അവസരങ്ങൾ നമ്മൾ ഉപയോഗപ്പെടുത്തുന്നു.

ഇംഗ്ലണ്ടിലെ ലണ്ടൻ നഗരത്തിൽ 3 രൂപതകളിലും കേംബ്രിഡ്ജ്, നോട്ടിംഹാം, ന്യൂകാസിൽ, ബർമിങ്ഹാം, ബ്രൈറ്റൻ, ബ്രിസ്റ്റോൾ, മാഞ്ചസ്റ്റർ, നോർവിച്ച് എന്നിവിടങ്ങളുൾപ്പെടെ വിവിധ സ്ഥലങ്ങളിൽ നമ്മുടെ സാന്നിധ്യം എടുത്തുപറയത്തക്കതാണ്. സ്കോട്ട്ലന്റിലെ മദർവെൽ, ഗ്ലാസ്ഗോ, ഈഡൻബ്രോ എന്നിവിടങ്ങളിലും നല്ല കൂട്ടായ്മകളുണ്ട്. അയർലന്റിൽ കത്തോലിക്കാ സഭ വലിയ പ്രതിസന്ധികളിൽ നീങ്ങുമ്പോഴും പള്ളികൾ സജീവമാകുന്നത് സീറോ മലബാർ സഭ അല്മായ സമൂഹത്തിന്റെ സാന്നിധ്യം കൊണ്ടാണ്. ഐടി മേഖലകളിലും ഇക്കാലയളവിൽ ഇന്ത്യയിലും വിദേശത്തുമായി നമ്മുടെ മക്കൾ കുടിയേറി. ഇറ്റലിയിലും, ഹോളണ്ടിലും, ബൽജിയത്തും നമ്മുടെ സജീവസാന്നിധ്യമിന്നുണ്ട്.

അമേരിക്കയിലെയും, ഇംഗ്ലണ്ടിലെയും, അയർലന്റിലെയും സാമ്പത്തിക പ്രതിസന്ധികളിൽ തളരാതെ പുതിയ മേഖലകൾ കണ്ടെത്താൻ നമ്മുടെ മക്കൾ ശ്രമിച്ചു. 2000-നോടുകൂടി ന്യൂസിലന്റിലും, ഓസ്ട്രേലിയയിലും നമുക്ക് അവസരമായി. 2005-ൽ ഈ കുടിയേറ്റം ശക്തമായി. സിങ്കപ്പൂരിലെ അഞ്ച് കേന്ദ്രങ്ങൾ, ന്യൂസിലന്റിലെ ഓക്‌ലന്റ്, ഹാമിൽട്ടൺ, ഫഗേര, റൊട്ടറൊ, ക്രൈസ്റ്റ് ചർച്ച്, ബില്ലിംഗ്ടൺ, ഓസ്ട്രേലിയയിലെ മെൽബോൺ, സിഡ്നി, കാൻബറെ, ബ്രിസ്ബെൻ, ടൗൺസ് വില്ല, അഡിലൈഡ്, പെർത്ത്, ഡാർവിൻ എന്നിവിടങ്ങളിലേയ്ക്ക് നേഴ്സിംഗ് ജോലികൂടാതെ പഠനത്തോടൊപ്പം ജോലിക്കുമായി നമ്മുടെ യുവജനങ്ങൾ ചേക്കേറുകയുണ്ടായി. കാനഡയിലേയ്ക്ക് നമ്മുടെ സാന്നിധ്യം ഇന്ന് പ്രകടമാകുന്നു. ഇതെല്ലാം സൂചിപ്പിക്കുന്നത് ഏതു പ്രതിസന്ധികളേയും തരണംചെയ്ത് ലോകത്തിന്റെ എല്ലാക്കോണുകളിലേയ്ക്കും എത്തിച്ചേരുവാനുതകുന്ന ശേഷിയും കാര്യപ്രാപ്തിയും നിറഞ്ഞവരാണ് സീറോ മലബാർ സഭ അല്മായ സമൂഹമെന്നാണ്. ഈ വിശ്വാസിസമൂഹത്തെ പാരമ്പര്യത്തിലും പൈതൃകത്തിലും അടിയുറച്ചുനിർത്തി മുഖ്യധാരയിൽ ശക്തിപ്പെടുത്തി മുന്നേറുവാനുള്ള ശ്രമത്തിലാണ് സീറോ മലബാർ സഭ അല്മായ കമ്മീഷനും പ്രവാസി കമ്മീഷനും.

**ഒരു തുറന്ന കത്ത്**

## വൈദികർ ചാനൽ ചർച്ചകളിൽ പങ്കെടുക്കുമ്പോൾ

ഇന്ന് ചാനലുകളുടെ ലോകമാണ്. ചാനലുകളെ നോക്കി ദിനചര്യകൾ ക്രമീകരിക്കേണ്ട അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ നീങ്ങുന്നു. അവതാരകന്റെ യുക്തിക്കും ചിന്തകൾക്കും സർവ്വോപരി ഹിഡൻ അജണ്ടകൾക്കുമിടയിൽ ആക്ഷേപവും അവഹേളനവും പങ്കുവെച്ചും ഏറ്റുവാങ്ങിയും വിരൽത്തുമ്പിലിട്ട് രസിക്കുന്ന കാഴ്ച. മിനിസ്ക്രീനിൽ മുഖം കാണിക്കുവാൻ വെമ്പൽകൊള്ളുന്ന രാഷ്ട്രീയ നേതാക്കളുടെയും സീരിയൽ നടീനടന്മാരുടെയും കോമിക് അവതാരകരുടെയും ഇടയിലേയ്ക്ക് ഒരു ക്രൈസ്തവ പുരോഹിതൻ കടന്നുചെന്നാലോ? കഴിഞ്ഞ ദിവസം കേരളത്തിലെ ഒരു പ്രമുഖ ചാനലിൽ എയ്ഡഡ് വിദ്യാഭ്യാസത്തെക്കുറിച്ച് ചർച്ച പൊടിപൊടിക്കുന്നു. ളോഹയിട്ട് ഒരു ക്രൈസ്തവ പുരോഹിതനുമുണ്ട്. വാസ്തവത്തിൽ ദുഃഖം തോന്നി. വിദ്യാർത്ഥി സംഘടനകളുടെ കൂലിപ്പട്ടാളത്തിന്റെയും പ്രത്യയശാസ്ത്രക്കാരുടെ യുവജനപ്രസ്ഥാനങ്ങളുടെയും നാണംകെട്ട ചോദ്യങ്ങളുടെ മുമ്പിൽ പ്രതികരണശേഷി നഷ്ടപ്പെട്ട് അപമാനിതനാകുമ്പോൾ അദ്ദേഹമല്ല പ്രതിനിധാനം ചെയ്യുന്ന സമുദായവും സമൂഹവും അപമാനിക്കപ്പെടുന്നുവെന്നത് മറക്കരുത്. വൈദികഗണത്തെ പൊതുസമൂഹത്തിൽ അവഹേളിതരാക്കുന്നത് ഒരു പരിധിവരെ ഇത്തരം ചാനൽ ചർച്ചകളിൽ പങ്കെടുക്കുന്ന വൈദികർ തന്നെയാണ്. സഭ്യതയുടെ എല്ലാ അതിർവരമ്പുകളും ലംഘിക്കുന്ന ഇത്തരം ചർച്ചകളിൽ വൈദികർ പങ്കെടുക്കാതിരിക്കുന്നതല്ലേ ഉചിതം? രാഷ്ട്രീയക്കാരായ കുട്ടികളുടെ തരംതാണ സംസാരശൈലിക്കും വിലകുറഞ്ഞ വാദമുഖങ്ങൾക്കും അതേരീതിയിൽ പ്രതികരിക്കുവാൻ ഒരു വൈദികനാവില്ല. സഭയ്ക്കും വിശ്വാസികൾക്കും അപമാനമുണ്ടാകാതെ വൈദികർ ചാനൽ ചർച്ചകളിൽ നിന്ന് വിട്ടുനിൽക്കണമെന്ന് താഴ്മയോടെ അപേക്ഷിക്കുന്നു. സഭാ നേതൃത്വവും ഇതു മനസിലാക്കണമെന്ന് ഒരപേക്ഷയും.

ബാബു ജോസഫ്, കണ്ണൂർ

# രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

33

## പ്രേഷിതപ്രവർത്തനം

**കഴിഞ്ഞ ലക്കം തുടർച്ച.......**

മെത്രാന്മാർ സ്വവൈദികസംഘത്തോടുകൂടെ മിശിഹായുടെയും സഭയുടെയും ചൈതന്യത്താൽ പ്രേരിതരായി സാർവ്വത്രികസഭയോടൊത്തു ചിന്തിക്കുകയും ജീവിക്കുകയും വേണം. വളർച്ചിയിലെത്താത്ത യുവസഭകൾ സാർവ്വത്രിക സഭയോട് ഏറ്റവും അടുത്ത വേഴ്ചയിൽ വർത്തിക്കട്ടെ. സഭാപാരമ്പര്യങ്ങളെ തങ്ങളുടെ സംസ്കാരത്തിൽ നിവേശിപ്പിക്കുകയും അങ്ങനെ പ്രവർത്തനത്തിലുള്ള കഴിവുകളുടെ പരസ്പര കൈമാറ്റംവഴി മൗതികശരീരത്തിന്റെ ജീവശക്തിയെ വർദ്ധിപ്പിക്കുകയും ചെയ്യണം. തന്മൂലം സാർവ്വത്രികസഭയോടുള്ള കൂട്ടായ്മബോധത്തെ വളർത്തിക്കൊണ്ടുവരുവാൻ ഉപകരിക്കുന്ന ദൈവശാസ്ത്രപരവും മനശ്ശാസ്ത്രപരവും മാനുഷികവുമായ ഘടകങ്ങളിൽ നിഷ്കർഷ ചെലുത്തേണ്ടതാണ്.

മിക്കവാറും ലോകത്തിലെ കൂടുതൽ ദരിദ്രമായ ഭൂവിഭാഗങ്ങളിൽ സ്ഥിതിചെയ്യുന്ന ഈ സഭകൾക്ക് സാധാരണയായി വൈദികരുടെയും ധനസഹായത്തിന്റെയും വിരളത അനുഭവപ്പെടുന്നുണ്ട്. അതിനാൽ ഈ പ്രാദേശികസഭകളുടെ വളർച്ചയ്ക്കും ക്രിസ്തീയ ജീവിതത്തിന്റെ പക്വതയ്ക്കും സർവ്വപ്രധാനമായി ഉപകരിക്കുന്ന സഹായങ്ങൾ നൽകിക്കൊണ്ട് സാർവ്വത്രികസഭ അതിന്റെ മിഷൻ പ്രവർത്തനം തുടർന്നുകൊണ്ടുപോകേണ്ടത് അത്യാവശ്യമാണ്. സ്ഥാപിതമായിട്ട് വളരെക്കാലമായെങ്കിലും ഇപ്പോൾ ഏതാണ്ട് അധഃപതനത്തിലും തളർച്ചയിലും എത്തിയിരിക്കുന്ന സഭകൾക്കും ഇതേ പ്രഷിതസേവനം നൽകേണ്ടതാണ്.

എന്നിരുന്നാലും രൂപതാവൈദികരുടെ ഗണത്തിലേയ്ക്കും സന്യാസസഭകളിലേയ്ക്കും ദൈവവിളി വർദ്ധിപ്പിക്കുന്നതിനും സസൂക്ഷ്മം അർത്ഥികളെ തിരഞ്ഞെടുത്ത് സ്വീകരിക്കുന്നതിനും ഫലപ്രദമായി അവരെ പരിശീലിപ്പിക്കുന്നതിനും ഇതേ സഭകൾ പൊതുവായ അജപാലനപരിപാടികൾ സ്വീകരിക്കുകയും പര്യാപ്തങ്ങളായ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യേണ്ടതുണ്ട്. ഇപ്രകാരം സാവകാശം സ്വയം പര്യാപ്തരാകാനും മറ്റുള്ളവരെ സഹായിക്കാനും ഇവർ പ്രാപ്തരാകണം.

**20. പ്രാദേശികസഭകളിലെ പ്രേഷിതപ്രവർത്തനം**-പ്രാദേശികസഭകൾ ആവുന്നിടത്തോളം സാർവ്വത്രികസഭയെ പ്രതിനിധാനം ചെയ്യുവാൻ കടപ്പെട്ടിരിക്കുന്നതുകൊണ്ട് ക്രിസ്തുവിൽ വിശ്വസിക്കാതെ ഒരേ ഭൂപ്രദേശത്ത് തങ്ങളോടു സഹവസിക്കുന്നവരുടെ പക്കലേയ്ക്ക് തങ്ങൾ അയയ്ക്കപ്പെട്ടിരിക്കുന്നു എന്നുള്ള വസ്തുത ശരിക്കു മനസ്സിലാക്കണം. സമൂഹം മുഴുവന്റെയും ഓരോരോ വ്യക്തിയുടെയും ജീവിതസാക്ഷ്യംവഴി ക്രിസ്തുവിനെ



മറ്റുള്ളവർക്കു കാണിച്ചു കൊടുക്കുന്ന ഒരടയാളമായിരിക്കണം ഈ പ്രാദേശിക സഭ.

ഇതിനും പുറമെ സുവിശേഷം എല്ലാവരുടെയും പക്കലെത്തുവാൻ വചനത്തിന്റെ ശുശ്രൂഷ ആവശ്യമാണ്. മെത്രാൻ പ്രഥമത: ക്രിസ്തുവിലേയ്ക്കു നവശിഷ്യരെ ആനയിക്കുന്ന വിശ്വാസപ്രഘോഷകൻ ആയിരിക്കണം. ഉന്നതമായ ഈ ധർമ്മം നിർവ്വഹിക്കാൻ അദ്ദേഹം സ്വന്തം അജഗണത്തിന്റെ ജീവിതസ്ഥിതിയും രാജ്യവാസികൾക്കു ദൈവത്തെക്കുറിച്ചുള്ള വ്യക്തിപരമായ ആശയഗതികളും സമഗ്രമായി ഗ്രഹിച്ചിരിക്കണം. നഗരജീവിതത്തിലേയ്ക്കുള്ള നീക്കം, കുടിയേറ്റം, മതനിഷ്പക്ഷത മുതലായവമൂലം സംജാതമായിട്ടുള്ള പരിവർത്തനങ്ങളെ അദ്ദേഹം അവധാനപൂർവ്വം കണക്കിലെടുക്കേണ്ടതുമാണ്.

യുവസഭകളിലെ സ്വദേശികളായ വൈദികർ മെത്രാന്റെ കീഴിൽ തങ്ങളോടുകൂടി ഒരേ വൈദികഗണത്തിലായിരിക്കുന്ന വിദേശികളായ പ്രേഷിതരോടൊത്ത് സുവിശേഷപ്രചാരണത്തിന് തീക്ഷ്ണതാപൂർവ്വം സ്വയം പ്രതിഷ്ഠിക്കണം. ഇവരോടുകൂടി മെത്രാന്റെ അധികാരത്തിൻകീഴിൽ പൂർണ്ണമായും ഐക്യപ്പെട്ട ഒരേ വൈദികസംഘമാണ് ഇവർ രൂപവത്കരിക്കുന്നത്. അവർ ഇപ്രകാരം ചെയ്യുന്നത് വിശ്വാസികളെ പഠിപ്പിക്കുന്നതിനും ദൈവാരാധന നടത്തുന്നതിനും മാത്രമാകാതെ പുറമെയുള്ളവരോട് സുവിശേഷം പ്രസംഗിക്കുന്നതിനുമായിരിക്കണം. അവസരം കിട്ടുമ്പോൾ സ്വന്തം രൂപതയുടെയും മറ്റു രൂപതകളുടെയും വിദൂരസ്ഥവും അവഗണിക്കപ്പെട്ടതുമായ ഭാഗങ്ങളിൽ മിഷൻപ്രവർത്തനം നടത്തുന്നതിന് സന്നദ്ധത പ്രകടിപ്പിക്കുകയും മെത്രാന്റെ പക്കൽ സ്വയം സമർപ്പിക്കുകയും ചെയ്യട്ടെ.

സന്യാസികളും സന്യാസിനികളും അതുപോലെതന്നെ അല്മായരും സ്വരാജ്യവാസികളുടെ കാര്യത്തിൽ പ്രത്യേകിച്ച് ദരിദ്രരുടെ കാര്യത്തിൽ ഇതേ തീക്ഷ്ണതയാൽ എരിയട്ടെ.

മെത്രാന്മാരുടെ സംഘങ്ങൾ ഈ ലക്ഷ്യത്തോടെ നിശ്ചിതകാലങ്ങളിൽ വി.ഗ്രന്ഥം, ദൈവശാസ്ത്രം, ആദ്ധ്യാത്മികവിജ്ഞാനീയം, അജപാലനവിഷയങ്ങൾ മുതലായവയെ സ്പർശിക്കുന്ന പഠനാനന്തര പരിശീലനക്കളരികൾ നടത്തേണ്ടതാണ്. ഇതിന്റെ ലക്ഷ്യം വിവിധ പരിതഃസ്ഥിതികളിലും മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളിലും ദൈവവിജ്ഞാനീയത്തിലും അജപാലനരീതികളിലും കൂടുതൽ പൂർണ്ണമായ അറിവ് വൈദികർക്കു നൽകുക എന്നതാണ്. കാരണം, വൈദികർ സ്വദൗത്യം നിർവ്വഹിക്കേണ്ടത് വിവിധങ്ങളായ സാഹചര്യങ്ങളിലും മാറിക്കൊണ്ടിരിക്കുന്ന പരിതഃസ്ഥിതികളിലുമത്രെ.

ഈ സൂനഹദോസിന്റെ തീരുമാനങ്ങൾ പ്രത്യേകിച്ച് വൈദികരുടെ ശുശ്രൂഷയേയും ജീവിതത്തേയും പരാമർശിക്കുന്ന ഡിക്രിയിലുള്ളവ ആദരപൂർവ്വം അനുഷ്ഠിക്കണം.

ഒരു പ്രത്യേക സഭയുടെ മേല്പറഞ്ഞ പ്രേഷിതധർമ്മം നിർവ്വഹിക്കുവാൻ തക്ക ശിക്ഷണം ലഭിച്ച വൈദികർ ഉണ്ടാകണം. അവർ ഓരോ സഭയുടെയും സ്ഥിതിഗതികൾക്കനുസൃതമായി കാലാനുസൃതം പരിശീലിപ്പിക്കപ്പെടേണ്ടതാണ്. മനുഷ്യർ കൂടുതൽ കൂടുതൽ സമൂഹങ്ങളായി സംഘടിച്ചു വരുന്നതുകൊണ്ട് മെത്രാന്മാരുടെ സംഘങ്ങൾ ഈ സമൂഹങ്ങളുമായി ആശയവിനിമയം നടത്തുന്നതിനുവേണ്ടി

**സുവിശേഷം എല്ലാവരു ടെയും പക്കലെത്തുവാൻ വചനത്തിന്റെ ശുശ്രൂഷ ആവശ്യമാണ്. മെത്രാൻ പ്രഥമത: ക്രിസ്തുവിലേയ്ക്കു നവശിഷ്യരെ ആനയിക്കുന്ന വിശ്വാസപ്രഘോഷകൻ ആയിരിക്കണം.**

ഒരു പദ്ധതി ആസൂത്രണം ചെയ്യുന്നത് യുക്തമത്രേ. ചില പ്രത്യേക പ്രദേശങ്ങളിലെ ജനസമൂഹങ്ങൾക്ക് അവിടെ സഭ സ്വീകരിച്ചിരിക്കുന്ന പ്രത്യേക രീതികളോട് അനുരൂപപ്പെടുവാൻ അസാധ്യമായതുകൊണ്ട് സഭയെ ആശ്ലേഷിക്കുവാൻ വിമുഖരായിരിക്കുന്നെങ്കിൽ അവരെല്ലാം ഒരു ക്രൈസ്തവസമൂഹമായി സമ്മേളിക്കുന്നതിന് സാധ്യമാകുന്നതുവരെ അവർക്ക് പറ്റിയ സാഹചര്യം പ്രത്യേകവിധത്തിൽ സജ്ജീകരിക്കണമെന്ന് ഈ സൂനഹദോസ് താല്പര്യപ്പെടുന്നു. ശ്ലൈഹികസിംഹാസനത്തിൽനിന്ന് ഇക്കാര്യത്തിനായി പ്രേഷിതരെ ലഭിക്കുവാൻ സാധ്യതയുണ്ടെങ്കിൽ മെത്രാന്മാരോരോരുത്തരും സ്വന്ത രൂപതകളിലേയ്ക്ക് അവരെ ക്ഷണിക്കുകയും അവരുടെ സംരംഭങ്ങളെ ഫലപ്രദമായ വിധം പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

(തുടരും)



# കന്ദമാൽ
## വെന്തെരിഞ്ഞിട്ടും വെണ്ണീറാകാത്തവരുടെ പ്രകാശധാരയ്ക്ക് പ്രമാണം!!!

**2013 ആഗസ്റ്റ് 25! ഒറീസയിലെ കന്ദമാലിൽ വിശ്വാസത്തെപ്രതി രക്തസാക്ഷികളായിത്തീർന്ന ക്രൈസ്തവ സഹോദരങ്ങളോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുവാൻ സീറോ മലബാർ സഭ അല്മായ കമ്മീഷൻ ലോകമെമ്പാടുമുള്ള അല്മായസമൂഹത്തോട് ആഹ്വാനം ചെയ്യുന്നു.**

ലോകമനസാക്ഷിയിൽ ചോരപ്പാടുകൾ വീഴ്ത്തിയ ഭാരതത്തിന്റെ മതസൗഹാർദ്ദ പാരമ്പര്യത്തെ എരിതീയിലെറിഞ്ഞ- കന്ദമാൽ! 2008 ഓഗസ്റ്റ്-ഒറീസയിലെ കന്ദമാലിലെ കലാപതീയിൽ ചുട്ടുകൊല്ലപ്പെട്ട നൂറുവിശ്വാസികൾ! അഗ്നിക്കിരയാക്കപ്പെട്ട അമ്പത്തിനാലായിരം ഭവനങ്ങൾ! തകർക്കപ്പെട്ട മുന്നൂറിലധികം ആരാധനാലയങ്ങൾ, നിരവധി സ്ഥാപനങ്ങൾ! മാനഭംഗം ചെയ്യപ്പെട്ട സ്ത്രീകൾ, സമർപ്പിതർ! ഭവനരഹിതരായ പതിനായിരങ്ങൾ! സർവ്വതും നഷ്ടപ്പെട്ട അനേകർ! അനാഥരാക്കപ്പെട്ട കുഞ്ഞുങ്ങൾ! മുറിവേറ്റവർ! അംഗഭംഗം വന്നവർ! കൊടും കാട്ടിലഭയം തേടിയവർ! കൊടും പീഡനങ്ങൾക്ക് വിധേയരായ വൈദികർ! തകർക്കപ്പെട്ട താഴികക്കുടത്തിന്റെ നീറ്റൽ വർഷാവർഷം ക്ഷോഭത്തോടെ ആചരിക്കുന്ന നാട്ടിൽ ഒറീസയിലെ ക്രൈസ്തവസമൂഹത്തോട് ഇന്നും തുടർന്നുകൊണ്ടിരിക്കുന്ന ക്രൂരപീഢനങ്ങൾ രാജ്യത്തൊരു തേങ്ങൽ പോലുമാകുന്നില്ലായെന്ന ഭീതിതമായ യാഥാർത്ഥ്യം മുൻപിലുള്ളപ്പോഴും നാമറിയുക; കനലെരിയുന്ന കന്ദമാനിലാണിന്ന് ലോകത്തേറ്റവും സജീവമായ ക്രൈസ്തവസമൂഹമുള്ളത്. വെന്തുനീറുന്ന അഗ്നിയിൽ നിന്നും പ്രകാശം പരത്തുന്നവർ! ആത്മാവിനെ അൾത്താരയാക്കി ജീവിത ബലിയർപ്പിക്കുന്നവർ. മാനഭംഗങ്ങൾക്കൊണ്ട് ഭാഗിക്കാനാവാത്ത വിശ്വാസത്തിന്റെ ദൃഢമാതൃകകൾ! എല്ലാം നഷ്ടപ്പെട്ടിട്ടും മുറുക്കിപ്പിടിച്ച് ജപമാല നഷ്ടപ്പെടുത്താത്തവർ! അക്രമികളിലനേകരെ ക്രിസ്തുവിശ്വാസത്തിലേയ്ക്കാകർഷിച്ച ധീര രക്തസാക്ഷികൾ! കന്ദമാലിലും രാജ്യം മുഴുവനും ക്രൈസ്തവവിശ്വാസത്തെപ്രതി പീഢിപ്പിക്കപ്പെടുന്നവരെ അനുസ്മരിക്കുവാൻ 2013 ആഗസ്റ്റ് 25ന് ക്രിസ്ത്യൻ രക്തസാക്ഷി ദിനമായി ഇന്ത്യൻ ക്രൈസ്തവസമൂഹം ആചരിക്കുന്നു.

ക്രിസ്തുമതത്തിന്റെ ആരംഭത്തിൽ ആദിമ ക്രൈസ്തവർ വിശ്വാസത്തെപ്രതി ക്രൂരമായി പീഢിപ്പിക്കപ്പെട്ടതിന്റെ ആവർത്തനമാണ് കന്ദമാലിൽ അരങ്ങേറിയത്. ഒറീസയുടെ തലസ്ഥാനമായ ഭുവനേശ്വറിന് 200-300 കിലോമീറ്റർ തെക്കുപടിഞ്ഞാറായി സ്ഥിതിചെയ്യുന്ന ഒരു മലമ്പ്രദേശമാണ് കന്ദമാൽ. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ക്രൈസ്തവവിശ്വാസം സ്വീകരിച്ച തദ്ദേശവാസികളായ സാധാരണക്കാരായ ആളുകൾ വസിക്കുന്ന പ്രദേശമാണിത്. 2011-ലെ ജനസംഖ്യാക്കണക്കനുസരിച്ച് ഈ ജില്ലയിലെ ആറരലക്ഷം ജനങ്ങളിൽ 18 ശതമാനം ക്രൈസ്തവരാണ്. ഹിന്ദുത്വ രാഷ്ട്രീയത്തിന് പ്രാമുഖ്യം ലഭിക്കുന്നതു വരെ ക്രൈസ്തവരും അക്രൈസ്തവരും തമ്മിൽ രക്തരൂക്ഷിതമായ സംഘർഷങ്ങൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല. എന്നാൽ കന്ദമാലിനെ തങ്ങളുടെ സ്വകാര്യ സാമ്രാജ്യമായി കണക്കാക്കി വിഹരിച്ചിരുന്ന ഹിന്ദുമതമൗലികവാദികളുടെ പ്രേരണയാൽ 'വിദേശിമതം' എന്ന് മുദ്രചാർത്തി തങ്ങളുടെ സാമ്രാജ്യത്തിൽ നിന്ന് ക്രൈസ്തവരെ നിഷ്കാസനം ചെയ്യുവാനുള്ള ഗൂഢതന്ത്രത്തിന്റെ പ്രാകൃത പ്രകടനമാണ് 1984മുതൽ കന്ദമാലിൽ അരങ്ങേറിയത്. ഒറ്റപ്പെട്ട സംഭവങ്ങളിലൂടെ ഒന്നോ രണ്ടോ ഗ്രാമങ്ങളിൽ ആരംഭിച്ച ക്രൈസ്തവ വിരുദ്ധ കലാപത്തിന്റെ തീക്കാറ്റ് 2008 ഓഗസ്റ്റ് അവസാനം മുതൽ ക്രൈസ്തവർ താമസിച്ചിരുന്ന 415 ഗ്രാമങ്ങളിലേയ്ക്ക് ആളിപ്പടർന്നു.

- ♦ നൂറിലേറെ ക്രൈസ്തവർ വിശ്വാസത്തെപ്രതി രക്തസാക്ഷികളായി.
- ♦ മുന്നൂറോളം ദൈവാലയങ്ങൾ തകർക്കപ്പെട്ടു
- ♦ 1,17,000-പരം ക്രൈസ്തവരിൽ പകുതിയിലധികവും ഭവനരഹിതരായി
- ♦ 50,000 -ലേറെ ക്രൈസ്തവർ വീടുപേക്ഷിച്ച് കാടുകളിൽ അഭയം തേടി
- ♦ സ്വന്തം മണ്ണിൽ നിന്ന് അന്യരും നിഷ്കാസിതരുമായി
- ♦ ആയിരത്തിലേറെ ദൈവാലയങ്ങളും സ്ഥാപനങ്ങളും വീടുകളും കൊള്ളയടിക്കപ്പെട്ടു
- ♦ ഉറ്റവരും ഉടയവരും കൺമുമ്പിൽ പിടഞ്ഞുമരിക്കുന്നത് കാണേണ്ടിവന്നത് പതിനായിരങ്ങൾക്കാണ്
- ♦ സമർപ്പിതർ ഉൾപ്പെടെ സ്ത്രീകളെയും കുട്ടികളെയും പൈശാചികമായ ബലാത്കാരത്തിനും പീഢനങ്ങൾക്കും വിധേയരാക്കി.
- ♦ അനേകം ക്രൈസ്തവരെ കള്ളക്കേസിൽ കുടുക്കി ജയിലിലിലടച്ചു
- ♦ അഞ്ചുവർഷങ്ങൾക്കിപ്പുറവും ആയിരങ്ങൾ കൊടുംകാട്ടിൽ പട്ടിണിയിലും ഭീതിയിലും കഴിയുന്നു

**കനലെരിയുന്ന കന്ദമാനിലാണിന്ന് ലോകത്തേറ്റവും സജീവമായ ക്രൈസ്തവ സമൂഹമുള്ളത്. വെന്തുനീറുന്ന അഗ്നിയിൽ നിന്നും പ്രകാശം പരത്തുന്നവർ! ആത്മാവിനെ അൾത്താരയാക്കി ജീവിത ബലിയർപ്പിക്കുന്ന വർ. മാനഭംഗങ്ങൾക്കൊണ്ട് ഭാഗിക്കാനാവാ ത്ത വിശ്വാസത്തിന്റെ ദൃഢമാതൃകകൾ!**

ഇങ്ങനെ വിശ്വാസത്തെപ്രതി ജീവനും സ്വത്തും സർവ്വസ്വവും നഷ്ടപ്പെടുത്തിയവരാണ് കന്ദമാലിലെ ക്രൈസ്തവജനത. നൂറ്റാണ്ടുകളുടെ വിശ്വാസപാരമ്പര്യമോ ചിട്ടപ്പെടുത്തിയ ആരാധനക്രമമോ സഭാപ്രബോധനങ്ങളുടെ പിൻബലമോ ഒന്നുമുള്ളവരായിരുന്നില്ല അവർ. എന്നിട്ടും ആദിമക്രൈസ്തവരുടെ വിശ്വാസസ്ഥൈര്യത്തെ അത്ഭുതപ്പെടുത്തുംവിധം അവർ പറയുന്നു, 'ഞങ്ങൾ ക്രിസ്ത്യാനികളായിത്തന്നെ ജീവിക്കും, മരിക്കുന്നതും ക്രിസ്ത്യാനികളായിത്തന്നെ ആയിരിക്കും.'

### അവരിൽ ചിലരുടെ സാക്ഷ്യങ്ങൾ:

"കന്ദമാലിൽ ഹിന്ദുക്കളാകുവാൻ നിർബന്ധിക്കപ്പെട്ടുകഴിയുന്നതിനേക്കാൾ ഞങ്ങൾ ഇഷ്ടപ്പെടുന്നത് ഇവിടെ ക്രൈസ്തവരായി ബുദ്ധിമുട്ടുന്നതാണ്. അവിടെ ജീവിതം വളരെ ദുസ്സഹമാണ്, എങ്കിലും ഞങ്ങൾ സന്തോഷിക്കുന്നു. കാരണം വിശ്വാസം സ്വതന്ത്രമായി പ്രഘോഷിക്കുവാൻ ഞങ്ങൾക്ക് ഇവിടെ സാധിക്കുന്നുണ്ട്." (സഹിയസാഹി ചേരിയിൽ നിന്ന് സദാനന്ദ്)

"എന്റെ കുടുംബാംഗങ്ങൾ വിശ്വാസത്തി ന്റെ വിലയായി സ്വന്തം ജീവൻ ബലികൊടുത്തവരാണ്. എന്റെ വിശ്വാസത്തിനുവേണ്ടി എന്തും കൊടുക്കുവാൻ ഞാനും സന്നദ്ധയാണ്." (കൊലചെയ്യപ്പെട്ട പാസ്റ്റർ സാമുവലിന്റെ ഭാര്യ)

(ശേഷം അടുത്ത പേജിൽ)

"ഞങ്ങൾ 2003-ൽ ക്രൈസ്തവരായതാണ്. ഞങ്ങൾക്ക് ജീവിതത്തിൽ പ്രത്യാശയും ജീവിതപ്രശ്നങ്ങൾ നേരിടുവാനുള്ള കരുത്തും പകർന്നത് ഈ വിശ്വാസമാണ്. ഈ സഹനങ്ങളെല്ലാം അഭിമുഖീകരിക്കുവാൻ ഞങ്ങൾക്ക് സാധിക്കുന്നതും ഇതുകൊണ്ടാണ്."
(സുഖേശ്വർ)

"മരിക്കേണ്ടിവന്നാലും ഞാൻ ക്രിസ്തുവിലുള്ള വിശ്വാസം ഉപേക്ഷിക്കുകയില്ല."
(ആനന്ദേശ്വർ)

നാനാത്വത്തിൽ ഏകത്വവും മതസൗഹാർദ്ദവും പ്രഘോഷിച്ചിരുന്ന ഭാരതത്തിന്റെ മണ്ണിൽ വർഗ്ഗീയ കലഹങ്ങളുടെ ഭീതിതമായ തുടക്കം 1984ലെ ഡൽഹി സിഖ് വിരുദ്ധ കലാപമാണെന്ന് പറയാം. മുംബെയിലും ഗുജറാത്തിലും സമാനമായ അക്രമങ്ങൾ തുടർന്നുള്ള ദശകങ്ങളിൽ മുസ്ലീങ്ങൾക്കുനേരെയുമുണ്ടായി. രാജ്യത്തിന്റെ പലഭാഗങ്ങളിലും ക്രൈസ്തവർ അക്രമിക്കപ്പെട്ടിരുന്നെങ്കിലും 2008-ലെ കന്ദമാൽ കലാപം ലോകമനഃസാക്ഷിയെ നടുക്കുന്നതായിരുന്നു. അരക്ഷിതരായ പൗരന്മാർക്ക് മൗലിക സ്വാതന്ത്ര്യവും തുല്യതയും ഉറപ്പാക്കുകയെന്ന ഇന്ത്യൻ ഭരണഘടനാശില്പികളുടെ സ്വപ്നമാണ് കന്ദമാൽ കലാപക്കാറ്റിൽ തകർന്നത്. ലോകമനഃസാക്ഷിയെ മരവിപ്പിച്ചതും മതേതരഭാരതത്തിന് തീരാകളങ്കവുമായ അതിഭയങ്കര പീഢനങ്ങളാണ് 2008 ഓഗസ്റ്റ് അവസാനം മുതൽ ഇവിടെ അരങ്ങേറിയത്. കഴുത്തിൽ കുരിശുമാലയണിഞ്ഞവരെ തടഞ്ഞുനിർത്തി. ക്രൈസ്തവരെ കന്ദമാലിന് പുറത്തേയ്ക്ക് ആട്ടിയോടിക്കുകയും കൈയ്യിൽ കിട്ടുന്നതെല്ലാം കൊള്ളയടിച്ചും കൺമുമ്പിൽ കണ്ടതെല്ലാം തല്ലിയുടച്ചും അഗ്നിക്കിരയാക്കിയും ദൈവത്തിന്റെ പേരിൽ അതിക്രമം കാട്ടിയപ്പോൾ ഭരണഘടന മൗലികമാണെന്ന് പ്രഖ്യാപിച്ചിരുന്ന അവകാശങ്ങൾ സംരക്ഷിക്കുവാൻ ബാധ്യസ്ഥരായ ഭരണാധികാരികൾ നിശബ്ദ നിരീക്ഷകരായി നിലകൊണ്ടു. ക്രൈസ്തവ ന്യൂനപക്ഷ വിഭാഗത്തെ വേട്ടയാടാൻ നിയമം കൈയ്യിലെടുത്ത് കച്ചകെട്ടിയിറങ്ങിയവരെ നിലയ്ക്കുനിർത്തുന്നതിൽ കന്ദമാലിലെ ഭരണകൂടം ദയനീയമായി പരാജയപ്പെട്ടു.

ഇന്നും അവസാനിക്കാത്ത ദാരുണ ഈ സംഭവത്തെക്കുറിച്ച് എന്നാൽ അഞ്ചുവർഷങ്ങൾക്കുശേഷവും പാരലമെന്ററി സമിതിയോ ജുഡീഷ്വൽ കമ്മീഷനോ ഉന്നതപോലീസ് സംഘമോ അന്വേഷണം നടത്തുകയോ ഇരകൾക്ക് ആശ്വാസം പകരുകയോ ചെയ്തിട്ടില്ലായെന്നതുമാത്രമല്ല ഒരു ജൂണിയർ പോലീസ് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘത്തിന്റെ ഉദാസീനതയും പക്ഷപാതിത്വവും കുറ്റവാളികൾക്ക് വീണ്ടും കലാപത്തിന് ആവേശംനൽകും വിധമുള്ളതാണ്. 3500 പരാതികളിൽ 828 എണ്ണത്തിൽ മാത്രമാണ് പോലീസ് കേസ് രജിസ്റ്റർ ചെയ്തത്. അതിൽത്തന്നെ 327 കേസുകളിലാണ് അന്വേഷണം നടക്കുന്നത്. 169 കേസുകളാണ് ഇതിനകം തീർപ്പാക്കിയത്. 1600-ലേറെ വരുന്ന കലാപകാരികളിൽ കുറച്ചുപേരെ മാത്രമാണ് അറസ്റ്റ് ചെയ്തിട്ടുള്ളത്. 400 ലേറെ പ്രതികൾക്ക് ചെറുശിക്ഷകൾ മാത്രം നൽകി വിട്ടയച്ചു. പതിനൊന്ന് കൊലപാതക കേ



സുകളിൽ പ്രതിയാക്കപ്പെട്ടിരുന്ന മനോജ് പ്രധാൻ എന്ന ഹിന്ദുനേതാവ് ലഘുശിക്ഷകളോടെ ജാമ്യത്തിൽ വിട്ടയക്കപ്പെടുകയും ഒഡീഷ നിയമസഭയിൽ തിരിച്ചെത്തുകയും ചെയ്തു. അതേസമയം സ്വാമി ലക്ഷ്മണാനന്ദയുടെ വധത്തിന്റെ ഉത്തരവാദിത്വം മാവോയിസ്റ്റുകൾ ഏറ്റെടുത്തെങ്കിലും ഇതേ കുറ്റം ചുമത്തി 7 ക്രൈസ്തവരെ മൂന്നര വർഷമായി ജയിലിലടച്ചിരിക്കുകയാണ്. ഇതാണോ ജനാധിപത്യ മതേതര ഭാരതത്തിലെ നീതിനിർവഹണം? ഇതാണോ ന്യൂനപക്ഷ സംരക്ഷണം?

"ഭാരതം ഒരു മതേതര രാഷ്ട്രമാണ്. ന്യൂനപക്ഷങ്ങളെ പീഡിപ്പിക്കുന്നത് അനുവദിക്കാൻ പാടില്ല" എന്ന് 2009 ജനുവരി 5ന് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണന്റെ നേതൃത്വത്തിലുള്ള ബഞ്ച് ഉത്കണ്ഠയോടെ എടുത്തുപറഞ്ഞു. കന്ദമാലിന് സമാനമായ ഒരു സ്ഥിതിവിശേഷം 2010 സെപ്റ്റംബറിൽ പ്രശ്നബാധിത സംസ്ഥാനമായ ജമ്മു കാശ്മീരിൽ ഉണ്ടായപ്പോൾ ക്രൈസ്തവകേന്ദ്രങ്ങൾ ആക്രമിക്കാൻ ഇറങ്ങിത്തിരിച്ച പ്രതിഷേധക്കാർക്കെതിരെ യാതൊരു മുഖംനോട്ടവും വിട്ടുവീഴ്ചയും കൂടാതെ കടുത്തനടപടികൾ സ്വീകരിച്ചുകൊണ്ട് ഇന്ത്യൻ മതേതരത്വത്തിന്റെ കാവൽക്കാരായി അവിടുത്തെ ഭരണകൂടം നിലകൊണ്ടു. ന്യൂനപക്ഷ അതിക്രമങ്ങൾ നമ്മുടെ രാജ്യത്തിന്റെ സമ്പന്നമായ പൈതൃകപാരമ്പര്യങ്ങളെയാണ് തകർക്കുന്നത്. കന്ദമാൽ സംഭവം രാജ്യത്തിനുതന്നെ തീരാകളങ്കമായി. മതേതരത്വസങ്കൽപ്പങ്ങളാണ് അവിടെ വെട്ടിമുറിക്കപ്പെട്ടതും ചുട്ടെരിക്കപ്പെട്ടതും. സ്വതന്ത്ര ഇന്ത്യയിൽ ക്രൈസ്തവർക്കു നേരെ നടന്ന ഏറ്റവും ഭീകരവും നിന്ദ്യവുമായ അക്രമങ്ങളാണ് ഇവിടെ സംഭവിച്ചത്. രക്തസാക്ഷിത്വത്തെ ഭയപ്പെടുന്നവരല്ല ക്രിസ്ത്യാനികൾ. എന്നാൽ മതേതരമൂല്യങ്ങൾ ചവിട്ടിമെതിക്കപ്പെടുന്നതും ന്യൂനപക്ഷങ്ങൾ പീഡിപ്പിക്കപ്പെടുന്നതും ഇന്ത്യയെപ്പോലുള്ള ജനാധിപത്യ രാജ്യത്ത് അംഗീകരിക്കാവുന്നതല്ല. വ്യത്യസ്ഥ മതങ്ങളിൽപെട്ട പൗരന്മാർക്ക് അവരവരുടെ വിശ്വാസമനുസരിച്ച് സ്വതന്ത്രമായി ജീവിക്കുവാനുള്ള മൗലികാവകാശമാണ് ഇവിടെ നിഷേധിക്കപ്പെട്ടത്. നിർബന്ധിതവും പരപ്രേരിതവുമായ മതപരിവർത്തനങ്ങൾ നിരോധിച്ചുകൊണ്ട് 1967-ൽ ഒറീസയിൽ മതസ്വാതന്ത്ര്യനിയമം നിലവിൽ വന്നു. ഈ നിയമം നിലവിൽ വന്നിട്ട് 40 വർഷം കഴിഞ്ഞെങ്കിലും നിർബന്ധിത മതപരിവർത്തനത്തിന്റെ പേരിൽ ഒരു കേസുപോലും കന്ദമാലിൽ രേഖപ്പെടുത്തിയിട്ടില്ലായെന്ന് 2008-ൽ ഇവിടെ സന്ദർശിച്ച ദേശീയ ന്യൂനപക്ഷ കമ്മീഷൻ ചൂണ്ടിക്കാട്ടി. അതേസമയം കലാപനാളുകളിൽ നൂറുകണക്കിന് ക്രൈസ്തവരെ കൂട്ടത്തോടെ ബലം പ്രയോഗിച്ച് നിർബന്ധിത പുനർമതപരിവർത്തന ചടങ്ങിന് കൊണ്ടുപോയപ്പോൾ ബന്ധപ്പെട്ടവർ ഈ കർശന നിയമം കണ്ടഭാവം നടിച്ചില്ല.

നാം പലരാണെങ്കിലും ക്രിസ്തുവിൽ ഏകശരീരമാണ്. എല്ലാവരും പരസ്പരം ബന്ധപ്പെട്ട അവയവങ്ങളുമാണ്. സഭയാകട്ടെ ക്രിസ്തുവിന്റെ ശരീരവും. ശരീരത്തിലെ ഒരവയവം വേദനിക്കുമ്പോൾ ശരീരം മുഴുവൻ വേദനിക്കുന്നു. ഇതുപോലെ സഭാഗാത്രത്തിലെ ഒരാളുടെ വേദനസഭയുടെ മുഴുവൻ വേദനയാണ്. വിശ്വാസത്തിനുവേണ്ടി ഒരംഗം പീഢനമേൽക്കേണ്ടിവരുമ്പോൾ സഭാഗാത്രം മുഴുവൻ ഉൾക്കൊണ്ടേ മതിയാവൂ. ഒറീസയുടെ മണ്ണിൽ പിടഞ്ഞുമരിച്ചവർ നമ്മുടെ സഹോദരങ്ങളാണ്. അവരുടെ വ്രണപ്പെട്ട വിശ്വാസത്തിന് കരുത്ത് പകരേണ്ടത് ക്രിസ്തുവിൽ ഒരേ വിശ്വാസം സ്വീകരിച്ചവർ എന്നനിലയിൽ നമ്മുടെ കടമയും കർത്തവ്യവുമാണെന്ന് മറക്കാതിരിക്കാം. വിശ്വാസത്തിനുവേണ്ടി നമുക്ക് ഇതേവരെ രക്തം ചൊരിയേണ്ടി വന്നിട്ടില്ല. എന്നാൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭീകരവാദം, വർഗ്ഗീയകലാപങ്ങൾ,നിഷേധാത്മകമായ നിയമങ്ങൾ, മതസ്വാതന്ത്ര്യത്തിന്റെ നിഷേധം

**നൂറ്റാണ്ടുകളുടെ വിശ്വാസപാരമ്പര്യമോ ചിട്ടപ്പെടുത്തിയ ആരാധനക്രമമോ സഭാപ്ര ബോധനങ്ങളുടെ പിൻബലമോ ഒന്നുമുള്ളവരായിരുന്നില്ല അവർ. എന്നിട്ടും ആദിമക്രൈസ്തവരുടെ വിശ്വാസസ്ഥൈര്യത്തെ അത്ഭുതപ്പെടുത്തുംവിധം അവർ പറയുന്നു, 'ഞങ്ങൾ ക്രിസ്ത്യാനികളായിത്തന്നെ ജീവിക്കും, മരിക്കുന്നതും ക്രിസ്ത്യാനികളായിത്തന്നെ ആയിരിക്കും.'**

എന്നിവയെല്ലാം വഴി നമ്മുടെ സഹോദരങ്ങൾക്ക് രക്തം ചൊരിയേണ്ടിവന്നു. കന്ദമാലിൽ ജീവൻ കൊടുത്തും രക്തംചൊരിഞ്ഞും ആത്മാഭിമാനം നഷ്ടപ്പെടുത്തിയും ക്രിസ്തുവിന്റെ നാമത്തെപ്രതി നിന്ദിക്കപ്പെട്ട 'ഇരുപത്തൊന്നാം നൂറ്റാണ്ടിലെ ഈ ആദിമ ക്രിസ്ത്യാനികളെ' നമുക്ക് മാതൃകയാക്കാം. സ്വന്തമെന്ന് പറയാവുന്ന എല്ലാം ക്രിസ്തുവിനോടുള്ള സ്നേഹത്തെ പ്രതി ഉച്ഛിഷ്ടംപോലെ കണക്കാക്കി ഇന്നും ക്രൈസ്തവജീവിതം നയിക്കുന്ന അവരുടെ വിശ്വാസത്തിന്റെ തീവ്രത നമ്മെ ലജ്ജിപ്പിക്കേണ്ടതല്ലേ? രക്തസാക്ഷികളുടെ ചുടുനിണം വീണിടമെല്ലാം വിശ്വാസത്തിന്റെയും മാനസാന്തരത്തിന്റെയും കോട്ടകളായി മാറുകതന്നെ ചെയ്യും!!

LAITY VOICE
Syro Malabar Major Archiepiscopal Church
Commission for Laity

കഴിഞ്ഞ ലക്കം തുടർച്ച...

# ക്രൈസ്തവ വിശ്വാസപ്രഖ്യാപനം

14

## ദൈവത്തിന്റെ ഏകജാതനായ യേശുക്രിസ്തുവിൽ ഞാൻ വിശ്വസിക്കുന്നു

### അധ്യായം രണ്ട്

**ഗദ്സെമനി തോട്ടത്തിലെ തീവ്രവേദനയിൽ എന്തു സംഭവിച്ചു?**

''ജീവന്റെ കർത്താവായ'' (അപ്പ.3:15) യേശുവിന്റെ പൂർണ്ണ വിശുദ്ധമായ മനുഷ്യത്വത്തെ സംബന്ധിച്ചിടത്തോളം മരണം ഭീകരതയുളവാക്കിയെങ്കിലും ദൈവപുത്രൻ, തന്റെ മനുഷ്യഹിതത്തെ നമ്മുടെ രക്ഷയ്ക്കായി പിതൃഹൃദയത്തോട് ഒന്നിപ്പിച്ചു. നമ്മുടെ പാപങ്ങൾ സ്വന്തം ശരീരത്തിൽ വഹിക്കാൻ സമ്മതിച്ചുകൊണ്ട് അവിടുന്ന് "മരണംവരെ അനുസരണമുള്ളവനായി" (ഫിലി.2:8).

**യേശുവിന്റെ കുരിശിലെ ബലിയുടെ ഫലങ്ങൾ ഏവ?**

യേശു തന്റെ ജീവൻ പാപപരിഹാരബലിയായി സ്വമേധയാ സമർപ്പിച്ചു. അതായത് മരണംവരെയുള്ള തന്റെ സ്നേഹത്തിന്റെ സമ്പൂർണ്ണ അനുസരണത്തിലൂടെ നമ്മുടെ പാപങ്ങൾക്ക് പരിഹാരം ചെയ്തു. ദൈവപുത്രന്റെ "അവസാനംവരെയുള്ള" (യോഹ.13:1) ഈ സ്നേഹത്തിലൂടെ മനുഷ്യരാശി മുഴുവനെയും പിതാവുമായി അനുരഞ്ജിപ്പിച്ചു. അതിനാൽ ക്രിസ്തുവിന്റെ പെസഹാബലി എല്ലാ മനുഷ്യരെയും അനന്യവും സമ്പൂർണ്ണവും സുനിശ്ചിതവുമായ രീതിയിൽ വീണ്ടെടുക്കുകയും അവരെ ദൈവവുമായുള്ള കൂട്ടായ്മയിലേയ്ക്കു പ്രവേശിപ്പിക്കുകയും ചെയ്യുന്നു.

**എന്തുകൊണ്ടാണ് യേശു തന്റെ ശിഷ്യന്മാരെ അവരവരുടെ കുരിശുകൾ എടുക്കുവാൻ ക്ഷണിക്കുന്നത്?**

തങ്ങളുടെ കുരിശുമെടുത്ത് തന്നെ അനുഗമിക്കുവാൻ (മത്താ.16:24) ശിഷ്യരെ വിളിച്ചുകൊണ്ട് യേശു തന്റെ രക്ഷാകരബലിയോട് അതിൽ നിന്ന് ആദ്യം ഫലം സ്വീകരിച്ചവരെ ബന്ധപ്പെടുത്താൻ ആഗ്രഹിക്കുന്നു.

**കല്ലറയിൽ ആയിരിക്കേ യേശുവിന്റെ ശരീരം ഏതു സ്ഥിതിയിലായിരുന്നു?**

ക്രിസ്തു ഒരു യഥാർത്ഥ മരണവും യഥാർത്ഥ കബറടക്കവും അനുഭവിച്ചു. എന്നാൽ ദൈവികശക്തി അവന്റെ ശരീരത്തെ ജീർണ്ണിക്കലിൽ നിന്ന് സംരക്ഷിച്ചു.

**''യേശുക്രിസ്തു പാതാളങ്ങളിലേയ്ക്കിറങ്ങി മരിച്ചവരുടെ ഇടയിൽ നിന്ന് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു''**

**യേശു ഇറങ്ങിയ "പാതാളം" എന്താണ്?**

പാതാളം ശിക്ഷിക്കപ്പെടുന്നവരുടെ നരകത്തിൽനിന്ന് വ്യത്യസ്തമാണ്. ക്രിസ്തുവിന്റെ മരണത്തിനുമുമ്പ് മരിച്ചുപോയ-ശിഷ്ടരുടെയും, ദുഷ്ടരുടെയും-അവസ്ഥയാണ് പാതാളം. തന്റെ ദൈവത്വത്തോട് ഐക്യപ്പെട്ട ദേഹിയുമായി യേശു പാതാളത്തിൽ, ദൈവദർശനത്തിലേയ്ക്ക് ഒടുവിൽ പ്രവേശിക്കുന്നതിന് തങ്ങളുടെ രക്ഷകനെ കാത്തിരുന്ന നീതിമാന്മാരുടെ അടുക്കലെത്തി. മരണത്തെയും "മരണത്തിന്റെമേൽ അധികാരമുള്ള" (ഹെബ്രാ.2:14) വനായ പിശാചിനെയും അവൻ തന്റെ മരണത്തിലൂടെ കീഴടക്കിയതിനുശേഷം, രക്ഷകനെ കാത്തിരുന്ന ആ നീതിമാന്മാരെ സ്വതന്ത്രരാക്കുകയും അവർക്കായി സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കുകയും ചെയ്തു.


**യേശുവിന്റെ ഉയിർപ്പ് നമ്മുടെ വിശ്വാസത്തിൽ എന്തു സ്ഥാനം അലങ്കരിക്കുന്നു?**

യേശുവിന്റെ ഉയിർപ്പ് നമുക്ക് ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ മകുടമായ സത്യമാണ്. കുരിശിനോടൊപ്പം അത് പെസഹാരഹസ്യ ത്തിന്റെ കാതലായ ഒരു ഭാഗത്തെ പ്രതിനിധീകരിക്കുന്നു.

**യേശുവിന്റെ ഉയിർപ്പിനെ സാക്ഷ്യപ്പെടുത്തുന്ന "അടയാളങ്ങൾ" ഏവ?**

ശൂന്യമായ കല്ലറ എന്ന അടിസ്ഥാന അടയാളത്തിനു പുറമെ യേശുവിനെ ആദ്യം കണ്ടുമുട്ടുകയും ശ്ലീഹന്മാരോട് പ്രഖ്യാപിക്കുകയും ചെയ്ത സ്ത്രീകളും യേശുവിന്റെ ഉത്ഥാനത്തിന് സാക്ഷ്യം നൽകുന്നു. യേശു "കേപ്പായ്ക്കും പിന്നീട് പന്ത്രണ്ടുപേർക്കും പ്രത്യക്ഷനായി. അതിനുശേഷം ഒരുമിച്ച് അഞ്ഞൂറിലധികം സഹോദരർക്ക് പ്രത്യക്ഷനായി" (1കോറി.15:5-6). ഒപ്പം വേറെയും ചിലർക്ക് പ്രത്യക്ഷനായി. യേശുവിന്റെ ഉയിർപ്പ് ശ്ലീഹന്മാരുടെ കണ്ടുപിടുത്തമല്ല. കാരണം, അവരെ സംബന്ധിച്ചിടത്തോളം അത് അസാദ്ധ്യമായിരുന്നു. കൂടാതെ യേശു അവരുടെ വിശ്വാസരാഹിത്യത്തേക്കുറിച്ച് അവരെ കുറ്റപ്പെടുത്തുകയും ചെയ്തിരുന്നു.

(തുടരും)



Mount St. Thomas, Kakkanad, Kochi 682 021
Correspondence: Pastoral Centre, P.B.No 22, Kanjirapally-686 007, Kottayam Dt. Kerala
Ph: +91 4828 203080, 9447355512, 0484 2424768, Fax: 04828 206022
Chief Editor: Adv. V. C. Sebastian, Secretary, Commission for laity
e-mail: laitycommission@gmail.com, syromalabarchurchlaity@gmail.com
Website: www.laitycommission.com
SHAIJU.CHACKO7@GMAIL.COM